# സ്നേഹപൂർവം മമ്മിക്ക്...

ഒരു ക്രൈസ്തവ യുവതിയുടെ സംശയങ്ങൾ

ജെഫ്രിൻ ജോൺ

# സ്നേഹപൂർവം മമ്മിക്ക്...

## ഒരു ക്രൈസ്തവ യുവതിയുടെ സംശയങ്ങൾ

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

DA'WA BOOKS

Malayalam | Study | Oru Kraisthava Yuvathiyude Samshayangal

ഒരു ക്രൈസ്തവ യുവതിയുടെ സംശയങ്ങൾ

Author : Geofrin John

First Edition : January 2011

**Price: Rs. 50.00**

Publisher | Distribution

Da'wa Books | Vyttila | Kochi - 19 | Kerala | India

Web: www.dawabooks.org | Email: dawabook@gmail.com

Cover: Primrose | Type Setting : Shabin | Printing : Anaswara Offset, Kochi

ISBN: 978-93-80442-15-0

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

മതത്തെ സംബന്ധിച്ച് വിഭിന്നങ്ങളായ കാഴ്ചപ്പാടുകൾ നിലനിൽക്കുന്നുണ്ട്. പരമ്പരാഗതമായി കിട്ടുന്ന വിശ്വാസാചാരങ്ങളെ മുറുകെപ്പിടിച്ച് പ്രത്യേകമായൊരു സമുദായക്കള്ളിയിൽ അടങ്ങിയൊതുങ്ങി ജീവിക്കുകയാണ് മതത്തിന്റെ താൽപര്യമെന്ന് കരുതുന്നവരുണ്ട്. മതത്തെ ഗൗരവതരമായ ഒരു ജീവിതദർശനമോ ജീവിതരീതിയോ ആയി മനസ്സിലാക്കുന്നവർക്കൊന്നും ഈ വീക്ഷണത്തെ പിന്തുണക്കാൻ കഴിയില്ല. മനുഷ്യന്റെ ജീവിതവിജയത്തിന്റെ അടിസ്ഥാനം തന്നെ, യഥാർഥത്തിൽ, അവൻ (അവൾ) തിരഞ്ഞെടുക്കുന്ന മതവിശ്വാസമാണ്. മരണാനന്തരമുള്ള സ്വർഗപ്രവേശനവും നരകമുക്തിയുമാണല്ലോ, മതങ്ങൾ വാഗ്ദാനം ചെയ്യുന്നത്. ദൈവമാണ് മനുഷ്യരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത്. ദൈവിക സ്വർഗത്തിലേക്കുള്ള മാർഗം ദൈവിക മതം മാത്രമായിരിക്കുകയാണ് യുക്തിയുടെ താൽപര്യം. ജനിച്ച കുടുംബത്തിന്റെ മതനിലപാടുകളെ അന്ധമായി പിന്തുടരുന്നതിന് പകരം യഥാർഥത്തിലുള്ള ദൈവികമതം ഏതെന്ന് അന്വേഷിച്ച് കണ്ടെത്തി അത് സ്വീകരിക്കാനുള്ള ബാധ്യത, അതുകൊണ്ടുതന്നെ, ചിന്തിക്കുന്ന ഓരോ മനുഷ്യനുമുണ്ട്. അത്തരമൊരന്വേഷണമാണ് ഈ പുസ്തകത്തിൽ നിർവഹിക്കപ്പെടുന്നത്.

ക്രിസ്തുമതം ദിവ്യപ്രോക്തമാണെന്ന് വിചാരിക്കുന്നവരാണ് ക്രിസ്ത്യാനികൾ. യേശു പ്രബോധനം ചെയ്തത് ക്രിസ്തുമതമാണെന്നും അവർ വിശ്വസിക്കുന്നു. മലയാളി ക്രിസ്ത്യൻ കുടുംബത്തിൽ നിന്നുള്ള ഒരു പെൺകുട്ടി, ഈ വിശ്വാസങ്ങളുടെ സത്യത പരിശോധിക്കുകയാണിവിടെ. ക്രിസ്തുമതത്തിന്റെ, പ്രത്യേകിച്ചും കത്തോലിക്കാ സഭയുടെ, വിശ്വാസപരമായ ഉള്ളടക്കത്തോട് ആശയപരമായി കലഹിച്ചുകൊണ്ട് ഗ്രന്ഥകർത്രി സ്വന്തം അമ്മക്കെഴുതിയ സുദീർഘമായ കത്തിന്റെ പുസ്തകാവിഷ്കാരമാണിത്. സ്നേഹവും മാതൃബഹുമാനവും തുളുമ്പി നിൽക്കുന്ന ലളിതഭാഷയിൽ ക്രിസ്തുമതത്തിനോട് താൻ വിയോജിക്കാനുള്ള കാരണങ്ങൾ വിശദീകരിക്കുന്നു. നിരന്തരമായ സത്യാന്വേഷണങ്ങൾ ക്രിസ്തുമതത്തിന് പുറത്തുള്ള യഥാർഥ യേശുമാർഗത്തിലേക്ക് ഗ്രന്ഥകാരിയെ നയിക്കുന്നു. ഹൃദയസ്പർശിയായ അനുഭവവിവരണം. മതതാരതമ്യപഠനത്തിനും സത്യാന്വേഷികൾക്കും ഈ പുസ്തകം മുതൽകൂട്ടാകുമെന്നാണ് ദഅ്വാ ബുക്സിന്റെ പ്രതീക്ഷ. പ്രപഞ്ചനാഥൻ അനുഗ്രഹിക്കട്ടെ.

**മാനേജർ**

# താളുകളിൽ


1. ഒരു ക്രൈസ്തവ യുവതിയുടെ സംശയങ്ങൾ ........................ 11
2. സഭയും വേദപുസ്തകവും: ഏത് ഏതിൽ നിന്നുണ്ടായി? .... 15
3. സുവിശേഷങ്ങളുടെ വിശേഷം ................................................ 21
4. ദൈവം ബൈബിളിലും ക്രിസ്തുമതത്തിലും .......................... 29
5. ഇവർ ഏകദൈവവിശ്വാസികളാണോ? ...................................... 39
6. മമ്മീ, ഇത് യേശുവിന്റെയോ ദൈവത്തിന്റെയോ മതമല്ല! ..... 55
7. ഒടുവിൽ, ഞാൻ സത്യം കണ്ടെത്തി... ........................................ 59
8. പ്രവാചകന്മാരെപ്പറ്റി ..................................................................... 66
9. യേശുവിന്റെ പിൻഗാമി................................................................ 77
10. സകല പ്രവാചകന്മാരുടെയും മതം ............................................ 81
11. കണിശമായ ഏകദൈവാരാധന ...................................................... 87
12. എനിക്ക് വേണ്ടത് നിത്യജീവൻ... ................................................ 93

# 1

# ഒരു ക്രൈസ്തവ യുവതിയുടെ സംശയങ്ങൾ

കുഞ്ഞുനാളിൽ മമ്മി എനിക്ക് യേശുവിന്റെയും മറിയത്തിന്റെയും വിശുദ്ധന്മാരുടെയുമൊക്കെ ഒത്തിരിയൊത്തിരി കഥകൾ പറഞ്ഞുതന്നിരുന്നു.എന്റെപാപങ്ങൾക്ക്വേണ്ടിയാണ്യേശു കുരിശിൽ കിടന്ന് വേദന കടിച്ചിറക്കി മരിച്ചുപോയത് എന്നൊക്കെ കേട്ട് അന്ന് ഞാൻ ഒരുപാട് സങ്കടപ്പെട്ടിട്ടുണ്ട്, കണ്ണീർവാർത്തിട്ടുണ്ട്. പക്ഷേ അപ്പോഴേക്കും എന്റെ കുഞ്ഞുമനസ്സിൽ സംശയത്തിന്റെ വിത്ത് പതിച്ചുകഴിഞ്ഞിരുന്നു. യേശു എങ്ങനെയാണ് എന്റെ പാപങ്ങൾ ചുമക്കുക? അന്ന് ഞാൻ ജീവിച്ചിട്ടു പോലുമില്ലല്ലോ! ഞാൻ വളരുന്നതിനനുസരിച്ച് ആ സംശയത്തിന്റെ മുകുളങ്ങളും വളർന്നുകൊണ്ടിരുന്നു.അത് വളർന്നു വലുതായി പന്തലിച്ച് ആശഴക്കുഴപ്പങ്ങളുടെ നിഴൽ മനസ്സിൽ വീഴ്ത്തി. ആ നിഴലുകൾ സദാ എന്നിൽ ഒരു തരം അസ്വസ്ഥത സൃഷ്ടിച്ചുകൊണ്ടേയിരുന്നു.

യു. പി. സ്കൂളിലായപ്പോൾ ഞാൻ ധ്യാനത്തിനൊക്കെ പോയിത്തുടങ്ങി. അപ്പോഴും സംശയങ്ങൾ ബാക്കിയുണ്ടായിരുന്നു . എങ്കിലും കേട്ടതെല്ലാം വിശ്വസിച്ചു. അതാണ് സത്യം എന്ന് മനസ്സിനെ ബോധ്യപ്പെടുത്താൻ കഠിനമായി ശ്രമിച്ചു. അങ്ങനെതന്നെ ജീവിച്ചു. ഒന്നും എന്തുകൊണ്ടാണെന്നു ചോദിച്ചില്ല. ദൈവവചനം സംശ

യിക്കാൻ പാടില്ലല്ലോ! മമ്മിക്കറിയാമല്ലോ, ആറാം ക്ലാസ്സ് മുതൽ M. C. A. വരെ എന്നും പുലർച്ചെ പള്ളിയിൽ പോയിട്ടുണ്ട് ഞാൻ. ദൈവത്തെക്കുറിച്ച് അറിയാനും കൂടുതൽ പഠിക്കാനുമുള്ള ആഗ്രഹം കൊണ്ട് മാത്രമാണ് ക്വിസ്സിനൊക്കെ പങ്കെടുത്തത്. മറ്റെന്ത് കാര്യത്തിൽ മുമ്പിലെത്തുന്നതിനേക്കാളും എനിക്കിഷ്ടം ദൈവികകാര്യങ്ങളിൽ ഒന്നാംസ്ഥാനത്ത് എത്തുന്നതായിരുന്നു.

ദൈവവിശ്വാസത്തിലെ പൊരുത്തക്കേടുകൾ അന്നേ മനസ്സിനെ മഥിച്ചിരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ സത്തയിലെ വിവിധ ആളത്വങ്ങളല്ലേ! അങ്ങനെയെങ്കിൽ പിതാവെന്നു പറഞ്ഞു പ്രാർഥിച്ചാൽ തന്നെ അത് പുത്രനെ വിളിക്കുന്നതിനും പരിശുദ്ധാത്മാവിനെ വിളിക്കുന്നതിനും തുല്യമാണല്ലോ! അതുകാരണം യേശുവിനോട് മാത്രമേ ഞാൻ പ്രാർഥിച്ചിരുന്നുള്ളൂ. ഒരുപക്ഷേ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ള വാചകവും ഈ പ്രാർഥനയുൾക്കൊള്ളുന്നതായിരിക്കും, Jesus I love you എന്ന്. കൊച്ചങ്കിൾ തന്ന ഒരു പ്രാർഥനാപുസ്തകം കൂടെ കൊണ്ടു നടക്കുകയായിരുന്നു, അന്നൊക്കെ. ഹോസ്റ്റലിലായിരുന്നപ്പോഴും ഞാൻ എന്നും അതിലെ പ്രാർഥനകൾ ചൊല്ലുമായിരുന്നു. മുടങ്ങാതെ ആവർത്തിച്ചിരുന്ന പ്രാർഥനാവചനങ്ങൾ ഇവയായിരുന്നു.

- ☞ Jesus, how often I think that I am too busy to pray! My days are overloaded! And yet, Jesus, I love you!
- ☞ Jesus, You surely don't expect me to be so preoccupied. How could I not have the time to think of you?
- ☞ You are always at my side.
- ☞ Jesus, You alone are my strength, my courage, my support.
- ☞ I want to make a habit, Jesus, of speaking toYou as a Friend, to confide my joys and sorrows.
- ☞ And so, from the bottom of my heart, I want to say simply: Jesus, I love you!
- ☞ When I am tired, help me still to say: Jesus, I love you!
- ☞ When I find it hard to forgive, I need only to repeat: Jesus, I love you!

- ☞ When darkness comes on me, and I dont know where You are, I will call on You, and say: Jesus, I love you!
- ☞ My daily task will become easier, and my work will become a prayer which says: Jesus, I love you!
- ☞ What trouble can shake me, what suffering overcome me, if I can always repeat: Jesus, I love you!
- ☞ For the joys You give me, for the graces You shower on me, my Thank You will always be: Jesus, I love you!
- ☞ And simply to please You, for no other reason, let me often say: Jesus, I love you!
- ☞ And when the evening of my life comes, and You invite me home, let me say for one last time here below, before I depart: Jesus, I love you!

പള്ളിയിൽ കൊത്തിവെച്ചിട്ടുള്ള രൂപങ്ങളോടൊന്നും പക്ഷേ, അന്നും എനിക്ക് താൽപര്യം ഉണ്ടായിരുന്നില്ല. രൂപങ്ങളോടുള്ള താൽപര്യമില്ലായ്മ കാരണം ദുഃഖവെള്ളിയാഴ്ചയിലെ കുരിശുചുംബനം പോലും എന്നിൽ മനംപിരട്ടലുണ്ടാക്കി. പക്ഷേ മമ്മി പറയുന്നത് കൊണ്ടു മാത്രം അതെല്ലാം ഒരു വഴിച്ചടങ്ങായി നിർവഹിച്ചു പോന്നു. മാതാവിനോട് പ്രാർഥിക്കുകയാണെങ്കിൽ തന്നെ 'യേശുവിനോട് ഉദ്ദിഷ്ടകാര്യം സാധിച്ചു തരാൻ പ്രാർഥിക്കണേ' എന്നാവശ്യപ്പെട്ടായിരുന്നു. കാരണം ഞാൻ പ്രാർഥിക്കുന്നതും ആരാധിക്കുന്നതും ദൈവത്തെയല്ലാതെ ആരേയുമാകാൻ പാടില്ല എന്നെനിക്ക് നിർബന്ധമുണ്ടായിരുന്നു.

മനസ്സിൽ എന്നോടൊപ്പത്തിനൊപ്പം വളർന്നുകൊണ്ടിരുന്ന സംശയങ്ങളുടെ ഭാണ്ഡക്കെട്ടുകൾ ഞാൻ മമ്മിക്കു മുമ്പിൽ തുറക്കട്ടെ... ഇവയ്ക്കെല്ലാം തൃപ്തികരമായൊരു മറുപടി മമ്മിക്കെന്നല്ല ലോകത്തുള്ള സഭാധ്യക്ഷന്മാർ മുഴുവൻ ഒന്നിച്ചു കൂടിയിരുന്ന് ആലോചിച്ചാലും തരാൻ കഴിയില്ല എന്ന് എനിക്കറിയാം. എങ്കിലും മമ്മിയുടെ മുമ്പിലെങ്കിലും ഇതൊന്ന് ഇറക്കിവെക്കാതെ ഒരു നിമിഷം പോലും എനിക്ക് ജീവിക്കാൻ വയ്യ.

# 2

# സഭയും വേദപുസ്തകവും: ഏത് ഏതിൽ നിന്ന്?

അവിചാരിതമായാണ് ഡാൻ ബ്രൗണിന്റെ ചില പുസ്തകങ്ങൾ വായിക്കാനിടയായത്. നോവൽ മാത്രമായിരുന്നെങ്കിലും അതിലെ വരികൾ എന്നെ അത്ഭുതപ്പെടുത്തി. തോമസിന്റെ സുവിശേഷം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് നമ്മുടെ ബൈബിളിൽ അതു കാണുന്നില്ല? ആദ്യമായി ഇത്രയും ദൂരം വന്നു സുവിശേഷ പ്രഘോഷണം നടത്തിയ അദ്ദേഹത്തിന്റെ സുവിശേഷം എന്തുകൊണ്ട് ഉൾപെടുത്തിയില്ല? പിന്നീട് വായിച്ചു, ബർണബാസ്, ഫിലിപ് അങ്ങനെ പലരും സുവിശേഷം എഴുതിയിട്ടുണ്ടെന്ന്; മറ്റുപലരും ലേഖനങ്ങളും. ഒന്നാലോചിച്ചപ്പോൾ യേശുവിനെ കണ്ടിട്ടു പോലുമില്ലാത്ത ലൂക്ക സുവിശേഷം എഴുതിയെങ്കിൽ യേശുവിന്റെ സ്വന്തം അപ്പോസ്തലന്മാർ എന്തായാലും എഴുതിക്കാണുമല്ലോ എന്നായി ചിന്ത. അപ്പോൾ അവയൊക്കെ എവിടെ പോയി? പഠിക്കുംതോറും സംശയങ്ങൾ കൂടിക്കൂടി വരുന്നു, സന്ദേഹങ്ങൾ വർധിച്ചു വരുന്നു. ഒടുവിൽ ഞാൻ തീരുമാനമെടുത്തു, സത്യം അറിയണം, അറിഞ്ഞേ പറ്റു. ഞാനീ കൊണ്ടുനടക്കുന്ന- വിശുദ്ധഗ്രന്ഥമായി കണക്കാക്കുന്ന- ബൈബിൾ ആര് എപ്പോൾ എഴുതിയതാണ്? അത് എങ്ങനെ ഉണ്ടായി?

സംശയങ്ങളെല്ലാം സ്വയംചോദിച്ച് ഉത്തരം കണ്ടെത്താനായിരു

ന്നു ശ്രമം. പക്ഷേ പലതിനും എനിക്കുത്തരം കിട്ടിയില്ല; മാത്രമല്ല, അന്വേഷിക്കുംതോറും അടുത്ത സംശയം ഉദിക്കുകയായി. മമ്മിക്കറിയാമോ, താഴെയുള്ള ചോദ്യങ്ങൾ കൊണ്ട് എന്റെ മനസ്സ് അസ്വസ്ഥമാവാൻ തുടങ്ങിയിട്ട് ഒരുപാട് നാളായി. ഊണിലും ഉറക്കിലും നടത്തത്തിലും ഇരുത്തത്തിലുമെല്ലാം ഇതെന്നെ വേട്ടയാടുന്നു. കാരണം ഞാനൊരു തികഞ്ഞ ഭക്തയാണ്. ദൈവമാണ് എന്റെ എല്ലാം.

♦ ബൈബിൾ യേശു എഴുതിയതാണോ?

♦ അല്ല എങ്കിൽ, ദൈവം പറഞ്ഞുകൊടുത്തതാണോ?

♦ ദൈവനിവേശിതമാണ് എന്നാണ് ഉത്തരമെങ്കിൽ ദൈവനിവേശിതമെന്നാൽ എന്താണ്? ദൈവത്തിന്റെ പ്രേരണയോടെ മനുഷ്യൻ എഴുതിയത് എന്നല്ലേ?

♦ ദൈവനിവേശിതമെങ്കിൽ ബൈബിളിൽ എങ്ങനെ പൊരുത്തക്കേടുകൾ സംഭവിച്ചു?

♦ ബൈബിൾ ഒരാൾ എഴുതിയതാണോ?

♦ അല്ലെങ്കിൽ പിന്നെ എങ്ങനെ ഒറ്റ പുസ്തകമായി?

♦ പല ഭാഗങ്ങളായി കിട്ടി ഒരുമിച്ചാക്കിയതെങ്കിൽ എത്ര പുസ്തകമാണ് കിട്ടിയത്?

♦ എല്ലാ പുസ്തകവും നമ്മുടെ ബൈബിളിൽ ഉണ്ടോ?

♦ ഇല്ലെങ്കിൽ എന്തുകൊണ്ട്?

♦ ആരാണ് ഇത് തിരഞ്ഞെടുത്തത്?

♦ എത്ര ബൈബിൾ ഉണ്ട്? (കത്തോലിക്കർക്ക് വേറെ. പ്രൊട്ടസ്റ്റന്റുകാർക്ക് വേറെ. ലൂഥറൻ സഭക്ക് വേറെ... അങ്ങനെ പോകുന്നു)

♦ സുവിശേഷങ്ങൾ നാലെണ്ണമേ നിലവിലുള്ളൂ? എങ്കിൽ, ബർണബാസ് എഴുതിയ സുവിശേഷം, ഫിലിപ് എഴുതിയ സുവിശേഷം, തോമസ് എഴുതിയ സുവിശേഷം... തുടങ്ങിയവയെല്ലാമെവിടെ?

♦ 'ചില കയ്യെഴുത്തുപ്രതികളിൽ ഇതു കൂടെ കാണുന്നു', 'ചില കയ്യെഴുത്തുപ്രതികളിൽ ഇത് കാണുന്നില്ല' എന്നൊക്കെയുള്ള അടിക്കുറിപ്പുകൾ വായിക്കുമ്പോൾ ഉറപ്പല്ലേ, സുവിശേഷത്തിന്റെ/ലേഖനങ്ങളുടെ വേറേയും പ്രതികൾ ഉണ്ടായിരുന്നു എന്ന്?

♦ ആദ്യം രൂപം കൊടുത്ത ബൈബിളിൽ എത്ര പുസ്തകങ്ങൾ ഉണ്ടായിരുന്നു? 88? 80? 73? അതോ 66?

♦ എന്ത് മാനദണ്ഡം വെച്ചാണ് ചില പുസ്തകങ്ങൾ മാത്രം ഒഴിവാക്കിയത്?

♦ക്രിസ്തുമതത്തിലെ വിഭാഗീയത വിശ്വാസത്തിന്റെ പേരിലാണെങ്കിൽ എന്തുകൊണ്ട് പലർക്കും പല ബൈബിൾ?

♦ഏതാണ് യഥാർഥത്തിൽ പിന്തുടരേണ്ട ദൈവവചനം?

♦പഴയനിയമം ഹീബ്രുവിലും, പുതിയനിയമം ഗ്രീക്കിലുമാണ് രചിക്കപ്പെട്ടത്(പഴയനിയമത്തിലെ ഗ്രീക്ക്ഭാഷയിൽഎഴുതിയ ചില പുസ്തകങ്ങൾ ആദ്യമൊക്കെ അപ്പോക്രിഫ ആയി പരിഗണിച്ചിരുന്നെങ്കിലും പതിനഞ്ചാം നൂറ്റാണ്ടിൽ കാനോനികമായി പ്രഖ്യാപിക്കുകയായിരുന്നു). യഥാർഥത്തിൽ ബൈബിൾ എഴുതപ്പെട്ടത് ഏതു ഭാഷയിലാണ്?

♦ഹീബ്രുവിൽ നിന്നും തർജമ ചെയ്ത് വേറേ ഭാഷയിൽ ആക്കിയബൈബിളിന്റെ എല്ലാ വിവർത്തനങ്ങളും ശരിയായിരുന്നോ? ഇല്ലെങ്കിൽ മൂലതർജമയിൽ നിന്നും മറ്റു ഭാഷകളിലേക്ക് മാറ്റുന്ന എല്ലാ വിവർത്തനങ്ങളിലും ആ തെറ്റുകൾ ആവർത്തിക്കപ്പെടില്ലേ?

♦ബൈബിൾ ദൈവത്തിന്റെവചനമാണെങ്കിൽ ദൈവം തന്നെ അതിനെ പൊരുത്തക്കേടുകളിൽ നിന്നും തർക്കങ്ങളിൽ നിന്നും സംരക്ഷിക്കുമായിരുന്നില്ലേ? എന്നിട്ടും അതിൽ എന്തുകൊണ്ട് ഇത്രമാത്രം പൊരുത്തക്കേടുകൾ?

ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനേകം ചോദ്യങ്ങളാൽ എന്റെ മനസ്സ് പ്രക്ഷുബ്ധമായി. ബൈബിളിന്റെ ചരിത്രവും അതിന്റെ വികാസപരിണാമങ്ങളും പഠനവിധേയമാക്കാൻ പ്രേരിപ്പിച്ചത് ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം തേടലായിരുന്നു. പക്ഷെ, ബൈബിളിലെ വൈരുധ്യങ്ങളേക്കാൾ പ്രശ്നങ്ങൾ നിറഞ്ഞതായിരുന്നു അതിന്റെ ചരിത്രം എന്ന തിരിച്ചറിവിലേക്കാണ് പഠനം കൊണ്ടെത്തിച്ചത്. ബൈബിളിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ഞാൻ മനസ്സിലാക്കിയ വസ്തുതകൾമമ്മിയുമായി പങ്കുവെയ്ക്കാം. ദൈവനിവേശിത വിശുദ്ധവേദഗ്രന്ഥമെന്ന പദവിക്ക് എത്രമാത്രം യോഗ്യമാണ് അതെന്ന് മമ്മി സ്വയം തീരുമാനിക്കുക.

ബൈബിളിന് പല പതിപ്പുകൾ ഉണ്ടെങ്കിലും അവയിൽ പ്രാഥമികമായിട്ടുള്ളത് എട്ടെണ്ണമാണ്:

⇨ Septuagint - 250 CE (ഗ്രീക്ക്)

⇨ Vulgate-400 CE AD (ലാറ്റിൻ)(കാർതേജിലെ കൗൺസിലിൽ വച്ച് കാനോനികമായി പ്രഖ്യാപിച്ചു)

⇨ ലൂഥറിന്റെ ജർമൻ ബൈബിൾ- 1534 CE

⇨ King James Version -1611 CE

- ⇨ Revised Standard Version-1952 CE
- ⇨ New International Version-1960s & 70s CE
- ⇨ Jerusalem Bible-1966 CE
- ⇨ New Revised Standard Version-1990 CE

**ബൈബിൾ പതിപ്പുകൾ എങ്ങനെ ഉണ്ടായി?**

♦ഇംഗ്ലീഷ് ഭാഷയിൽ എഴുതപ്പെട്ട ആദ്യത്തെ കയ്യെഴുത്തുപ്രതി AD 1380ൽ രചിച്ച ജോൺ വൈക്ലിഫിന്റെതാണ് (oxford professor). അന്നു നിലവിലുണ്ടായിരുന്ന ഒരേയൊരു വിവർത്തനമായ ലാറ്റിൻ വുൽഗാതയിൽ നിന്നുമാണ് ഇത് വിവർത്തനം ചെയ്തത്.

♦ജോൺ വൈക്ലിഫിന്റെ പരിഭാഷയിലും അധ്യാപനത്തിലും അസ്വസ്ഥനായ പോപ്പ്, അദ്ദേഹം മരണപ്പെട്ട് 44 വർഷങ്ങൾക്കു ശേഷം, അദ്ദേഹത്തിന്റെ എല്ലുകൾ കുഴിച്ചെടുത്ത് നദിയിലൊഴുക്കാൻ കല്പിച്ചു. (സാധാരണ ജനങ്ങളുടെ ഭാഷയിൽ ബൈബിൾ തർജമ ചെയ്യുന്നതിനെ പോപ്പ് ഭയപ്പെട്ടിരുന്നു എന്നർഥം)

♦ജോൺ വൈക്ലിഫിന്റെ അനുയായികളിൽ ഒരാളായ ജോൺ ഹൂസ്, ജനങ്ങൾക്ക് അവരുടെ മാതൃഭാഷയിൽ ബൈബിൾ ലഭ്യമാക്കണം എന്നും, ലാറ്റിനേതര ഭാഷയിൽ ബൈബിൾ കൈവശമുള്ളവരെ കൊലപ്പെടുത്തുന്ന റോമൻ കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ നിർത്തലാക്കണം എന്നുമുള്ള ജോൺ വൈക്ലിഫിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു.

♦AD 1415ൽ ജോൺ ഹൂസ്, വൈക്ലിഫിന്റെ കയ്യെഴുത്തുപ്രതികളോടൊപ്പം ദഹിപ്പിക്കപ്പെട്ടു. "100 വർഷത്തിൽ ദൈവം ഒരുവനെ അയക്കും. അവന്റെ പുരോഗമനപ്രവർത്തനങ്ങൾ ആർക്കും മൂടിവെയ്ക്കാനാവില്ല." ഇതായിരുന്നു ഹൂസിന്റെ അന്ത്യവചനങ്ങൾ. ഏകദേശം 100 വർഷത്തിനു ശേഷം AD 1517ൽ മാർട്ടിൻ ലൂതർ ജർമൻ ഭാഷയിൽ ബൈബിൾ പരിഭാഷപ്പെടുത്തി.

♦അതേവർഷം, തങ്ങളുടെ മക്കളെ കർതൃപ്രാർഥന ലാറ്റിൻ ഭാഷയിൽ പഠിപ്പിക്കുന്നതിനു പകരം ഇംഗ്ലീഷിൽ പഠിപ്പിച്ചതിനു 7 പേരെ റോമൻ കത്തോലിക്കാ സഭ ദഹിപ്പിച്ചു.

♦1490ൽ ഓക്സ്ഫഡ് സർവകലാശാലയിലെ പ്രൊഫസറും ഹെൻറി ഏഴാമന്റെയും എട്ടാമന്റെയും വൈദ്യനുമായ തോമസ് ലിനാകർ ഗ്രീക്ക് ഭാഷ പഠിച്ചു. ഗ്രീക്ക് ഭാഷയിൽ സുവിശേഷം വായിച്ച ശേഷം തന്റെ ഡയറിയിൽ ഇപ്രകാരം എഴുതി: "ഒന്നുകിൽ ഇതു (ഗ്രീക്ക് മൂലരൂപം) സുവിശേഷം അല്ല; അല്ലെങ്കിൽ നമ്മൾ ക്രിസ്ത്യാനികൾ അല്ല." ലാറ്റിൻ വിവർത്തനത്തിലെ കൃത്രിമം കാരണം

സുവിശേഷത്തിന്റെ യഥാർഥ സന്ദേശം നിലനില്ക്കുന്നില്ല എന്ന് മാത്രമല്ല, ലാറ്റിനേതര ഭാഷയിൽ ബൈബിൾ സൂക്ഷിച്ചവരെ സഭ വധിക്കുകയും ചെയ്യുന്നു; ലാറ്റിൻ വേദങ്ങളുടെ മൂലഭാഷ അല്ലാതിരുന്നിട്ട് പോലും.

♦ലണ്ടൻ മേയറിന്റെ മകനും ഓക്സ്ഫഡ് സർവകലാശാലയിലെ പ്രൊഫസറുമായ ജോൺ കോലെറ്റ് 1496ൽ അദ്ദേഹത്തിന്റെ വിദ്യാർഥികൾക്കായും, പിന്നീട് St.Paul കത്തീഡ്രലിലെ ജനങ്ങൾക്കായും, പുതിയനിയമം ഗ്രീക്കിൽ നിന്നും ഇംഗ്ലീഷിലേക്കു തർജമ ചെയ്തു.

♦ലിനാകറിന്റേയും കോലറ്റിന്റേയും അനുഭവങ്ങളിൽനിന്ന് കൈകൊണ്ട ഊർജവുമായി എറാസ്മസ് എന്ന പണ്ഡിതൻ 1516ൽ ഗ്രീക്ക്-ലാറ്റിൻ സമാന്തര പുതിയനിയമം രൂപപ്പെടുത്തി. ലാറ്റിൻ ഭാഗം കളങ്കപ്പെട്ട വുൽഗാതയിൽ നിന്നായിരുന്നില്ല, പകരം അന്നു ലഭ്യമായ ഏറ്റവും പൂർണമായ ഗ്രീക്ക് മൂലത്തിൽ നിന്നായിരുന്നു. അതായിരുന്നു ലാറ്റിൻ വുൽഗാതയിൽ നിന്നല്ലാതെ പരിഭാഷപ്പെടുത്തിയ ആദ്യത്തെ പുതിയനിയമ ഗ്രന്ഥം. ലാറ്റിൻ വുൽഗാതയെ ആശ്രയിക്കാതെ പിറകിലേക്ക് പോയി ഗ്രീക്ക് മൂലരൂപത്തിൽ നിന്നും സാധാരണ ജനങ്ങൾക്കായി അവരുടെ സംസാരഭാഷയിൽ പുതിയനിയമം പരിഭാഷപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ അദ്ദേഹത്തിന്റെ ഈ 'നിയമനിഷേധ'ത്തിനും യാതൊരു ദാക്ഷിണ്യവും റോമൻസഭയിൽ നിന്നും ലഭിച്ചില്ല.

♦1516ലെ എറാസ്മസിന്റെ പതിപ്പിനെ ആധാരമാക്കിക്കൊണ്ട് വില്ല്യം ടിൻഡെയിൽ പുതിയനിയമത്തിന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കി. ടിൻഡെയിലിനെ അറസ്റ്റ് ചെയ്യുവാനും അദ്ദേഹത്തിന്റെ ശ്രമങ്ങളെ ഇല്ലയ്മ ചെയ്യാനുമായി പല നീക്കങ്ങളും ഉണ്ടായെങ്കിലും ദൈവം അവരുടെ പദ്ധതികളെയെല്ലാം മറ്റിമറിച്ചതുകൊണ്ട് 1525-1526ൽ ടിൻഡെയിലിന്റെ പുതിയനിയമം ഇംഗ്ലീഷ് ഭാഷയിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ വേദഗ്രന്ഥമായി. ഇതറിഞ്ഞ ബിഷപ് അവയൊക്കെയും തീയിലെറിഞ്ഞു. എത്രത്തോളം എതിർക്കപ്പെട്ടോ അത്രത്തോളം ശക്തമായി അതു പ്രചരിച്ചു. അതിൽ ധാരാളം തെറ്റുകൾ ഉള്ളതുകൊണ്ടാണ് അവ നശിപ്പിക്കുന്നതെന്നാണ് കാരണം പറഞ്ഞത്. ടിൻഡെയിലിന്റെ വിലക്കപ്പെട്ട പുസ്തകം കൈവശമുള്ളവർക്കുള്ള ഫലം വധശിക്ഷയായിരുന്നു.

♦ദണ്ഡവിമോചനം, ശുദ്ധീകരണ സ്ഥലത്ത് നിന്നുള്ള മോചനം എന്നീ കാരണങ്ങൾ പറഞ്ഞ്, സാധാരണജനങ്ങളിൽ നിന്നും പിരിവുനടത്തിയിരുന്ന സഭക്ക് ഇത് വലിയ തിരിച്ചടിയായി. കാരണം, മാർട്ടിൻ ലൂഥറിന്റെ 95 കാര്യങ്ങളടങ്ങുന്ന പ്രബന്ധം, സാധാരണക്കാരു

ടെ ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ട വേദപുസ്തകം എന്നിവ സഭയുടെ വരുമാനം കുറക്കും എന്നതു തന്നെ. ദൈവത്തിന്റെ വചനവും പുരോഹിതർ പഠിപ്പിച്ചതും തമ്മിലുള്ള പൊരുത്തക്കേടുകൾ ജനങ്ങളുടെ കണ്ണുതുറപ്പിച്ചു. വിശ്വാസത്തിലൂടെയാണ് രക്ഷ; സംഭാവനയിലൂടെയല്ല എന്നവർ മനസ്സിലാക്കി. കാനോനികമായി പ്രഖ്യാപിക്കപ്പെട്ട, മറിയത്തിന്റേയും വിശുദ്ധന്മാരുടേയും വണക്കം ചോദ്യം ചെയ്യപ്പെട്ടു. ഇംഗ്ലീഷിൽ ലഭ്യമായ വേദപുസ്തകമായിരുന്നു അന്നു സഭയുടെ ഏകശത്രു. എന്നാൽ ടിൻഡെയിൽ ബൈബിളിന്റെ ഏറ്റവും വലിയ ഉപഭോക്താക്കൾ രാജസേവകന്മാർ തന്നെയായിരുന്നു; അവ നശിപ്പിക്കാൻ. 1536ൽ ടിൻഡെയിൽ തീയിൽ എറിയപ്പെടുന്നതിനു 500 ദിവസം മുമ്പ് അദ്ദേഹം ജയിലിൽ അടക്കപ്പെട്ടു. “ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണ് തുറപ്പിക്കേണമേ...” എന്ന അദ്ദേഹത്തിന്റെ പ്രാർഥനയുടെ സഫലീകരണമെന്നോണം മൂന്നു വർഷങ്ങൾക്ക് ശേഷം 1539ൽ ഹെൻറി എട്ടാമൻ തന്നെ Great Bible എന്ന പേരിൽ ബൈബിൾ പ്രസിദ്ധീകരിക്കുകയും അതിന് വേണ്ട ധനസഹായം ചെയ്തുകൊടുക്കുകയും ചെയ്തു.

♦നാലാം നൂറ്റാണ്ടു വരെ സഭ അപ്പോക്രിഫ പുസ്തകങ്ങളെ വേദഗ്രന്ഥത്തോടൊപ്പം അംഗീകരിച്ചിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടിലാണ് മക്കബായരുടെ പുസ്തകം ഉൾപടെ കാനോനികമായി പ്രഖ്യാപിച്ചത്.

ബൈബിൾ ദൈവികമാണോ അതല്ല മാനുഷികമായ വല്ല കൈകടത്തലുകളും അതിൽ നടന്നിട്ടുണ്ടോ എന്ന വിഷയത്തിലേക്ക് വിരൽചൂണ്ടുന്ന ഏതാനും വസ്തുതകളാണ് മുകളിൽ ചേർത്തത്. എന്റെ വിശദീകരണങ്ങൾ ആവശ്യമില്ലാതെ തന്നെ അക്കാര്യത്തിലൊരു തീർപെത്താൻ മമ്മിക്ക് സാധിക്കും. മരണാനന്തരരക്ഷയെ സംബന്ധിക്കുന്ന വിഷയങ്ങളെകേവലം ബന്ധങ്ങളുടെയും കേട്ടുകേൾവിയുടേയും പിൻബലത്തിൽ നിഷേധിക്കാതിരിക്കാനും മതപരമായ വിശ്വാസങ്ങളെ ലാഘവബുദ്ധിയോടെ സമീപിക്കാതിരിക്കാനുമുള്ള ആർജവം ദൈവം നമുക്ക് പ്രദാനം ചെയ്യട്ടെ! കുഞ്ഞുനാളുമുതലേ ഉരുവിട്ടു പഠിച്ച ഒരു ബൈബിൾ വചനമാണ് ഇതെഴുതുമ്പോൾ മനസ്സിലേക്കോടിയെത്തുന്നത്.

“തങ്ങളുടെ ആലോചനകളെ കർത്താവ് കാണാതെ അഗാധത്തിൽ ഒളിച്ചുവെക്കുകയും തങ്ങളുടെ പ്രവൃത്തികൾ അന്ധകാരത്തിൽ നടത്തുകയും ഞങ്ങളെ ആർ കാണും, ഞങ്ങളെ ആർ അറിയും എന്ന് ചോദിക്കുകയും ചെയ്യുന്നവർക്ക് ദുരിതം.” (ഏശയ്യാ 29:15,16)

# 3

# സുവിശേഷങ്ങളുടെ വിശേഷം

ബൈബിളിനെ മൊത്തമായെടുത്തുള്ള ഒരു പഠനമാണ് ഇതുവരെ നടത്തിയത്. അതിന്റെ ചരിത്രവും വികാസവും ഉൾപിരിവുകളുമെല്ലാം ചെറുതായൊന്നു സൂചിപ്പിച്ചുകഴിഞ്ഞു. സുവിശേഷങ്ങളെക്കുറിച്ച് മാത്രമായൊന്ന് വിലയിരുത്താനാണിനി ശ്രമിക്കുന്നത്. മമ്മിക്കറിയാമല്ലോ, സുവിശേഷങ്ങളെക്കുറിച്ച് പഠനം നടത്തിയാൽ കൂടുതൽ സംശയങ്ങളിലേക്കും അതുവഴി വിശ്വാസഭ്രംശത്തിലേക്കുമാണെത്തിച്ചേരുക. അത്രമാത്രം വൈരുധ്യങ്ങളും വാസ്തവവിരുദ്ധഭാഗങ്ങളും കൊണ്ട് 'സമ്പന്ന'മാണത്. Gospel എന്ന വാക്കിനർഥം സുവിശേഷം,നല്ലവിശേഷം എന്നൊക്കെയല്ലേ? അപ്പോൾ സുവിശേഷം യേശു പറഞ്ഞ വാക്കുകൾ ആയിരിക്കില്ലേ? മുപ്പതാം വയസ്സിൽ പരസ്യമായി ദൈവവചന പ്രഘോഷണം തുടങ്ങിയ യേശുവിന്റെ പൂർവകാലജീവിതം മുപ്പത് വയസ്സിനു ശേഷം മാത്രം കണ്ട ശിഷ്യന്മാർക്ക് എങ്ങനെ അറിയാം? യേശുവിന്റെ ജനനം മുതലുള്ള കാര്യങ്ങൾ അന്നേ ആരെങ്കിലും രേഖപ്പെടുത്തി എന്നു കരുതാൻ മാത്രം പ്രാധാന്യം യേശുവിന് അന്നുണ്ടായിരുന്നില്ല എന്നു വ്യക്തമാണ്. യേശുവിന്റെ ജന്മദിനം ആരാണ് രേഖപ്പെടുത്തിയത്? ഇങ്ങനെ നോക്കുമ്പോൾ സുവിശേഷങ്ങളുടെ അസ്തിവാരം തന്നെ പണിതിരിക്കുന്നത് സങ്കൽപങ്ങ

ളിലാണെന്ന് കാണാം. അപ്പോസ്തലന്മാരുടെ പ്രബോധനങ്ങളും സഭയിൽ നിലനിന്നിരുന്ന പാരമ്പര്യങ്ങളുമാണ് പുതിയ നിയമഗ്രന്ഥങ്ങൾക്ക്രൂപം കൊടുത്തത്. ഇതിനെക്കുറിച്ച് അൽപകാര്യങ്ങൾ വിശദീകരിക്കേണ്ടതുണ്ട്.

● മാർക്കോസ് (AD 65-70): പലസ്തീനയക്കാരല്ലാത്ത വിജാതീയ ക്രിസ്ത്യാനികൾക്ക് വേണ്ടി AD 75നും 90നും ഇടയ്ക്കു രചിക്കപ്പെട്ടു എന്നു കരുതുന്നു.

● മത്തായി (AD 70-80): മാർക്കോസിന്റെ സുവിശേഷത്തെ അവലംബിച്ച് കൊണ്ട് രചിച്ചു. അതിനു പുറമേ Q എന്ന ഉറവിടവും കാണാം. ഗിരിപ്രഭാഷണവും സമതലപ്രഭാഷണവും Qവിൽ നിന്നെടുത്തിട്ടുള്ളതാണ്. യഹൂദ ക്രൈസ്തവർക്ക് വേണ്ടി രചിക്കപ്പെട്ടു.

● ലൂക്കാ (AD 70-80): മാർക്കോസിന്റെ സുവിശേഷത്തെ അവലംബിച്ച് കൊണ്ട് രചിച്ചു. അതിനു പുറമെ Q എന്ന ഉറവിടവും കാണാം. ഗിരിപ്രഭാഷണവും സമതലപ്രഭാഷണവും Qവിൽ നിന്നെടുത്തിട്ടുള്ളതാണ്. വിജാതീയ ക്രിസ്ത്യാനികൾക്ക് വേണ്ടി രചിച്ചു.

● യോഹന്നാൻ (AD 95): യേശു കർത്താവാണ് എന്ന് ജനങ്ങൾ വിശ്വസിക്കാൻ (20:30-31) വേണ്ടി എഴുതപ്പെട്ടു.

● AD 50നും 65നും ഇടയ്ക്കു പൗലോസ് അയച്ച ലേഖനങ്ങളാണ് പുതിയനിയമത്തിൽ ആദ്യം രൂപം കൊണ്ട പുസ്തകങ്ങൾ. എന്നാൽ റോമ, 1 കോറിന്തോസ്, 2 കോറിന്തോസ്, 1 തെസ്സലോനിക്ക, 2 തെസ്സലോനിക്ക, ഗലാത്തിയ, ഫിലിപ്പി എന്നിവ ഒഴികെയുള്ള ലേഖനങ്ങൾപൗലോസിന്റെതാണോ എന്ന കാര്യത്തിൽ ഇന്നും തർക്കമുണ്ട്. ലേഖനങ്ങൾ പലതും അപ്പോസ്തലന്മാരുടെ ശിഷ്യന്മാർ എഴുതിയതാണെന്നാണ് ദൈവശാസ്ത്രജ്ഞന്മാരുടെ നിഗമനം.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ താഴെ ചേർത്തിരിക്കുന്ന പ്രശ്നങ്ങൾ പ്രസക്തമാകുന്നുണ്ടെന്ന് എനിക്ക് തോന്നുന്നു:

● ഒരു ബൈബിൾ ക്ലാസിൽ പോയാൽ പോലും നമ്മൾ നോട്ട് എഴുതിയെടുക്കില്ലേ? ദൈവപുത്രൻ എന്ന് അവർക്ക് തോന്നിയ ഒരാൾ പറഞ്ഞ കാര്യങ്ങൾ എന്തുകൊണ്ട് എഴുതി സൂക്ഷിച്ചില്ല?

● യേശു മരിച്ച ഉടനെ പോലും ഇത് എന്തുകൊണ്ട് എഴുതാൻ ശ്രമിച്ചില്ല?

● എന്തുകൊണ്ട് മത്തായിയുടെ പേരു പറയുന്ന സ്ഥലത്ത് 'ഞാൻ' എന്നു പറഞ്ഞില്ല? പൗലോസ് എഴുതിയ ലേഖനങ്ങളിലും മറ്റും, 'ഞാൻ', 'എന്നെ', 'എനിക്ക്' എന്നീ പദങ്ങൾ ഉപയോഗിച്ച് കാണുന്നു

ണ്ടല്ലോ?

●ലൂക്കയുടെ സുവിശേഷവും അപ്പോസ്തലന്മാരുടെ പ്രവർത്ത നങ്ങളും എഴുതിയത് ലൂക്ക ആണെന്നാണ് വിശ്വാസം. യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നില്ല ലൂക്ക. എന്നിട്ടും മറ്റാരും പറയാത്ത കാര്യങ്ങൾ ലൂക്ക എങ്ങനെ എഴുതി?

ഉദാഹരണത്തിന്:

♦സ്നാപകയോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പ്

♦യേശുവിന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പ്

♦മറിയത്തിന്റെ സ്തോത്രഗീതം

♦സഖറിയക്കുണ്ടായ അത്ഭുതം

♦ആട്ടിടയന്മാർക്ക് ലഭിച്ച സന്ദേശം

♦യേശുവിന്റെ പരിച്ഛേദനം

♦ശിമയോനും അന്നയും

♦ബാലനായ യേശു ദേവാലയത്തിൽ

♦എഴുപത്തിരണ്ടു പേരെ അയക്കുന്നു

♦നല്ല സമരിയാക്കാരന്റെ ഉപമ

♦കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു

♦മഹോദര രോഗിയെ സുഖപ്പെടുത്തുന്നു

♦ധൂർത്തപുത്രന്റെ ഉപമ

♦ധനവാനും ലാസറും

♦സക്കേവൂസിന്റെ ഭവനത്തിലെ വിരുന്ന്

●യഹൂദജനത്തിന് വേണ്ടി മത്തായി സുവിശേഷം രചിച്ചു. അതു കൊണ്ട് തന്നെ അവരെ വിശ്വസിപ്പിക്കാനായി പഴയനിയമത്തിലെ പ്രവചനങ്ങൾ യേശുവിനെപ്പറ്റി ആണെന്ന് സ്ഥാപിക്കാൻ ശ്രമിക്കു ന്നു. അത് മൂലം ഉണ്ടായിത്തീർന്ന ചില വൈരുധ്യങ്ങൾ ശ്രദ്ധിക്കുക:

മത്തായി യേശുവിന്റെ വംശാവലിയോട് കൂടെയാണ് ഗ്രന്ഥം ആരം ഭിച്ചിരിക്കുന്നത്.1 ദിനവൃത്താന്തം 3:10-24 പ്രകാരം ദാവീദിന്റെ സന്ത തിക്രമം ഇങ്ങനെ: റഹോബോവാം, അബിയാ, ആസാ, യോസഫാ ത്, യോറാം, അഹസിയാ, യോവാഷ്, അമഷിയാ, അസ്സറിയ, യോധാം, ആഹാസ്, ഹെസക്കിയ, മനാസ്സെ, ആമോൻ, ജോസിയ, യഹോയാക്കിം, യാക്കോണിയ, സലാത്തിയേൽ... (യാക്കോണിയയുടെ മറ്റൊരു മകൻപെദായയുടെ മകൻ) സെറുബാബേൽ..... മത്തായി 1:7-16 അനു

സരിച്ച് ദാവീദിന്റെ സന്തതിക്രമം ഇപ്രകാരമാണ്: റഹോബോവം, അബിയാ,ആസാ, യോസഫാത്, യോറാം, ഓസിയാ, ...missing... യോഥാം, ആഹാസ്, ഹെസക്കിയ, മനാസ്സെ, ആമോസ്, ജോസിയ, യാക്കോണിയ,സലാത്തിയേൽ, സൊറുബാബേൽ, അബിയൂദ്, എലിയാക്കിം, ആസോർ,സാദോക്, അക്കീം, എലിയൂദ്, എലെയാസർ, മാതാൻ, യാക്കോബ്, ജോസെഫ്, യേശു. (3 തലമുറ വിട്ടുപോയിരിക്കുന്നു. പുറമെ, ഇതിലെ അബിയൂദ് എന്നയാളെ ദിനവൃത്താന്തത്തിൽ കാണുന്നില്ല). മത്തായിയുടെ സുവിശേഷം അനുസരിച്ച് ദാവീദ് മുതൽ യേശു വരെ 28 തലമുറ. ലൂക്കായുടെ സുവിശേഷം അനുസരിച്ച് ദാവീദ് മുതൽ യേശു വരെ 43 തലമുറ. എവിടെയാണ് തെറ്റു പറ്റിയത്? ദിനവൃത്താന്തത്തിലോ? മത്തായിയുടെ സുവിശേഷത്തിലോ? ലൂക്കായുടെ സുവിശേഷത്തിലോ?ദൈവവചനത്തിൽ തെറ്റുണ്ടാകുമോ?

♦കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും. (മത്തായി 1:22 / എശയ്യ 7:14). ഇത് യേശുവിന്റെ ജനനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നോ? ഒരു അടയാളം ആവശ്യപ്പെടാൻ ആഹാസിനോട് ദൈവം അരുളിചെയ്തു, യുവതി ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും എന്ന അടയാളം ദൈവം തന്നെ നൽകി എന്നാണല്ലോ പഴയനിയമ പരാമർശം. ഇതിലെ യുവതി എന്ന എശയ്യായുടെ വാക്ക് കന്യക എന്ന് മാറ്റിപ്പറയുകയല്ലേ യഥാർഥത്തിൽ മത്തായി ചെയ്തിരിക്കുന്നത്?

♦യേശുവിനോടു ഫരിസേയർ അടയാളം ആവശ്യപ്പെട്ടപ്പോൾ യോനാ പ്രവാചകന്റെ അടയാളം ആണ് നൽകിയത്. അടയാളം നൽകുന്നത് അത് ആർക്ക് വേണ്ടി നൽകപ്പെട്ടോ അവർക്കു കാണാനാണ്. അങ്ങനെയെങ്കിൽ ആഹാസ് രാജാവിനും ഏകദേശം 500 വർഷങ്ങൾക്ക് ശേഷം ജനിച്ച യേശുവിന്റെ അടയാളം കൊണ്ട് ആഹാസ് രാജാവിന് എന്ത് പ്രയോജനം? അപ്പോൾ ആ അടയാളം ആഹാസ് കാണാൻഇടയുള്ള ഒരാളെ പറ്റിയാവില്ലേ? (മത്തായി 12:38)

♦മത്തായി 2:13-15 ഹോസിയ 11:1 എടുത്തുദ്ധരിക്കുന്നു. ഹോസിയ11:1 ഇസ്രായേലിനെ കുറിച്ചാണ് പറയുന്നതെന്ന് വ്യക്തമാണ്. മത്തായിയുടെ വചനമനുസരിച്ച് ഹോസിയ 11:1 മാത്രം യേശുവിനെ കുറിച്ചും അതിന്റെ തുടർച്ചയായ 11:2 ഇസ്രയേലിനെ കുറിച്ചും ആണോ? എട്ടാം ദിവസം യേശുവിനെ ജറുസലേമിലേക്ക് കൊണ്ടുപോയി (ലൂക്ക 2:21-23).ജനിച്ചയുടനെ ഈജിപ്തിലേക്ക് പലായനം ചെയ്തെങ്കിൽ എട്ടാം ദിവസം തിരിച്ചെത്താൻ അന്നത്തെ യാത്രാസൗകര്യം കൊണ്ട് സാധിക്കില്ല. അപ്പോൾ ലൂക്കയുടെ സുവിശേഷം അനുസരിച്ച് ഈജിപ്തിലേക്ക് പോയിട്ടില്ല.

അങ്ങനെയെങ്കിൽഹോസിയ 11:1 എങ്ങനെ യേശുവിനെ കുറിച്ചുള്ള പ്രവചനമാകും?

♦മത്തായി 2:18ലെ ജറെമിയാ 31:15. "കർത്താവ് തന്റെ ജനത്തെ ഇസ്രയേലിൽ അവശേഷിച്ചവരെ രക്ഷിച്ചിരിക്കുന്നു എന്നു സ്തുതി പാടുവിൻ" (ജറെമിയാ 31:7). അപ്പോൾ നഷ്ടപ്പെട്ടുപോയവരെ കുറിച്ചുള്ള രോദനമാണ് 31:15ൽ ഉള്ളത്. അതെങ്ങനെ യേശുവിനെ കുറിച്ചാവും?

♦മത്തായി 2:23ലെ പ്രവചനവും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഏതു പ്രവാചകനാണ് നസറായൻ എന്നു വിളിക്കപ്പെടും എന്നു പ്രവചിച്ചത്? നസറായൻ എന്ന വാക്ക് ബൈബിളിൽ ആദ്യമായി കാണുന്നത്മത്തായിയുടെ സുവിശേഷത്തിലെ ഈ ഭാഗത്താണ്.

♦മത്തായി 3:4ലെ 2 രാജാക്കന്മാർ 1:8. അത് ഏലിയാ ആണെന്ന് വ്യക്തമാണ്.

♦ "തെരുവീഥികളിൽ അവന്റെ ശബ്ദം ആരും കേൾക്കുകയില്ല" (മത്തായി12:19) എന്ന പ്രവചനം യേശുവിൽ നിറവേറിയിട്ടുണ്ടോ? "അവരുടെ പട്ടണങ്ങളിൽ പഠിപ്പിക്കാനും പ്രസംഗിക്കുവാനുമായി അവിടെ നിന്ന് പുറപ്പെട്ടു"(മത്തായി 11:1). "അവൻ അവരെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും..." (മത്തായി 9:35).

♦ "അവൻ വിജാതീയരെ ന്യായവിധി അറിയിക്കും" (മത്തായി 12: 19) എന്നു പറഞ്ഞതിന്റെ അവസ്ഥയോ? "അവൻ മറുപടി പറഞ്ഞു ഇസ്രയേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (മത്തായി 15:24).

♦ "പ്രവാചകനായ ജറെമിയാ വഴി അരുളി ചെയ്യപ്പെട്ടത് അപ്പോൾ പൂർത്തിയായി"(മത്തായി 27:9). ജറെമിയാ 32:6-14 മമ്മി പരിശോധിച്ചുനോക്കുക. അവിടെങ്ങും 30 വെള്ളിനാണയങ്ങളുമില്ല, രക്തത്തിന്റെ പറമ്പുമില്ല, രക്തത്തിന്റെ വിലയുമില്ല.

♦ "ഞാൻ നിന്നിൽ നിന്നു സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ നീ എന്റെ അടുത്തേക്കു വരുന്നുവോ എന്നു ചോദിച്ച് കൊണ്ട് അവനെ തടഞ്ഞു"(മത്തായി 3:14). വരാനിരിക്കുന്നവൻ യേശു ആണെന്നറിഞ്ഞുകൊണ്ടല്ലേ യോഹന്നാൻ ഇങ്ങനെ പറഞ്ഞത്? പിന്നെ എന്തുകൊണ്ടാണ് വീണ്ടും സംശയം പ്രകടിപ്പിച്ചത്: "വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ?" (യോഹന്നാൻ 11:3)

♦"കർത്താവിന്റെ കല്പന ഞാൻ വിളംബരം ചെയ്യും; അവിടുന്ന്

എന്നോട് അരുൾ ചെയ്തു നീ എന്റെ പുത്രനാണ്; ഇന്ന് ഞാൻ നിനക്ക് ജന്മം നൽകി" (മത്തായി 3:17/സങ്കീർത്തനങ്ങൾ 2:7).വിളംബരം ചെയ്യുക എന്നാൽ ഒരളോട് പറയുക എന്നാണോ? എല്ലാവർക്കും ഉള്ള വാർത്തയല്ലേ? അപ്പോൾ അത് നാമോരോരുത്തരോടും പറയുന്നതായി മനസ്സിലാക്കിക്കൂടേ?

മമ്മീ, സുവിശേഷങ്ങൾ മനസ്സിരുത്തി വായിക്കുന്നവർക്ക് ഇത്തരത്തിലുള്ള അനേകം ചോദ്യങ്ങൾ ഇനിയും ഉന്നയിക്കാനുണ്ടാകും. ഒരു സുവിശേഷത്തിനകത്ത് തന്നെയുള്ള വൈരുധ്യങ്ങൾ, സുവിശേഷങ്ങൾ പരസ്പരമുള്ള വൈരുധ്യം, ക്രൈസ്തവ വിരുദ്ധമോ യുക്തി വിരുദ്ധമോ ആയ പരാമർശങ്ങൾ.... അങ്ങനെ പലതും. ഏതാനും കാര്യങ്ങളിലേക്ക് കൂടി മമ്മിയടെ ശ്രദ്ധ ക്ഷണിക്കട്ടെ:

● "ജ്ഞാനസ്നാനം കഴിഞ്ഞയുടനെ മരുഭൂമിയിലേക്ക് യേശു നയിക്കപ്പെട്ടു"(മത്തായി 4:1). "അടുത്ത ദിവസം യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരോട് കൂടെനിൽക്കുമ്പോൾ യേശു നടന്നുവരുന്നത് കണ്ട് പറഞ്ഞു: ഇതാ ദൈവത്തിന്റെ കുഞ്ഞാട്. അവൻ പറഞ്ഞത് കേട്ട് ആ രണ്ട് ശിഷ്യന്മാർയേശുവിനെ അനുഗമിച്ചു"(യോഹന്നാൻ 1:35). മത്തായിയാണോ ശരി?അതോ യോഹന്നാന്റെ വാക്കുകളാണോ ശരി?

● "വഞ്ചിയിൽ ഉണ്ടായിരുന്നവർ അവനെ ആരാധിച്ചുകൊണ്ട് സത്യമായും നീ ദൈവ പുത്രനാണ് എന്ന് പറഞ്ഞു" (മത്തായി 14:33). "അവർ ആശ്ചര്യഭരിതരായി. കാരണം അപ്പത്തെ കുറിച്ച് അവർ ഗ്രഹിച്ചിരുന്നില്ല. അവരുടെ ഹൃദയം മന്ദീഭവിച്ചിരുന്നു"(മാർക്കോസ് 6:51,52).

●"അവൻ പോയി കെട്ടി ഞാന്ന് ചത്തു"(മത്തായി 27:5). "അവൻ തലകുത്തിവീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്ത് ചാടി"(അപ്പോ. പ്രവർത്തനങ്ങൾ 1:18 ).

● യേശു സംസാരിച്ചിരുന്ന ഭാഷ തന്നെയല്ലേ അവിടെയുണ്ടായിരുന്ന ജനങ്ങളും സംസാരിച്ചിരുന്നത്. എന്നിട്ടും "ഏലി, ഏലി, ലമാ സബക്താനി!" എന്നുപറഞ്ഞപ്പോൾ ഏലിയെ വിളിക്കുന്നു എന്നു ജനം പറഞ്ഞത് എന്തുകൊണ്ട്? (മത്തായി 27:46)

● "യേശു ഉച്ചത്തിൽ നിലവിളിച്ചു കൊണ്ടു ജീവൻ വെടിഞ്ഞു" (മത്തായി27:50). എന്നാൽ, ഹെബ്രായർ പറയുന്നത് നോക്കുക:"തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു, മരണത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർഥനകളും യാചനകളും സമർപിച്ചു. അവന്റെ ദൈവഭയം മൂലം

അവന്റെ പ്രാർഥന കേട്ടു" (5:7). പ്രാർഥന കേട്ടു എന്നുപറയുന്നത് ചോദിച്ച കാര്യം സാധിച്ചു കിട്ടുമ്പോഴല്ലേ? ഈ പാനപാത്രം നീങ്ങിപ്പോകട്ടെ എന്ന യേശുവിന്റെ പ്രാർഥന സാധിച്ചുകിട്ടി എന്ന് ധരിക്കാമോ?

● "നമ്മുടെ ഇടയിൽ നിറവേറിയ കര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ" (ലൂക്കാ 1:1). അനേകം പേർ ശ്രമിച്ചിട്ടും നാലെണ്ണം മാത്രം കാനോനികമായത് എന്തുകൊണ്ട്?

● "അല്ലയോ ശ്രേഷ്ഠനായ തെയോഫിലോസ്,എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിന് ശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കു തോന്നി" (ലൂക്കാ1:3) . ദൈവനിവേശിതം എന്ന് പറയുമ്പോൾ മനുഷ്യൻ സൂക്ഷ്മമായി പഠിക്കണമോ? ദൈവം തോന്നിപ്പിക്കുന്നത് എഴുതുക എന്നല്ലേ?

● ''അവിവാഹിതരെപ്പറ്റി കർത്താവിന്റെ കൽപനയൊന്നും എനിക്ക് ലഭിച്ചിട്ടില്ല. എന്നാൽ വിശ്വസ്തനായിരിക്കാൻ കർത്താവിൽ നിന്ന് കരുണ ലഭിച്ചവൻ എന്ന നിലയിൽ എന്റെ അഭിപ്രായം ഞാൻ പറയുന്നു''(1 കോറിന്തോസ് 7:25). സ്വന്തം അഭിപ്രായം! ഇതാണോ ദൈവനിവേശിതം?

●"മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇത് ചെയ്തു തന്നിരിക്കുന്നു" (ലൂക്കാ 1:25). റാഹേൽ തനിക്കു സന്താനം ലഭിച്ചപ്പോഴും ഇത് പറഞ്ഞു (ഉല്പത്തി 30:23). അപ്പോൾ റാഹേൽ എലിസബത്തിനെ കുറിച്ച് പ്രവചിച്ചതാണോ?

●"അവൻ ജനിച്ചത് രക്തത്തിൽ നിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ" (യോഹന്നാൻ 1:13). അങ്ങനെയെങ്കിൽ യേശുവിന് ഒരു രാജകുടുംബത്തിന്റെ പിന്തുണ വേണമോ? ഒരു രാജാവിന്റെ പേരിന്റെ ബലം വേണോ? ദാവീദിന്റെ പുത്രൻ എന്നു പറയണമോ?

●"പാപപരിഹാര ബലിയായി അവൻ തന്നെത്തന്നെ അർപിക്കുമ്പോൾ അവൻ തന്റെ സന്തതിപരമ്പരയെ കാക്കുകയും ദീർഘായുസ്സ് പ്രാപിക്കുകയും ചെയ്യും" (എശയ്യാ 53:10). യേശു ക്രൂശിക്കപ്പെട്ടപ്പോൾ സന്താനങ്ങൾ ഉണ്ടായിരുന്നോ?

●പുതിയനിയമപ്രകാരം, യേശുവിന്റെ പന്ത്രണ്ടാമത്തെ അപ്പോസ്തലൻ തിരഞ്ഞെടുക്കപ്പെട്ട രീതി മമ്മിക്കറിയില്ലേ? "യോഹന്നാന്റെ

സ്നാനം മുതൽ നമ്മിൽ നിന്നു ഉയരങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾ വരെ, യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ" (അപ്പോസ്തല പ്രവർത്തനങ്ങൾ1:22). അങ്ങനെ മത്തിയാസ് തിരഞ്ഞെടുക്കപ്പെട്ടു. യേശു പതിനൊന്ന് പേർക്ക് പ്രത്യക്ഷപ്പെട്ടതായാണ് സുവിശേഷങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നത് (മാർക്കോസ് 16:14). അപ്പോൾ മത്തിയാസ് പുനരുത്ഥാനത്തിന് സാക്ഷിയായിരുന്നോ? "പിന്നെ അവർ കുറിയിട്ടു.മത്തിയാസിന് കുറി വീണു" (അപ്പോസ്തല പ്രവർത്തനങ്ങൾ 1:26). ഇങ്ങനെയാണോ യേശുവിന്റെ അപ്പോസ്തലനെ തിരഞ്ഞെടുക്കേണ്ടത്? അത്ഭുതങ്ങൾ പ്രവർത്തിക്കാൻ പോലും കഴിവുള്ളവർ ആയിരുന്നില്ലേ അപ്പോസ്തലന്മാർ? എന്നിട്ടും എന്തുകൊണ്ട് ദൈവം അവർക്ക് തിരഞ്ഞെടുക്കേണ്ടയാളെക്കുറിച്ച് വെളിപ്പെടുത്തിയില്ല?

തെറ്റ് മനുഷ്യസഹജമാണ് എന്ന് പറയാറുണ്ട്. അത് സത്യമാണ് താനും. ദൈവത്തിനു തെറ്റുപറ്റുമോ? ഇല്ല എന്നുതന്നെ ഉത്തരം. ദൈവവചനമെന്നാൽ, ദൈവം അരുളിചെയ്ത വചനങ്ങൾ എന്നല്ലേ? ദൈവവചനത്തിൽ പൊരുത്തക്കേടുണ്ടാകുമോ? പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ അത് ദൈവവചനമാകുമോ? അത് ദൈവത്തിൽ നിന്നാകുമോ? മനുഷ്യന്റെ ഇടപെടൽ ഉള്ളത് കൊണ്ടല്ലേ തെറ്റുകൾ കടന്നുകൂടുന്നത്? ഇതിൽ നിന്നും, പൊരുത്തക്കേടുകൾ നിറഞ്ഞ ബൈബിളിൽ മാനുഷികബുദ്ധിയിൽ ഉദിച്ച കാര്യങ്ങളും ഉൾക്കൊള്ളുന്നു എന്നു പറയാനാകില്ലേ? പൊരുത്തക്കേടുകൾ ഉള്ള ബൈബിളിന്റെ അടിസ്ഥാനത്തിലാണ് സഭ ഉണ്ടായതെങ്കിൽ സഭയിൽ എന്തു മാത്രം തെറ്റുകൾ ഉണ്ടാകും!ദൈവം ത്രിത്വൈകമാണോ? എന്തുകൊണ്ട്യേശുവിനെ ആരാധിക്കണം? യേശു ദൈവമാണോ? എന്തിനു ജ്ഞാനസ്നാനം? വിശുദ്ധ കുർബാന ആരാധനായോഗ്യമാണോ? വിശുദ്ധരോട് പ്രാർഥിക്കണമോ? എങ്ങനെ ഉപവസിക്കണം? തീർച്ചയായും ഞാൻ അറിയണം എന്റെ വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം. തെറ്റിൽ നിന്നും തെറ്റുകളിലേക്ക് വീഴുന്നതല്ലല്ലോ ഉചിതം. സത്യം തിരിച്ചറിഞ്ഞ് അത് പിന്തുടരുന്നതല്ലേ കൂടുതൽ ഉത്തമം!

തെറ്റുകളും പിഴവുകളും പറ്റുന്ന സൃഷ്ടികളായ മനുഷ്യരോട് പ്രാർഥിക്കുന്നതിനേക്കാളും എത്രയോ നല്ലതും ഉപകാരപെടുന്നതുമല്ലേ മമ്മീ, സ്രഷ്ടാവായ കർത്താവിനോട് പ്രാർഥിക്കുന്നത്; അവനിൽ അഭയം കണ്ടെത്തുന്നത്?

# 4

# ദൈവം
# ബൈബിളിലും ക്രിസ്തുമതത്തിലും

മമ്മീ, ബൈബിൾ ആണ് നമ്മുടെ വിശ്വാസങ്ങൾക്ക് ആധാരം എന്നാണല്ലോ നാം പഠിപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ ബൈബിൾ പഠിപ്പിച്ചതു പ്രകാരമുള്ള വിശ്വാസങ്ങളും ധാരണകളുമല്ല ദൈവത്തെ സംബന്ധിച്ച് ക്രിസ്ത്യാനികളെന്നവകാശപ്പെടുന്നവർ ഇന്ന് കൊണ്ടുനടക്കുന്നത് എന്നെനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ബൈബിൾ പ്രകാരം ദൈവത്തിന്റെ ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.

1. സ്വയംഭൂവായിരിക്കുന്നു.
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ നന്മ സ്വരൂപിയായിരിക്കുന്നു.
5. സകലത്തിനും ആദി കാരണമായിരിക്കുന്നു.

ഒന്നാം ക്ലാസ്സിലെ വേദപാഠ പുസ്തകത്തിലെ ഒന്നാം പാഠം തുടങ്ങുന്നതിങ്ങനെയാണ്.

നിന്നെ ആര് സൃഷ്ടിച്ചു?

എന്നെ ദൈവം സൃഷ്ടിച്ചു.

നിന്നെ ദൈവം എന്തിനു സൃഷ്ടിച്ചു?

അവിടുത്തെ സ്നേഹിക്കുവാനായി സൃഷ്ടിച്ചു.

ഇന്ന്ക്രൈസ്തവർആരാധിച്ചുകൊണ്ടിരിക്കുന്നവർയഥാർഥ ദൈവം തന്നെയാണോ എന്ന് ഈ തത്ത്വങ്ങളുടെ വെളിച്ചത്തിൽ നമുക്ക് പരിശോധിക്കാം.

**കന്യാമറിയം?**

"പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ..." എന്ന പ്രാർഥന 1555ൽ Dutch jesuit petrus Canisius ആണ് കൂട്ടിച്ചേർത്തത്. പതിനൊന്നു വർഷങ്ങൾക്ക് ശേഷം തെന്ത്രോസ് സുനഹദോസ് ഇത് അംഗീകരിച്ചു. മറിയം ദൈവമാതാവ് എന്ന് അംഗീകരിച്ചതാവട്ടെ AD 431ൽ മൂന്നാം എഫേസൂസ് സുനഹദോസിൽ വച്ചും.

"പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ..." എന്ന് ഞാൻ പ്രാർഥിക്കണമോ? കന്യക മറിയം ദൈവത്തിന്റെ അമ്മയാണോ? സർവത്തിനെയും സൃഷ്ടിച്ച ദൈവത്തിന് ഒരു അമ്മയുണ്ടെങ്കിൽ ആ അമ്മയല്ലേ ദൈവത്തേക്കാൾ ശ്രേഷ്ഠ? അല്ലെങ്കിൽ ദൈവം തന്നെ തനിക്ക് ഒരു അമ്മയെ സൃഷ്ടിച്ചോ?

**യേശു?**

✦ "അതിനാൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവിൻ. ഹോറെബിൽ വച്ച് അഗ്നിയുടെ മധ്യത്തിൽ നിന്ന് കർത്താവ് നിങ്ങളോട് സംസാരിച്ച ദിവസം നിങ്ങൾ ഒരു രൂപവും കണ്ടില്ല." (നിയമാവർത്തനം 4:15)

തനിക്ക് രൂപം ഇല്ലായെന്ന് ദൈവം തന്നെ പറയുന്നു. മാംസം ധരിച്ച് ദൈവം ഭൂമിയിൽ വസിക്കേണ്ടി വരുമെന്ന് ദൈവത്തിനു അന്ന് അറിയില്ലായിരുന്നോ?

നൂറ്റാണ്ടുകൾക്കുശേഷം തന്റെ മകൻ ഭൂമിയിൽ വരുമെന്നും അവനെകണ്ട് മനുഷ്യർ ആരാധിക്കുമെന്നും അവന്റെ രൂപങ്ങളും ചിത്രങ്ങളുംനിർമിക്കുമെന്നും ദൈവത്തിന് അറിയില്ലായിരുന്നോ? എന്നാൽ ദൈവം എല്ലാം അറിയുന്നവനാകുന്നു. ഇങ്ങനെയൊക്കെ തെറ്റുധരിക്കപ്പെടും എന്ന് അറിയാമായിരുന്നത് കൊണ്ടാണ് ദൈവം ഇതൊക്കെ സംസാരിച്ചത്. എന്നിട്ടും അതു ഗ്രഹിക്കാൻ ആരും ശ്രമിക്കുന്നില്ല.

✦ "അവിടുന്ന് തുടർന്നു: നീ എന്റെ മുഖം കണ്ടു കൂടാ; എന്തെന്നാൽ എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടെയിരിക്കു

കയില്ല." (പുറപ്പാട് 33:20)

യേശു ദൈവമാണെങ്കിൽ യേശുവിനെ കണ്ട ഒരു മനുഷ്യനും ജീവനോടെയിരിക്കാൻ പാടില്ല. എന്നാൽ യേശുവിനെ കണ്ടതിന്റെ പേരിൽ ആളുകൾ മരണപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്. അപ്പോൾ, ഒന്നുകിൽ പുറപ്പാടിലെ വചനം തെറ്റാണ്. അല്ലെങ്കിൽ യേശു ദൈവമല്ല, പ്രത്യുത ദൈവരാജ്യം പ്രഘോഷിക്കാനായി ദൈവം അയച്ച ഒരു പ്രവാചകൻ മാത്രമാണ്.

✦ "അപ്പോൾ അഗ്നിയുടെ മധ്യത്തിൽ നിന്ന് കർത്താവ് നിങ്ങളോട് സംസാരിച്ചു. നിങ്ങൾ ശബ്ദം കേട്ടു-ശബ്ദം മാത്രം; രൂപം കണ്ടില്ല." (നിയമാവർത്തനം 4:12)

✦ "കർത്താവായ എനിക്ക് മാറ്റമില്ല" (മലാക്കി 3:6)

✦ "എന്നാൽ യഥാർഥത്തിൽ ദൈവം ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾകൊള്ളാൻ സ്വർഗത്തിനും സ്വർഗാധി സ്വർഗത്തിനും അസാധ്യമെങ്കിൽ ഞാൻ നിർമിച്ച ഈ ഭവനം എത്ര അപര്യാപ്തം!" (1 രാജാക്കന്മാർ 8:27)

ഭൂമിയിൽ വസിച്ച യേശു ദൈവമാകുമോ?

✦ ഹബക്കൂക്ക് 1:13 "അങ്ങയുടെ കണ്ണുകൾ തിന്മ ദർശിക്കാൻ അനുവദിക്കാത്ത വിധം പരിശുദ്ധമാണല്ലോ"

ലൂക്ക 4:3 "അപ്പോൾ പിശാച് അവനോട് പറഞ്ഞു:"

യേശു ദൈവമായിരുന്നെങ്കിൽ പിശാചിന് (തിന്മക്ക്) യേശുവിന്റെ അടുക്കൽ വരാൻ കഴിയുമായിരുന്നോ?

✦ "എന്തെന്നാൽ ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല" (യാക്കോബ് 1:3)

യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടില്ലേ?

✦ "അവൻ (യേശു) ദൈവഭക്തിയിൽ ആനന്ദം കൊള്ളും" (ഏശയ്യാ 11:3)

ദൈവം ദൈവഭക്തിയാൽ ആനന്ദം കൊള്ളുമോ?

## ഈ വചനങ്ങളൊന്നും യേശുവിന്റെ ദിവ്യത്വം സ്ഥാപിക്കുന്നില്ല

✦ "യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അബ്രഹാം ഉണ്ടാകുന്നതിന് മുമ്പ് ഞാനുണ്ട്."(യോഹന്നാൻ 8:58)

ഇതിന്റെയടിസ്ഥാനത്തിൽ യേശു ദൈവമാണെങ്കിൽ ജെറമിയായും ദൈവമാണെന്ന് പറയേണ്ടി വരും.

"കർത്താവ് എന്നോട് അരുളി ചെയ്തു: മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുമ്പെ ഞാൻ നിന്നെ അറിഞ്ഞു: ജനിക്കുന്നതിന് മുമ്പേ നിന്നെ ഞാൻ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു." (ജറെമിയാ 1:4,5)

അബ്രഹാമിന് മുമ്പേ ജറെമിയാ ഉണ്ടായിരുന്നോ? ജനിക്കുന്നതിന് മുമ്പേ തിരഞ്ഞെടുക്കണമെങ്കിൽ ജറെമിയ എവിടെയോ ഉണ്ടായിരിക്കണം. എവിടെയായിരിക്കും? ദൈവത്തിന്റെ മനസ്സിലായിരിക്കില്ലേ? അതായത്, ദൈവത്തിന്റെ പദ്ധതിയിൽ ഉണ്ടായിരുന്നിരിക്കണം. ജെറമിയാ പ്രവാചകനെക്കുറിച്ച് മാത്രമല്ല, നമ്മെയെല്ലാം കുറിച്ചും ബൈബിൾ ഇത് പറഞ്ഞിട്ടുണ്ട്.

"തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരും ആയിരിക്കാൻ ലോക സ്ഥാപനത്തിന് മുമ്പ് തന്നെ അവിടുന്ന് നമ്മെ യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തു." (എഫസോസ് 1:4)

ലോക സ്ഥാപനത്തിന് മുമ്പേ നമ്മളെയെല്ലാവരെയും തിരഞ്ഞെടുത്തു എന്നു പറയണമെങ്കിൽ നമ്മളെല്ലാവരും തന്നെ അതിന് മുമ്പേ ഉണ്ടാകേണ്ടേ? തീർച്ചയായും നമ്മളെല്ലാം ദൈവത്തിന്റെ, മനുഷ്യന് അജ്ഞാതമായ പദ്ധതിയിൽ ഉണ്ടായിരുന്നു. അതല്ല വാച്യാർഥം തന്നെ ശരിയാണെങ്കിൽ ഏശയ്യാ എന്തുകൊണ്ടിങ്ങനെ പറഞ്ഞു: "ഗർഭത്തിൽ നിനക്ക് രൂപം നൽകിയ നിന്റെ രക്ഷകനായ കർത്താവ് അരുളിചെയ്യുന്നു: എല്ലാം സൃഷ്ടിക്കുകയും ആകാശത്തെ വിരിക്കുകയും ഭൂമിയെ വ്യാപിപ്പിക്കുകയും ചെയ്ത കർത്താവ് ഞാനാണ്. ആരുണ്ടായിരുന്നു അപ്പോൾ എന്നോടൊന്നിച്ച്?" (ഏശയ്യാ 44:24)

യേശു തന്നെയാണോ ഇതെല്ലാം ചെയ്തത്? അങ്ങനെയെങ്കിൽ യേശു പിതാവിന്റെ വലതു ഭാഗത്തിരിക്കുന്നു (മാർക്കോസ്16:19) എന്ന് പറയുന്നതെന്തുകൊണ്ട്? അങ്ങനെയെങ്കിൽ പിതാവും യേശുവും വേറെ തന്നെയല്ലേ? രണ്ട് ദൈവമാണോ?

യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചതു കൊണ്ടാണോ ദൈവം എന്നു പറയുന്നത്? അങ്ങനെയെങ്കിൽ അത്ഭുതം പ്രവർത്തിച്ച ധാരാളം പേരെ ബൈബിളിൽ നിന്ന് തന്നെ കണ്ടെത്താം.

✦ "അസ്ഥികളുടെ താഴ്വര. ഒരു വലിയ സൈന്യം പോലെ അവർ എഴുന്നേറ്റു നിന്നു. ഒന്നല്ല അനേകം പേർ" (എസക്കിയേൽ 37:1–9)

✦ "കർത്താവ് ഏലിയായുടെ അപേക്ഷ കേട്ടു. കുട്ടിക്ക് പ്രാണൻ വീണ്ടു കിട്ടി. അവൻ ജീവിച്ചു." (1 രാജാക്കന്മാർ 17:22)

✦ എലീഷ മരിച്ച കുട്ടിയെ ജീവിപ്പിക്കുന്നു. (2 രാജാക്കന്മാർ 4:32-37)

✦ മരിച്ച ശേഷം എലീഷയുടെ അസ്ഥികൾ പോലും ജഡത്തിന് ജീവൻ നൽകി. (2 രാജാക്കന്മാർ 13:21)

✦ എലീഷ കുഷ്ഠരോഗിയായ നാമാനെ സുഖപ്പെടുത്തുന്നു. (2 രാജാക്കന്മാർ 5:14)

✦ എലീഷ അപ്പം വർധിപ്പിക്കുന്നു. ആളുകൾ ഭക്ഷിച്ച് മിച്ചം വരികയും ചെയ്തു. (2 രാജാക്കന്മാർ 4:44)

✦ കാഴ്ചശക്തി തിരിച്ചു നൽകുന്നു. (2 രാജാക്കന്മാർ 6:15-24)

✦ "ജോഷ്വാ പ്രാർഥിച്ചു കൊണ്ട് സൂര്യനെയും ചന്ദ്രനെയും നിശ്ചലമാക്കി. കർത്താവ് ഒരു മനുഷ്യന്റെ വാക്ക് കേട്ട് ഇസ്രായേലിനു വേണ്ടി യുദ്ധം ചെയ്ത ആ ദിവസം പോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല." (ജോഷ്വാ 10:12-14)

യേശു എന്തിന് വേണ്ടിയായിരുന്നു അത്ഭുതങ്ങൾ പ്രവർത്തിച്ചത് എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

✦ "അങ്ങ് എന്റെ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്ന് എനിക്കറിയാം. എന്നാൽ എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണ് ഞാനിതു പറയുന്നത്. ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു ലാസറേ പുറത്തു വരിക." (യോഹന്നാൻ 11:42,43)

താൻ ദൈവമാണെന്ന് കാണിക്കാനാണോ അതോ ദൈവം അയച്ച ഒരുവനാണ് എന്ന് കാണിക്കാനാണോ യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്?

**ദൈവപുത്ര പ്രയോഗത്തെക്കുറിച്ച്...**

യേശുവിനെക്കറിച്ച് ബൈബിൾ 'ദൈവപുത്രൻ' എന്ന് പറഞ്ഞിട്ടുണ്ടല്ലോ എന്ന് മമ്മി ചിന്തിക്കുന്നുണ്ടാകും. എന്നാൽ യേശുവിനെ മാത്രമാണോ ബൈബിൾ ഇങ്ങനെ വിശേഷിപ്പിച്ചിട്ടുള്ളത്?

✦ "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി, തന്റെ ഏക

ജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹന്നാൻ 3:16)

"ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകിയിരിക്കുന്നു; ഞാൻ പറയുന്നു നിങ്ങൾ ദൈവങ്ങളാണ്. നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണ്." (സങ്കീർത്തനങ്ങൾ 82:6)

"സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും." (മത്തായി 5:9)

"അവിടുന്നു എന്നോട് അരുളി ചെയ്തു; നീ എന്റെ പുത്രനാണ്" (സങ്കീർത്തനങ്ങൾ 2:7)

"ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും" (2 സാമുവേൽ 7:14)

"എന്തെന്നാൽ ഞാൻ ഇസ്രയേലിനു പിതാവാണ്. ഏഫ്രായിം എന്റെ ആദ്യജാതനും" (ജറെമിയാ 31:9)

"ഏനൊഷ് സേത്തിന്റെയും സേത് ആദമിന്റെയും പുത്രനായിരുന്നു. ആദം ദൈവത്തിന്റേതുമായിരുന്നു" (ലൂക്കാ 3:38)

"കർത്താവ് പറയുന്നു ഇസ്രയേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ" (പുറപ്പാട് 4:22)

ഇവരിലാരാണ് ദൈവത്തിന്റെ ആദ്യജാതൻ?

"അവന്റെ പേരിന് ഒന്നാമത് നീതിയുടെ രാജാവെന്നും, രണ്ടാമത് സലേമിന്റെ (സമാധാനത്തിന്റെ) രാജാവെന്നുമാണ് അർഥം. അവന് പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന് അവസാനമോ ഇല്ല" (ഹെബ്രോയർ 7:23)

ഈ വിശദീകരണം ദൈവത്തിന് ചേർന്നതല്ലേ? എന്നാൽ ഇത് മെൽക്കിസദേക്കിനെ പറ്റി പറഞ്ഞിരിക്കുന്നതാണ്. ദൈവപുത്രൻ അല്ലെങ്കിൽ ദൈവം എന്ന സ്ഥാനം കൂടുതൽ യോജിക്കുന്നത് മെൽക്കിസദേക്കിന് അല്ലേ?

✦ "വ്യാജം പറയാൻ ദൈവം മനുഷ്യൻ അല്ല. അനുതപിക്കാൻ അവിടുന്ന് മനുഷ്യപുത്രനുമല്ല" (സംഖ്യ 23:19)

"ഞാൻ ദൈവമാണ് മനുഷ്യനല്ല." (ഹോസിയ 11:9)

യേശു തന്നെ സ്വയം വിശേഷിപ്പിച്ചതായി ബൈബിളിൽ പറഞ്ഞിരിക്കുന്നത് മനുഷ്യപുത്രൻ എന്നും! എന്നാൽ മനുഷ്യപുത്രൻ ദൈവ

മാകില്ല എന്ന് ദൈവം അരുളിച്ചെയ്യുന്നു. ഇതിൽ നിന്നെന്താണ് മനസ്സിലാക്കാൻ കഴിയുന്നത്?

**ബൈബിൾ പ്രകാരം യേശു ദൈവത്തിന്റെ ദാസൻ, ദൂതൻ**

✦ "അവൻ പ്രവർത്തിച്ച അടയാളം കണ്ട് ജനങ്ങൾ പറഞ്ഞു: ലോകത്തിലേക്ക് വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്." (മത്തായി 6:14)

"നസറായനായ യേശുവിനെക്കുറിച്ച് തന്നെ. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു." (ലൂക്കാ 24:19)

"അബ്രഹത്തിന്റെയും ഇസഹാക്കിന്റെയും യക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം; തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തിയിരിക്കുന്നു." (അപ്പ. പ്രവർത്തനങ്ങൾ 3:13)

ദൈവം ദൈവത്തെ മഹത്വപ്പെടുത്തിയോ? അതോ തന്റെ ദാസനെ മഹത്വപ്പെടുത്തിയോ?

✦ "എന്തെന്നാൽപിതാവ്എന്നെക്കാൾവലിയവനാണ്."(യോഹന്നാൻ 14:28)

പിതാവ് തന്നെക്കാൾ വലിയവൻ എന്നും യേശു പറയുന്നു, അപ്പോൾ യേശു അതിനെക്കാൾ ചെറിയ ദൈവമാണോ?

"എന്തെന്നാൽ ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തുപറയണം എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവ് തന്നെ എനിക്കു കൽപന നൽകിയിരിക്കുന്നു." (യോഹന്നാൻ 12:49)

യേശു ദൈവമായിരുന്നെങ്കിൽ മറ്റൊരാളുടെ നിർദേശം സ്വീകരിക്കുമായിരുന്നോ?

✦ "എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരും ഇല്ല." (മാർക്കോസ് 10:18)

"എന്നാൽ എന്റെ വലതുവശത്തും ഇടതുവശത്തും ഇരിക്കാനുള്ള വരം നിങ്ങൾക്കു നൽകേണ്ടത് ഞാനല്ല. അതു എന്റെ പിതാവു ആർക്കു വേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്." (മത്തായി 20:23)

“ആ ദിവസത്തെ കുറിച്ചോ മണിക്കൂറിനെ കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ.” (മത്തായി 24:36, മാർക്കോസ്13:32)

ഈ പുത്രനെയാണോ ദൈവം എന്ന് പറയുന്നത്? സ്വർഗത്തിലെ ദൂതന്മാർക്ക് അറിയാത്തത് പുത്രനും അറിയില്ല എന്ന് യേശു പറഞ്ഞതായി പറഞ്ഞിരിക്കുന്നു.

## പൗലോസ് പുതിയ/പഴയ നിയമങ്ങളിൽ നിന്ന് വ്യതിചലിക്കുന്നു; വൈരുധ്യം പറയുന്നു

“ദൈവത്വത്തിന്റെ പൂർണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു.” (കോളോസ്സാസ് 2:9)

എത്ര വിരോധാഭാസം!

“എന്തെന്നാൽ ഒരു ദൈവമേയുള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ-മനുഷ്യനായ യേശുക്രിസ്തു”. (1 തിമോത്തെയോസ് 2:5)

## താൻ ദൈവമല്ലെന്ന് യേശു സ്വന്തം ജീവിതം കൊണ്ട് തെളിയിച്ചു

✦ “നീ എന്റെ സഹോദരന്മാരുടെ അടുത്ത് ചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക.” (യോഹന്നാൻ 20:17)

യേശുവിന്റെയും നമ്മുടെയും ദൈവം ഒന്നു തന്നെയല്ലേ? യേശുവിന്റെ ദൈവം, ആ ദൈവം തന്നെ ആയിരിക്കണം നമ്മുടെ ദൈവവും എന്നല്ലേ ഈ വരികൾ അർഥമാക്കുന്നത്?

✦ “അവനാകട്ടെ വിജന പ്രദേശങ്ങളിലേക്കു പിൻവാങ്ങി അവിടെ പ്രാർഥിച്ചു കൊണ്ടിരുന്നു.” (ലൂക്ക് 5:16)

ഒരു ദൈവം മറ്റൊരു ദൈവത്തോട് പ്രാർഥിച്ചോ?

✦ “അവൻ അൽപദൂരം മുന്നോട്ട് ചെന്ന് നിലത്തുവീണ് സാധ്യമെങ്കിൽ ആ മണിക്കൂറ് തന്നെ കടന്നു പോകട്ടെ എന്നു പ്രാർഥിച്ചു” (മാർക്കോസ് 14:35)

“അവൻ പറഞ്ഞു അബ്ബാ പിതാവേ എല്ലാം അങ്ങേക്ക് സാധ്യമാ

ണ്. ഈ പാനപാത്രം എന്നിൽ നിന്നും മാറ്റിത്തരണമേ" (മാർക്കോസ് 14:36)

പിതാവിനെല്ലാം സാധ്യമാണ്.യേശുവിനും അങ്ങനെയാണെങ്കിൽ ഇങ്ങനെ പ്രാർഥിക്കുമായിരുന്നോ?

"ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർക്കറിയില്ല. ഇവരോട് പൊറുക്കണമേ" (ലൂക്കാ 23:34)

യേശുവിന് പാപം പൊറുത്തു കൊടുക്കാനുള്ള അധികാരം ഉണ്ടെങ്കിൽ എന്തിനാണ് ദൈവത്തോട് പ്രാർഥിക്കുന്നത്?

✦ "എന്നാൽ യഥാർഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല അതിപ്പോൾ തന്നെയാണ്.യഥാർഥത്തിൽ അങ്ങനെയുള്ള ആരാധകരെ തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്."(യോഹന്നാൻ4:23)

ദൈവം അന്വേഷിക്കുന്നത് യേശുവിനെ ആരാധിക്കുന്നവരെയോ അതോ ഏകസത്യദൈവമായ അവിടുത്തെ ആരാധിക്കുന്നവരെയോ?

പൊരുത്തക്കേടുകൾ ഉണ്ടെന്ന് ഉറപ്പുള്ള ഈ ബൈബിളിൽ യേശുവിനെകുറിച്ച് പറഞ്ഞിരിക്കുന്നവയിൽ എത്രമാത്രം ശരിയുണ്ടാവും? ഏതൊരു മനുഷ്യനെയും പോലെ ഭൂമിയിൽ ജനിക്കുകയും ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്ത ഒരു വ്യക്തിയിൽ ഒതുക്കിനിർത്താനാവുമോ ഈ മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെ? ദൈവം, അവനാണ് എന്നേക്കും ജീവിച്ചിരിക്കുന്നവൻ. ആകാശഭൂമികളിലുള്ളതെല്ലാം അവന്റേതാണ്. ആ ദൈവമാണോ "എന്തുകൊണ്ട് അങ്ങെന്നെ ഉപേക്ഷിച്ചു" എന്ന് നിലവിളിച്ചു കൊണ്ട് മരിച്ചത്? "ഞാനാണ് എന്നേക്കും ജീവിക്കുന്നവൻ." (നിയമാവർത്തനം 32:40). "യേശു ഉച്ചത്തിൽ നിലവിളിച്ചു കൊണ്ട് ജീവൻ വെടിഞ്ഞു." (മത്തായി 27:50). ഇവ രണ്ടും ഒരേസമയം എങ്ങനെ യാഥാർഥ്യമാകും? ദൈവം മരണമില്ലാത്തവനും ഒപ്പം മരിച്ചവനും ആകുമോ?

ഒരു കുഞ്ഞ് എന്തിനും ആശ്രയിക്കുന്നത് അച്ഛനെയല്ലേ? അവന് എന്തെങ്കിലും വേണമെങ്കിൽ ചോദിക്കുന്നതും അച്ഛനോടാണ്. അവന് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പറയുന്നതും അച്ഛനോടാണ്. അവൻ ഒന്ന് വീണാൽ ഓടിയെത്തി അവന്റെ കരച്ചിൽ മാറ്റി അവനെ ആശ്വസിപ്പിക്കുന്നതും അച്ഛനാണ്. അവൻ തെറ്റു ചെയ്താൽ അത് തിരുത്തി നേർമാർഗം കാണിച്ചു കൊടുക്കുന്നതും അച്ഛനാണ്. നിഷ്

കളങ്കനായഒരു കുഞ്ഞിന് ഇങ്ങനെയൊക്കെ ചെയ്യുന്ന അച്ഛനോട് എത്രമാത്രം സ്നേഹവും ബഹുമാനവും ഭയവും അടുപ്പവും ഉണ്ടാകും! ഇത്തരം ഒരു ബന്ധമല്ലേ നമുക്ക് നമ്മുടെ ദൈവവുമായി വേണ്ടത്? ഇങ്ങനെ ദൈവത്തെ 'പിതാവേ' എന്ന് വിളിക്കാനല്ലേ യേശുവും പഠിപ്പിച്ചത്? ബൈബിളിൽ പോലും ഇതുതന്നെ പറയുന്നു.

"നിങ്ങൾ ഇവിടെയെത്തുന്നതുവരെ കടന്നുപോരുന്ന വഴിയിലെല്ലാം നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ ഒരു പിതാവ് പുത്രനെയെന്നപോലെ വഹിച്ചിരുന്നത് മരുഭൂമിയിൽ വച്ച് നിങ്ങൾ കണ്ടതാണല്ലോ." (നിയമാവർത്തനം 1:31)

ദൈവത്തെ യേശു പിതാവ് എന്ന് വിളിച്ചതു കൊണ്ട് യേശുവിന്റെ അച്ഛൻ ദൈവമാകുമോ? "നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്." (യോഹന്നാൻ 8:44) യഹൂദരുടെ അച്ഛൻ പിശാചാകുമോ?

നിയമാവർത്തനം 21:23 പറയുന്നു: "മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്."

യഹൂദരോട് ദൈവരാജ്യത്തെപ്പറ്റിപ്പറയാൻ അയക്കപ്പെട്ട യേശുവിനെ അവരുടെ മുമ്പിൽ തന്നെ ശപിക്കപ്പെട്ടവനായി ദൈവം അവതരിപ്പിക്കും എന്ന് വിശ്വസിക്കാൻ എനിക്ക് കഴിയുന്നില്ല. "ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരണമേ." (മാർക്കോസ് 14:36). എന്ന് കഠിനമായ വേദനയോടെ പ്രാർഥിച്ച യേശുവിനെ ദൈവം എന്തിന് ചെവി കൊള്ളാതിരിക്കണം? പാപികളോട് പോലും ക്ഷമിക്കുന്ന കരുണാമയനായ നമ്മുടെ ദൈവം ഒരിക്കലും നീതിമാനായ തന്റെ ദാസനെ പാപികളുടെ അക്രമത്തിന് വിട്ടുകൊടുക്കും എന്ന് കരുതാൻ എനിക്ക് കഴിയുന്നില്ല. അങ്ങനെയെങ്കിൽ ദൈവം നീതി കാണിച്ചു എന്ന് പറയാനാകുമോ?

"അങ്ങയുടെ കാരുണ്യം ആകാശത്തോളവും അങ്ങയുടെ വിശ്വസ്തത മേഘങ്ങളോളവും വലുതാണ്." (സങ്കീർത്തനങ്ങൾ: 57:10)

# 5

## ഇവർ ഏകദൈവവിശ്വാസികളാണോ?

ദൈവവും പരിശുദ്ധാത്മാവും പിതാവിൽ നിന്ന് പുറപ്പെടുന്നു എന്നാണ് സഭ ആദ്യം മുതൽക്കേ അംഗീകരിച്ച് പോന്നത്. അതിന് വിരുദ്ധമായി, പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന ആശയം കൊണ്ടുവന്ന കത്തോലിക്കാ സഭയെ അംഗീകരിക്കുവാൻ പൗരസ്ത്യ ഓർത്തഡോക്സ് സഭക്ക് കഴിഞ്ഞി ല്ല. പൗരസ്ത്യ(ഓർത്തഡോക്സ്) സഭയും പാശ്ചാത്യ (റോമൻ ക ത്തോലിക്കാ) സഭയും തമ്മിലുള്ള ഭിന്നതയുടെ പല കാരണങ്ങളി ൽ ഒന്ന് ഇതായിരുന്നു. എന്നാൽ ഈ ആശയം കാനോനികമായി പ്രഖ്യാപിച്ചത് കോൺസ്റ്റന്റിനോപിളിലെ ഒന്നാമത്തെ കൗൺ സിലിലും തുടർന്ന് ലിയോൺസിലെ രണ്ടാമത്തെ കൗൺസിലിലും വെച്ചായിരുന്നു.

കത്തോലിക്കാ തിരുസഭയുടെ വിശ്വാസപ്രമാണത്തിൽ പോലും ത്രിത്വൈക ദൈവത്തെപ്പറ്റി പറയുന്നില്ല എന്നതാണ് എന്നെ കൂടുതൽ അത്ഭുതപ്പെടുത്തിയത്. ദൈവം എന്ന പരമസത്യത്തെ വിഭജിക്കുക യോ! ഏകദൈവത്തെ മൂന്നായി കാണുന്നത് കൊണ്ടെന്താണ് പ്രയോ ജനം? ദൈവമേ, എന്നു വിളിച്ചു പ്രാർഥിച്ചാൽ പോരേ? പിതാവേ ആരാധന! യേശുവേ ആരാധന! പരിശുദ്ധാത്മാവേ ആരാധന! എന്ന് പറയുന്നതെന്തിനാണ്, ഇവർ മൂന്നും ഒന്നാണെന്ന് ഉറപ്പാണെങ്കിൽ?

യേശു ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ ദൈവത്തോട് പ്രാർഥിച്ചിരുന്നു എന്നതിന് ബൈബിൾ തന്നെ സാക്ഷിയാണ്. മത്തായി 26:39, മാർക്കോസ് 14:36, ലൂക്കാ 22:42 തുടങ്ങിയവയിലെല്ലാം ഇക്കാര്യം നമുക്ക് കാണാൻ കഴിയും. അതായത് യേശുവിനും ഒരു ദൈവമുണ്ടായിരുന്നു എന്നർഥം. ദൈവത്തിന് ദൈവമോ? പ്രാർഥിച്ചപ്പോൾ യേശുവിന് മാനുഷികസ്വഭാവമായിരുന്നു എന്നാണെങ്കിൽ യേശു ത്രിത്വൈക ദൈവത്തോടാണ് പ്രാർഥിച്ചത് എന്നെങ്ങനെ പറയാൻ കഴിയും? യേശുവിന്റെ അനുയായികൾ യേശുവിനെ അനുകരിക്കുകയല്ലേ വേണ്ടത്? യഥാർഥ ക്രിസ്ത്യാനി യേശുവിനോടാണോ പ്രാർഥിക്കേണ്ടത് അതോ യേശു പ്രാർഥിച്ച ദൈവത്തോടോ?

ത്രിത്വത്തിലെ മൂന്നാളും തുല്യരാണെന്നാണ് പറയപ്പെടുന്നത്. എന്നാൽ ബൈബിളിൽ ഇങ്ങനെയാണ് എനിക്ക് വായിക്കാൻ കഴിഞ്ഞത്:

"ഞാനല്ലാതെ മറ്റൊരുവനില്ല. ഞാൻ ഞാൻ തന്നെ. എന്നെപ്പോലെ മറ്റാരുമില്ല." (ഏശയ്യാ 46:9)

"എന്നാൽ പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവനോട് ക്ഷമിക്കപ്പെടുകയില്ല." (ലൂക്കാ 12:10)

ത്രിത്വത്തിലെ മൂന്നുപേരും തുല്യരാണെങ്കിൽ എന്തുകൊണ്ടിങ്ങനെ 'പക്ഷപാതപരമായ' പ്രയോഗങ്ങൾ കടന്നുവരുന്നു? ബൈബിൾ പ്രകാരം, യേശു കുരിശിൽ ജീവൻ വെടിഞ്ഞപ്പോൾ ത്രിത്വ സങ്കൽപത്തിന് എന്തു സംഭവിച്ചു? എന്നാൽ ഞാൻ മനസ്സിലാക്കിയ ദൈവം എന്നേക്കും ജീവിക്കുന്നവനാണ്. ബൈബിളിൽ തന്നെ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

"അവിടുന്ന് മാത്രമാണ് മരണമില്ലാത്തവൻ" (1 തിമോത്തെയോസ് 6:16). ഇവിടെ പറയപ്പെട്ട 'അവിടുന്ന്' പിതാവാണോ? അതോ യേശുവോ? യേശുവാണെങ്കിൽ അദ്ദേഹം കുരിശിൽ കിടന്ന് മരണം വരിച്ചു എന്നല്ലേ മമ്മീ, നാം വിശ്വസിക്കുന്നത്? അപ്പോൾ അമരത്വമുള്ള മറ്റൊരു ദൈവത്തെ കുറിക്കാനാണ് മേൽ വാചകം ഉപയോഗിച്ചത് എന്നല്ലേ മമ്മീ, മനസ്സിലാക്കാൻ കഴിയുന്നത്? ദൈവത്തെ കുറിക്കുന്ന മറ്റു രംഗങ്ങളിലും ഇതിന് സമാനമായ വിശ്വാസം തന്നെയാണ് കാണാൻ കഴിയുക.

"എന്നാൽ അവനാകട്ടെ പാപങ്ങൾക്ക് വേണ്ടി എന്നേക്കുമായുള്ള ഏകബലി അർപിച്ചുകഴിഞ്ഞപ്പോൾ ദൈവത്തിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനായി." (എബ്രായർ 10:12)

ദൈവത്തിന്റെ വലതു ഭാഗത്ത് എന്നു പറയുമ്പോൾ ഉദ്ദേശിക്കപ്പെടുന്നത് യേശു ദൈവമല്ലാത്തമറ്റൊരാളാണ് എന്ന് തന്നെയല്ലേ? എന്നിട്ടും യേശു ദൈവമാണ് എന്നു പറയുകയാണെങ്കിൽ രണ്ട് ദൈവത്തെ തന്നെയല്ലേ ആരാധിക്കുന്നത്? എന്നാൽ ഇതിന് വിപരീതമായി ശക്തമായ ഏകദൈവവിശ്വാസമാണ് ബൈബിൾ പഠിപ്പിക്കുന്നത്.

“ഇതാ ഞാനാണ്, ഞാൻ മാത്രമാണ് ദൈവം; ഞാനല്ലാതെ വേറേ ദൈവമില്ല.” (നിയമാവർത്തനം 32:39)

“ഞാൻ, അതെ ഞാൻ തന്നെയാണ് കർത്താവ്. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല.” (ഏശയ്യാ 43:11)

“ഇസ്രയേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്.” (നിയമാവർത്തനം 6:4)

“നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം. ഞാനിന്ന് കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം.” (നിയമാവർത്തനം 6:5)

യേശുവും ഇതു തന്നെയല്ലേ പറഞ്ഞത്? നിയമത്തിലെ ഏറ്റവും പ്രധാനമായ കൽപന ഏതാണെന്ന ചോദ്യത്തിന് യേശു നൽകിയ മറുപടിയും ഇതു തന്നെയല്ലേ? (മത്തായി 22:37, മാർക്കോസ് 12:29, ലൂക്കാ 10:27) ഇതിനെയെല്ലാം അവഗണിച്ച് യേശുവും ദൈവമാണെന്ന് അവകാശപ്പെടുകയാണെങ്കിൽ താഴെ കാണുന്ന വചനങ്ങളെ നാം എങ്ങനെ ന്യായീകരിക്കും?

“കർത്താവ് ഭൂമി മുഴുവത്തിന്റെയും രാജാവായി വാഴും. അന്ന് കർത്താവ് ഒരുവൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. അവിടുത്തേക്ക് ഒരു നാമവും.” (സഖറിയ 14:9)

“മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഗ്രഹിച്ച് അത് ഹൃദയത്തിൽ ഉറപ്പിക്കുവിൻ.” (നിയമാവർത്തനം 4:39)

“അപ്പോൾ അഗ്നിയുടെ മധ്യത്തിൽ നിന്ന് കർത്താവ് നിങ്ങളോട് സംസാരിച്ചു. നിങ്ങൾ ശബ്ദം കേട്ടു, ശബ്ദം മാത്രം, രൂപം കണ്ടില്ല.” (നിയമാവർത്തനം 4:12)

യേശു തന്നെയാണോ ഇതെല്ലാം ചെയ്തത്? അങ്ങനെയെങ്കിൽ യേശു പിതാവിന്റെ വലതു ഭാഗത്തിരിക്കുന്നു എന്ന് മാർക്കോസ് 16:19ൽ പറയുന്നതെന്ത് കൊണ്ട്? പിതാവും യേശുവും രണ്ട്

വ്യത്യസ്തമായ അസ്തിത്വങ്ങളാണ്എന്നല്ലേ മമ്മീ, ബൈബിൾ വചനങ്ങളിൽ നിന്ന് ഗ്രഹിക്കാൻ സാധിക്കുന്നത്?

ഇല്ല, ഞാൻ വിശ്വസിക്കുന്ന ദൈവത്തിന്റെ രൂപമെന്തെന്ന് ആർക്കുമറിയില്ല. രൂപമെന്തു തന്നെയായാലും അത് ഭൂമിയിലെ ഒരു മനുഷ്യനും കണ്ടുനിൽക്കാനാവില്ല. കേവലം മനുഷ്യന് വിവരിക്കാൻ കഴിയുന്നതല്ല ദൈവത്തിന്റെ അസ്തിത്വം എന്നാണെന്റെ വിശ്വാസം. ബൈബിൾ തന്നെ പറയുന്നു: "ഞാനാണ് കർത്താവ്; അതാണ് എന്റെ നാമം. എന്റെ മഹത്വം ഞാൻ മറ്റാർക്കും നൽകുകയില്ല." (ഏശയ്യാ 42:8) ഈ ദൈവത്തെയാണോ വിഭജിച്ചു കാണേണ്ടത്?

ദൈവം ഒന്നിൽ മൂന്ന് എന്ന് യേശു വരെയുള്ള ഏതെങ്കിലും ഒരു പ്രവാചകൻ പറഞ്ഞു നാം കേട്ടിട്ടുണ്ടോ? വിവിധ കാലങ്ങളിലായി പല സാഹചര്യങ്ങളിലും അനേകം പ്രവാചകന്മാർ വന്നിട്ടുണ്ടെങ്കിലും ഇത്തരമൊരു ആശയം ആരും പറഞ്ഞതായി ഞാൻ വായിച്ചിട്ടില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രമെ രക്ഷയുള്ളൂ എന്നാണ് ചെറുപ്പം മുതലേ മമ്മിയെന്നെ പഠിപ്പിച്ചിട്ടുള്ളത്. ഇന്ന് ഞാൻ ചിന്തിക്കുന്നു – അതാണ് സത്യമെങ്കിൽ അബ്രഹാമും മോശയും ദാവീദും ഒന്നും രക്ഷ പ്രാപിക്കില്ലേ? അവർക്ക് വേറേ തരം രക്ഷ, നമുക്ക് വേറേ. അങ്ങനെയാണോ? അവർക്ക് ത്രിത്വൈക ദൈവം വേണ്ടേ രക്ഷ പ്രാപിക്കാൻ; നമുക്ക് മാത്രം മതിയോ?

ഇതിന് സമാനമായ ദൈവസങ്കൽപം മറ്റൊരിടത്ത് ഞാൻ കേട്ടിട്ടുണ്ട്; ഹിന്ദു മതത്തിൽ. ബ്രഹ്മാവ്, ശിവൻ, വിഷ്ണു എന്നിവരടങ്ങിയ ത്രിമൂർത്തീ സങ്കൽപം. റോമാ സാമ്രാജ്യത്തിലെ മതം പേഗൻ മതമായിരുന്നു. ആ മതത്തിലെ ദേവന്മാർക്ക് പുത്രന്മാരുണ്ടായിരുന്നു. അവിടെ നിന്ന് കടമെടുത്തതാകാം ഇത്തരം ആശയങ്ങൾ.

കത്തോലിക്കാ സഭ സുനഹദോസ് കൂടുമ്പോൾ ഓരോരോ പുതിയ കാര്യങ്ങൾ ഉണ്ടാക്കുകയാണ് ചെയ്തുപോന്നിട്ടുള്ളത്. ഒന്നാമത്തെ കൗൺസിലിൽ യേശുവിന് ദൈവത്വം നൽകി. രണ്ടാമത്തേതിൽ പരിശുദ്ധാത്മാവിനും ദൈവത്വം നൽകി. പിന്നെ മറിയത്തെ ദൈവമാതാവായി പ്രഖ്യാപിച്ചു. പന്ത്രണ്ടാമത്തെ കൗൺസിലിൽ പാപങ്ങൾ ക്ഷമിക്കുവാൻ സഭക്ക് അധികാരമുണ്ടെന്ന് പ്രഖ്യാപിച്ചു. ഇരുപതാമത്തെകൗൺസിലിൽ പോപ്പിന്റെ അധികാരങ്ങൾ പ്രഖ്യാപിച്ചു; ഇങ്ങനെ പോകുന്നു ആ 'പരിഷ്കാരങ്ങൾ':

In Scripture there is as yet no single term by which the Three Divine Persons are denoted together. The word [tri'as] (of which the Latin trinitas is a translation) is first found in Theophilus of Antioch about A. D. 180 *(The dogma of the Trinity, The Catholic Encyclopedia)*

The formulation `one God in three Persons'was not solidly established, certainly not fully assimilated into Christian life and its profession of faith, prior to the end of the 4th century. But it is precisely this formulation that has first claim to the title the Trinitarian dogma. Among the Apostolic Fathers, there had been nothing even remotely approaching such a mentality or perspective. (*The New Catholic Encyclopedia (1967), Vol. XIV, p. 299)*

**തിരുവോസ്തിയെ ആരാധിക്കാമോ?**

ദിവ്യബലിയാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതലായ ഭാഗം എന്നുതന്നെ പറയാം. അപ്പവും വീഞ്ഞും വൈദികൻ ആശീർവദിക്കുമ്പോൾ യേശുവിന്റെ ശരീരവും രക്തവുമായി മാറുന്നു എന്ന് സഭ പ്രഖ്യാപിച്ചത് നാലാമത്തെ ലാറ്ററൻ കൗൺസിലിൽ വച്ചായിരുന്നു. 'വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാരനുമാണ്' (സുഭാഷിതങ്ങൾ 20:1) എന്നാണ് സുഭാഷിതം. എന്നാൽ അതു ദൈവത്തിന്റെ രക്തമായിവണങ്ങുന്നതും നാം തന്നെ. 'കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരി പാനീയങ്ങളോ അവൻ കുടിക്കുകയില്ല' (ലൂക്കാ 1:15) എന്ന ബൈബിൾ വചനങ്ങളൊന്നും ഇവിടെ പ്രസക്തമല്ല. കർത്താവിന്റെ സന്നിധിയിലെ വലിയവർ കുടിക്കാത്തതാണോ നമ്മുടെ പള്ളിയിലെ പുരോഹിതന്മാർ കുടിക്കുന്നത് എന്ന് ചോദിച്ചാൽ മൗനമായിരിക്കും ഉത്തരം.

ഇനി, യേശുവിന്റെ കുരിശിലെ ബലിയെയെടുത്ത് പരിശോധിക്കുക. ഏതാനും ചില ദിവസങ്ങളിലേക്കോ ആഴ്ചകളിലേക്കോ മാത്രം പരിമിതപ്പെടുത്താവുന്ന രൂപത്തിലല്ല ആ ബലിയെ കുറിച്ച് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്, മറിച്ച് എന്നെന്നേക്കുമായുള്ള ബലിയാണ് എന്ന് തന്നെയാണ്.

"എന്നാൽ അവനാകട്ടെ പാപങ്ങൾക്ക് വേണ്ടി എന്നേക്കുമായുള്ള ഏക ബലി അർപിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി." (ഹെബ്രായർ 10:12)

യേശുവിന്റെ ഏക ബലി പാപങ്ങൾ മായ്ച്ചുവെങ്കിൽ എന്നും എന്തിനാണ് ദേവാലയങ്ങളിൽ ദിവ്യബലി അർപിക്കപ്പെടുന്നത്? അങ്ങനെ അർപിക്കുന്ന ഒരു ബലിയും പൂർണമല്ലാത്തത് കൊണ്ടല്ലേ വീണ്ടും ബലി അർപിക്കേണ്ടി വരുന്നത്! യേശുവിന്റെ ബലി ഓരോ മനുഷ്യന്റെയും പാപങ്ങൾക്ക് പരിഹാരമായെങ്കിൽ വീണ്ടും പാപമോചനം തേടേണ്ടതുണ്ടോ? ബൈബിളിന്റെ ഈ രംഗത്തുള്ള വീക്ഷണമെന്താണെന്ന് ഹെബ്രായർക്കുള്ള ലേഖനത്തിൽ തന്നെ പറയുന്നുണ്ട്: "അതിനാൽ ആണ്ട്തോറും ഒരേ ബലി തന്നെ അർപിക്കപ്പെടുന്നെങ്കിലും അവയിൽസംബന്ധിക്കുന്നവരെ പൂർണരാക്കാൻ അവക്ക് ഒരിക്കലും കഴിയുന്നില്ല. അവക്ക്കഴിയുമായിരുന്നെങ്കിൽ ബലിയർപണം തന്നെ നിന്നുപോകുമായിരുന്നില്ലേ?" (ഹെബ്രായർ 10:1)

പാപങ്ങൾക്കുള്ള പരിഹാരത്തിന് പോലും അപരരുടെ ബലി കാരണമാകുകയില്ല എന്നാണ് ബൈബിൾ അധ്യാപനം. അവനവന്റെ തെറ്റിന് സ്വയം തന്നെ ശിക്ഷയനുഭവിക്കണമെന്നാണ് ബൈബിൾ പറയുന്നത്. അല്ലാതെ അന്യരുടെ മരണം ഒരാളേയും നീതീകരിക്കയില്ല.

"മക്കൾക്കു വേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കു വേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം.'' (നിയമാവർത്തനം 24:16).

"പാപം ചെയ്യുന്നവൻ മാത്രമായിരിക്കും മരിക്കുക. പുത്രൻ പിതാവിന്റെ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ തന്റെ നീതിയുടെ ഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും." (എസക്കിയേൽ 18:20)

"Adoration of Christ in this Sacrament of love must also find expression in various forms of Eucharistic devotion: personal prayer before the Blessed Sacrament [the Eucharist], hours of adoration, periods of exposition - short, prolonged and annual (Forty Hours) - Eucharistic benediction, Eucharistic processions, Eucharistic Congresses."

...[E]ucharistic worship is the center and goal of all sacramental life.

തിരുവോസ്തി യേശുവിന്റെ ശരീരമാണ്, അത് ദൈവമാണ്, അത് ആരാധനായോഗ്യമാണ്എന്നാണ് വിശ്വാസം. വൈദികൻ ആശീർവ

ദിച്ച ഗോതമ്പ് അപ്പവും മുന്തിരിനീരും യേശുവിന്റെ ശരീരവും രക്ത വും ആയതുകൊണ്ട് ഇരുപത്തിനാല് മണിക്കൂറും ഓസ്തിയെ ആരാ ധിക്കുന്ന ദേവാലയങ്ങൾ ധാരാളമുണ്ട്. അങ്ങനെയെങ്കിൽ അപ്പത്തി നെപ്പോലും ദൈവമാക്കാൻ കഴിയുന്ന വൈദികനല്ലേ മമ്മീ, യഥാർഥ ത്തിൽ ദൈവത്തെക്കാൾ ശ്രേഷ്ഠൻ? സർവശക്തനായ ദൈവത്തെ ഇതിൽപരം മോശമായി ചിത്രീകരിക്കാൻ എങ്ങനെ കഴിയും? ഒരാ ളുടെ ആത്മാവിനെ ആവാഹിക്കുക അല്ലെങ്കിൽ ഏതെങ്കിലും ശക്തി യെ ആവാഹിച്ച് മറ്റൊന്നിൽ സ്ഥാപിക്കുക എന്നൊക്കെയുള്ള പ്രവർ ത്തനങ്ങൾ മന്ത്രവാദവും ആഭിചാരകർമവുമെല്ലാമാണ്; അതിനാൽ തന്നെ അത്തരം ദുഷ്കർമങ്ങളെ നാമെതിർക്കുന്നു. ഒന്നോർത്താൽ രണ്ടിലും അടിസ്ഥാനപരമായി സംഭവിക്കുന്നത് ഒന്നു തന്നെയല്ലേ? ഇതിനേക്കാൾ വലിയ ഏതെങ്കിലും ആഭിചാരകർമമുണ്ടോ?

അപ്പവും മുന്തിരിനീരും യേശുവിന്റെ ശരീരമാണെന്നും അത് ഭക്ഷി ക്കുന്നവർക്ക് യേശുവിലൂടെ ജീവിക്കാൻ കഴിയുമെന്നുമാണ് വിശ്വാസം. അങ്ങനെ യേശു കാരണം ജീവിക്കുന്നതിനാണ് കുർബാന സ്വീക രിക്കേണ്ടത് എന്നാണ് പറയപ്പെടുന്നത്. ഇതിന് പ്രധാനമായും തെ ളിവായുദ്ധരിക്കാറുള്ളത് യോഹന്നാൻ സുവിശേഷത്തിലെ ഒരു വച നമാണ്. അതിപ്രകാരമാണ്: “ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവ് മൂലം ജീവിക്കുന്നു. അതു പോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.” (യോഹന്നാൻ 6:57)

ഇതുപോലുള്ള വചനങ്ങൾക്ക് വാച്യാർഥത്തിൽ തന്നെ വ്യാഖ്യാ നം നൽകിയാൽ ഭീകരമായ അബദ്ധത്തിലാണ് ചെന്നെത്തുക. ഉദാ ഹരണമായി ഈ വചനം നോക്കുക: “ആത്മാവാണ് ജീവൻ ന ൽകുന്നത്.ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പ റഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്.” (യോഹന്നാൻ 6:63)

മേൽ വചനത്തിന് നൽകിയ വ്യാഖ്യാനപ്രകാരം യേശുവിന്റെ ശരീരം മാത്രമല്ല വാക്കുകളും ജീവന് നിദാനം തന്നെയാണ്. ഇത്തരം ചില പദപ്രയോഗങ്ങളുടെ പിൻബലത്തിലാണ് മമ്മീ, നാം വിശ്വസി ക്കുന്ന നിയമങ്ങളുടെ അടിയാധാരങ്ങൾ തന്നെ നിലനിൽക്കുന്ന തെന്നത് എത്രമാത്രം അപഹാസ്യമല്ല!!

ഇനി ഇവർ വിശ്വസിക്കുന്നത് പോലെ ഏതെങ്കിലും പുണ്യപുരുഷ ന്മാരുടെ ജീവനിലോ മജ്ജയിലോ പ്രത്യക്ഷനാവാൻ മാത്രം പരിമി

തികളുള്ളവനാണ് ദൈവം എന്ന് വിശ്വസിക്കാൻ എനിക്കേതായാലും നിവൃത്തിയില്ല; ബൈബിളിനെ കുറിച്ച് സാമാന്യധാരണയുള്ളവർ ഇക്കാര്യം ശരിവെക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

''പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമിതങ്ങളായ ആലയങ്ങളിലല്ല വസിക്കുന്നത്.'' (അപ്പ. പ്രവർത്തനങ്ങൾ 17:24) എന്നല്ലേ അപ്പോസ്തലപ്രമാണം!

ആരാധനക്ക് യോഗ്യൻ ദൈവം മാത്രമാണ് എന്ന് പറയുമ്പോൾ തന്നെ ദിവ്യകാരുണ്യ ആരാധന ദൈവാരാധന തന്നെയാണ് എന്നും പറഞ്ഞുവെക്കുന്നു. എന്നാൽ എന്റെ ദൈവം വെള്ളി പൂശിയ ലോഹപാത്രത്തിൽ മുറിച്ച് വെച്ചിരിക്കുന്ന ഭൗതികവസ്തുവാണെന്ന് വിശ്വസിക്കാൻ എനിക്ക് കഴിയില്ല. വെള്ള നിറത്തിലുള്ള ദൈവം, മുറിക്കാൻ കഴിയുന്ന ദൈവം, ഭക്ഷിക്കുന്ന ദൈവം.. ഇങ്ങനെയൊരു ദൈവത്തെ ഞാൻ വായിച്ചറിഞ്ഞ പ്രവാചകന്മാരോ യേശുവോ എനിക്ക് ഉപദേശിച്ചിട്ടില്ല. ഇത്ര നിസാരമായി ദൈവത്തെ പരിചയപ്പെടുത്താൻ ശരിയായ ഈശ്വരവിശ്വാസം കൈമുതലായിട്ടുള്ളവർക്ക് കഴിയുമോ! അത് യേശുവിന്റെ ദൈവമല്ല; അതിനാൽ തന്നെ യേശുവിന്റെ അനുയായി ആയ എന്റെ ദൈവവുമല്ല. ദൈവം എന്ന വാക്ക് നിസ്സാരമായി പറഞ്ഞു പോകാറുണ്ട് നാം. നാമുൾകൊള്ളുന്ന ഈ ഭൂമിയടക്കമുള്ള അനേകം കോടി സങ്കീർണങ്ങളായ ചരാചരങ്ങളെ സൃഷ്ടിച്ച് കൃത്യമായി പരിപാലിക്കുന്ന ദൈവത്തെപ്പറ്റിയാണ് പറയുന്നത് എന്ന് പോലും ഓർക്കാതെ...

### വിശുദ്ധരോട് പ്രാർഥിക്കാമോ?

പ്രാർഥന എന്നത് മനുഷ്യനും ദൈവവും തമ്മിലുള്ള സംഭാഷണമാണ് എന്ന് പറയാറുണ്ട്. അങ്ങനെയെങ്കിൽ ഞാൻ വിശുദ്ധരോട് പ്രാർഥിക്കുമ്പോൾ ആരുമായാണ് സംഭാഷണം നടത്തുന്നത്? എന്റെയും എന്റെ ദൈവത്തിന്റെയും ഇടയിൽ മറ്റൊരാൾ ഉണ്ടാകുന്നത് ഞാൻ ദൈവത്തിൽ നിന്ന് കുറച്ചകലെയാണ് എന്ന ബോധം ഉണ്ടാക്കാൻ മാത്രമല്ലേ ഉപകരിക്കുക? ഒരു ഫയൽ പാസാക്കണമെങ്കിൽ മന്ത്രിയെ പരിചയമുണ്ടെങ്കിലാണോ അതോ മന്ത്രിയുടെ പി.എയെ പരിചയമുണ്ടെങ്കിലാണോ മമ്മീ, നമുക്ക് കൂടുതൽ ഉറപ്പുണ്ടാകുന്നത്! മനസ്സിൽ എന്ത് പ്രയാസങ്ങളുണ്ടെങ്കിലും അത് ദൈവ

ത്തോട് തുറന്ന് പറയുന്നതിലൂടെയല്ലേ കൂടുതൽ മനസമാധാനം കൈവരികയുള്ളൂ? ഇത് തന്നെയല്ലേ മമ്മീ, ബൈബിളും പഠിപ്പിക്കുന്നത്?

“ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്ക് തുറന്ന് കിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്ന് കിട്ടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ല് കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്ക് നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നല്കും.” (മത്തായി 7:7–11)

ദൈവത്തിന് തന്റെ സൃഷ്ടികളോടുള്ള ബന്ധത്തിന്റെ ആഴമാണ് മേൽ വചനങ്ങളിലൂടെ വ്യക്തമാവുന്നത്. ചോദിക്കുന്ന ഏതൊരുവനും നൽകാൻ കാത്തിരിക്കുന്ന നമ്മുടെ ദൈവത്തിന് ആരുടെയെങ്കിലും ശുപാർശ ആവശ്യമുണ്ടോ? “തന്നോട് ചോദിക്കുന്നവർക്ക് ദൈവം നൽകും. ദൈവത്തിന്റെ മുമ്പിൽ മനുഷ്യർ എല്ലാവരും ഒരുപോലെയല്ലേ.” (ജ്ഞാനം 6:7)

“തന്നെ ഹൃദയപരമാർഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവ് സമീപസ്ഥനാണ്.” (സങ്കീർത്തനങ്ങൾ 145:18)

ഞാൻ വിശുദ്ധർ വഴി പ്രാർഥിക്കുകയാണെങ്കിൽ എന്റെ ഹൃദയപരമാർഥത ആരോടായിരിക്കും? വിശുദ്ധരായ നമ്മുടെ പൂർകവികർ ദൈവത്തോട് മാത്രം പ്രാർഥിച്ചുവെങ്കിൽ ഞാനും അങ്ങനെ പ്രാർഥിച്ചാൽ പോരെ? ഞാനും അവരെ പോലെ ദൈവത്തിന്റെ സൃഷ്ടിയല്ലേ? എന്നെയും അവരെയും ഒരുപോലെ തന്നെയല്ലേ ദൈവം ഭൂമിയിൽ ജനിപ്പിച്ചത്?

“സകലത്തിന്റെയും കർത്താവ് ആരെയും ഭയപ്പെടുന്നില്ല. വലിയവനെ മാനിക്കുന്നില്ല. അവിടുന്നാണ് വലിയവനെയും ചെറിയവനെയും സൃഷ്ടിച്ചത്. അവിടുന്ന് എല്ലാവരേയും ഒരു പോലെ പരിഗണിക്കുന്നു.” (ജ്ഞാനം 6:7)

മരിച്ചുപോയ പലരെയം നാം വിശുദ്ധരായി ഗണിക്കുന്നു. മരണം സംഭവിച്ചവർ അന്ത്യവിധി ദിവസം നോക്കി കഴിയുന്നവരാണ്. അവ

സാന വിധി ദൈവം പ്രസ്താവിച്ചശേഷമല്ലേ അവർ നീതിമാനായാണോ അതോ നീതിരഹിതനായിട്ടാണോ വിധിക്കപ്പെട്ടത് എന്ന് തീരുമാനമാകൂ? ഒരാൾ വിശുദ്ധൻ എന്ന് പ്രഖ്യാപിക്കാൻ മനുഷ്യന് എന്തവകാശം? ഈ ലോകത്തിൽ ഒരുവന് മറ്റൊരുവനേക്കാൾ ശ്രേഷ്ഠത കൽപിച്ചു നൽകാൻ മനുഷ്യന് എന്തധികാരം? മരണ ശേഷം അവനവൻ തന്നെ എവിടെയാകുമെന്ന് നിശ്ചയമുണ്ടോ? ഒരാൾ വിശുദ്ധൻ എന്ന് പറയുമ്പോൾ ദൈവത്തിന്റെ അന്ത്യവിധിയെ പോലും പിന്തള്ളിക്കൊണ്ട് സംസാരിക്കുകയല്ലേ നാം ചെയ്യുന്നത് !

"അവിടുന്ന് മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്." (മാർക്കോസ് 12:27)

വിശുദ്ധർ മരിച്ചവരല്ലേ! ജീവിച്ചിരിക്കുന്ന നമ്മൾ പറയുന്നതാണോ ദൈവം കേൾക്കുക അതോ മരിച്ചു മണ്മറഞ്ഞ ഇവർ പ്രാർഥിക്കുന്നതോ?

"മരിച്ചവൻ വിശ്രമിക്കുമ്പോൾ അവനെ കുറിച്ചുള്ള സ്മരണയും അവസാനിക്കട്ടെ." (പ്രഭാഷകൻ 38:23)

മരിച്ചുപോയ, വിശുദ്ധന്മാർ എന്നു പറയപ്പെടുന്നവരുടെ, ഓർമ ആചരിക്കാൻ എത്ര മാത്രം ധനമാണ് ഓരോ ഇടവകയിലും ഇന്ന് ചെലവാക്കുന്നത്!

"ജീവനുള്ള നായ ചത്ത സിംഹത്തെക്കാൾ ഭേദമാണല്ലോ. കാരണം, ജീവിക്കുന്നവർക്കറിയാം തങ്ങൾ മരിക്കുമെന്ന്. മരിച്ചവരാകട്ടെ ഒന്നും അറിയുന്നില്ല. അവർക്ക് ഒരു പ്രതിഫലവും ഇനിയില്ല. അവരെക്കുറിച്ചുള്ള സ്മരണ അസ്തമിച്ചിരിക്കുന്നു. അവരുടെ സ്നേഹവും, ദ്വേഷവും, അസൂയയും നശിച്ചു കഴിഞ്ഞു. സൂര്യന് കീഴെ ഒന്നിലും ഇനിമേൽ അവർക്ക് ഓഹരിയില്ല." (സഭാപ്രസംഗകൻ 9:4-7)

മരണം ഒരു വാതിലാണ്. അതിലൂടെ പ്രവേശിച്ചു കഴിഞ്ഞവർക്ക് പിന്നെ വികാരങ്ങളോ വിചാരങ്ങളോ ഇല്ല. അവർക്ക് ഒന്നും സാധ്യമല്ല. ഈ ഭൂമിയിൽ നിന്ന് മരിച്ച് വിശുദ്ധ പട്ടം നേടിയവരുടെ സ്ഥിതിയും ഇതു തന്നെയല്ലേ? അവർക്ക് എങ്ങനെയാണ് ജീവിച്ചിരിക്കുന്നവർക്ക് വേണ്ടി പ്രാർഥിക്കാൻ കഴിയുക?

ബഹുദൈവവിശ്വാസികളുടെ പല ആശയങ്ങളും കത്തോലിക്കർ കടമെടുത്തിട്ടില്ലേ? വിദ്യയുടെ ദേവി സരസ്വതി, ജലത്തിന്റെ ദേവൻ, വരുണൻ എന്നൊക്കെ ഹിന്ദുക്കൾ പറയുന്നത് കേട്ടിട്ടില്ലേ? തൊഴി

ലാളികളുടെ മധ്യസ്ഥൻ ഔസേപ്പിതാവ്, വൈദികരുടെ മധ്യസ്ഥൻ ജോൺ വിയന്നി, വിദ്യാർഥികളുടെ മധ്യസ്ഥൻ തോമസ് അക്വീനാസ് എന്നൊക്കെ ക്രിസ്ത്യാനികളും പറയാൻ തുടങ്ങിയിരിക്കുന്നു! ഇവരേക്കാളും ഏറെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ദൈവത്തിനിഷ്ടപ്പെട്ടവരായി ജീവിക്കുകയും ചെയ്ത ധാരാളം പേർ യേശുവിന് മുമ്പും ഉണ്ടായിരുന്നില്ലേ? യേശുവോ മറ്റേതെങ്കിലും പ്രവാചകനോ ഏകദൈവത്തിൽ വിശ്വസിച്ച ആരെങ്കിലുമോ മണ്മറഞ്ഞുപോയ അവരോടാരോടെങ്കിലും പ്രാർഥന അഭ്യർഥിച്ചതായി കേട്ടിട്ടുണ്ടോ!

"എന്നെ വിളിക്കുക, ഞാൻ മറുപടി നല്കും." (ജറെമിയാ 33:3)

എന്നിട്ടും ആ ദൈവത്തെ നേരിട്ട് വിളിക്കാൻ പറ്റില്ല എന്ന് ശാഠ്യം പിടിച്ച് ശുപാർശക്കാരെ തേടിയുള്ള പരക്കം പാച്ചിലിലാണ് നമ്മുടെയാളുകൾ.

**പോപ്പ് അഥവാ ഭൂമിയിലെ ദൈവം?!**

സഭയിലെ കർമങ്ങളും ആചാരങ്ങളും ഒക്കെ തീരുമാനിക്കുന്ന സഭയുടെ മേലധികാരി മാർപാപ്പയാണല്ലോ! മമ്മീ, മാർപാപ്പയുടെ അധികാരപരിധികൾ എന്തൊക്കെയാണെന്ന് അറിയാൻ എനിക്ക് തോന്നി. അങ്ങനെയാണ് ഇതുമായി ബന്ധപ്പെട്ട ചില ക്രൈസ്തവ ലേഖനങ്ങൾ വായിച്ചു നോക്കിയത്. (ഉദാ: Lucius Ferr-aris, "Papa," art. 2, in his *Prompta Biblio-theca Canonica, Juridica, Moralis, The-ologica, Ascetica, Polemica, Rubristica, Historica.* (Handy Library), Volume V, article on "Papa, Article II", titled "Concerning the extent of Papal dignity, authority, or dominion and infallibility, #1, 5, 13-15, 18, published in Petit-Montrouge (Paris) by J. P. Migne, 1858 edition). എനിക്ക് വായിക്കാൻ കഴിഞ്ഞത് ഇപ്രകാരമാണ്:

"The Pope is of so great dignity and so exalted that he is not mere man, but **as it were God**, and the vicar of God."

"As to papal authority, the **Pope is as it were God on earth**, Sole sovereign of all the faithful of Christ, chief king of kings, having a plentitude of unbroken power, entrusted by the omnipotent God to govern the earthly and heavenly kingdoms."

പോപ്പ് ദൈവത്തെപോലെയാണെന്നും ഭൂമിയിലെ ദൈവം തന്നെയാണെന്നും സഭ പഠിപ്പിക്കുന്നുവെന്നർഥം. മമ്മിക്ക് ഇതംഗീകരിക്കാ

ൻ കഴിയുമോ? എനിക്ക് ഏതായാലും കഴിയില്ല. കാരണം, ബൈബിൾ പറയുന്നു: "ഞാനാണ് കർത്താവ്; അതാണ് എന്റെ നാമം. എന്റെ മഹത്വം ഞാൻ മറ്റാർക്കും നൽകുകയില്ല." (ഏശയ്യാ 42:8)

Hence, the Pope is crowned with a triple crown, as **king of heaven** and of earth and of the lower regions.

ഇനി ബൈബിൾ ശ്രദ്ധിക്കുക:

"നബുക്കദ്നേസറായ ഞാൻ ഇപ്പോൾ സ്വർഗത്തിന്റെ രാജാവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു." (ദാനിയേൽ 4:37)

ദൈവം സ്വർഗത്തിന്റെ രാജാവെന്ന് പ്രവചകൻ പറയുന്നു. പോപ്പ് സ്വർഗത്തിന്റെ രാജാവെന്ന് സഭ പറയുന്നു. നാം ആരെ അംഗീകരിക്കണം? ഞാൻ പ്രവാചകന്മാരുടെ കൂടെയാണ്. മമ്മിയോ?

The Pope is of so great authority and power, that he is **able to modify, declare, or interpret even divine laws.**

ദൈവിക നിയമങ്ങളിൽ പോലും മാറ്റംവരുത്താനും അവയെ വ്യാഖ്യാനിക്കാനുമുള്ള അധികാരം പോപ്പിനുണ്ട് എന്ന് സഭ പഠിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ നിയമങ്ങൾ ലംഘിക്കുകയും തിരുത്തുകയും ചെയ്യുന്നവരെക്കുറിച്ച് ബൈബിൾ തന്നെ പറയുന്നു: "അവർ എന്നെന്നും എന്റെ ചട്ടങ്ങൾ ആദരിക്കാനും തന്റെ നിയമങ്ങൾ അനുസരിക്കാനും വേണ്ടി തന്നെ." (സങ്കീർത്തനങ്ങൾ 105:45)

"അവർ നിയമങ്ങൾ ലംഘിക്കുകയും കൽപനകളിൽ നിന്ന് വ്യതിചലിക്കുകയും അങ്ങനെ ശാശ്വതമായ ഉടമ്പടിക്ക് ഭംഗം വരുത്തുകയും ചെയ്തിരിക്കുന്നു." (ഏശയ്യാ 24:5)

"നിയമങ്ങളും ഉത്സവദിനങ്ങളും മാറ്റുന്നതിന് അവൻ ആലോചിക്കും" (ദാനിയേൽ 7:25). (ഭൂമി മുഴുവൻ വെട്ടിവിഴുങ്ങുകയും ചവിട്ടി മെതിക്കുകയും ചെയ്യുന്ന നാലാമത്തെ മൃഗമാണ് അവൻ)

Moreover the superiority and the power of the Roman Pontiff by no means pertains only to heavenly things, but also earthly things, and to things under the earth, and even over the angels, whom he his greater than. So that if it were possible that the angels might err in the faith, or might think contrary to the faith, they could be judged and excommunicated by the Pope....

മാലാഖമാർ തെറ്റ് ചെയ്താൽ അവരെ വിധിക്കാനും പുറത്താക്കാനുമുള്ള അധികരം പോലും പോപ്പിനുണ്ടത്രേ!

"എന്നാൽ യേശു അവരെ അടുത്തുവിളിച്ച് ഇപ്രകാരം പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെ മേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. (മത്തായി 20:25-26, മാർക്കോസ്10:42-43, ലൂക്ക 22:25-26).

To believe that our **Lord God the Pope** has not the power to decree as he is decreed, is to be deemed heretical. The Gloss of Extravagantes of Pope John XXII, Cum. Inter, title 14, chapter 4, Ad Callem Sexti Decretalium, Column 140, Paris, 1685. (In an Antwerp edition of the Extravagantes, the words, Dominum Deum Nostrum Papam (Our Lord God the Pope) can be found in column 153).

നോക്കൂ, പറഞ്ഞ് പറഞ്ഞ് പോപ്പ് കർത്താവായ ദൈവം തന്നെയാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു!!!

We declare, say, define, and pronounce that it is absolutely NECESSARY FOR the SALVATION of every human creature to be SUBJECT TO THE ROMAN PONTIFF (POPE). POPE BONIFACE VIII, BULL UNUN SANCTUM, 1302

ഏതൊരു മനുഷ്യനും രക്ഷ പ്രാപിക്കണമെങ്കിൽ പോപ്പിന്റെ അധികാരപരിധിയിലായിരിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ രക്ഷപ്രാപിക്കാൻചെയ്യേണ്ടത്ഇതൊന്നുമല്ലഎന്നാണ്യേശു പറഞ്ഞത്:

"ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക." (മത്തായി 19:17)

"സകലത്തിന്റെയും കർത്താവ് ആരെയും ഭയപ്പെടുന്നില്ല. വലിയവനെ മാനിക്കുന്നില്ല. അവിടുന്നാണ് വലിയവനെയും ചെറിയവനെയും സൃഷ്ടിച്ചത്. അവിടുന്ന് എല്ലാവരേയും ഒരു പോലെ പരിഗണിക്കുന്നു." (ജ്ഞാനം 6:7)

**വിഗ്രഹങ്ങളെ വണങ്ങാമോ?**

ആരാണ് ദൈവം? വെളുത്ത താടിയും മുടിയുമുള്ള, മേഘങ്ങളുടെ ഇടയിൽ നിന്ന് താഴേക്ക് നോക്കുന്ന വയസ്സായ ആളാണോ എന്റെ ദൈവം? നീണ്ട മുടിയുള്ള സുന്ദരനായ യുവാവാണോ എന്റെ ദൈവം?

കിരീടംവെച്ച രാജാവാണോ എന്റെ ദൈവം? അമ്മയുടെ കയ്യിലിരിക്കുന്നകുഞ്ഞാണോ എന്റെ ദൈവം? പ്രാവിന്റെ രൂപമാണോ എന്റെ ദൈവത്തിന്? ആരാണ് ഈ രൂപങ്ങളിലുള്ള എന്റെ ദൈവത്തെ കണ്ട് ചിത്രം വരച്ചത്?

AD 726 ൽ ബൈസന്റൈൻ ചക്രവർത്തി ലിയോ മൂന്നാമൻ നാടകീയമായ ഒരു കൽപന പുറപ്പെടുവിച്ചു. ക്രിസ്തുവും ബൈസന്റൈൻ ചക്രവർത്തിമാരും തമ്മിലുള്ള ബന്ധത്തിന്റെ ഒരടയാളം എന്നോണം അവിടെ സ്വർണത്തിലുള്ള യേശുവിന്റെ ഒരു വലിയ രൂപം ഉണ്ടായിരുന്നു. അത് ഇല്ലാതാക്കണം എന്നായിരുന്നു കൽപന. AD 730ൽ എല്ലാ രൂപങ്ങളും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. ക്രിസ്തുവിന്റെയും മറിയത്തിന്റെയും വിശുദ്ധന്മാരുടെയും ചിത്രങ്ങൾ വണങ്ങുന്നത് വിഗ്രഹാരാധന ആയേക്കുമെന്ന് കരുതിയാണ് അവയൊക്കെ ഇല്ലായ്മ ചെയ്യാൻ ആജ്ഞ പുറപ്പെടുവിച്ചത്. അതിന്റെ ഭാഗമായി സാമ്രാജ്യത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ രൂപങ്ങളും നശിപ്പിക്കപ്പെട്ടു. എന്നാൽ ചക്രവർത്തിയുടെ നീക്കത്തെ മാർപാപ്പ അനുകൂലിച്ചില്ല. പ്രതിമകളിലൂടെ വിശുദ്ധരെ വണങ്ങുന്നത് തെറ്റല്ലെന്ന് 787ൽ നിഖ്യായിൽ സമ്മേളിച്ച ഏഴാം എക്യുമെനിക്കൽ കൗൺസിൽ പ്രഖ്യാപിച്ചു.

We define that the holy icons, whether in color, mosaic, or some other material, should be exhibited in the holy churches of God, on the sacred vessels and liturgical vestments, on the walls, furnishings, and in houses and along the roads, namely the icons of our Lord God and Savior Jesus Christ, that of our Lady the Theotokos, those of the venerable angels and those of all saintly people. Whenever these representations are contemplated, they will cause those who look at them to commemorate and love their prototype. We define also that they should be kissed and that they are an object of veneration and honor, but not of real worship , which is reserved for Him Who is the subject of our faith and is proper for the divine nature only. ..Rendered image of an icon is in effect transmitted to the prototype; he who venerates the icon, venerated in it the reality for which it stands. - The Seventh general council, the second of Nicea held AD787

“മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റേയും പ്രതിമയോ സ്വരൂപമോ നീ നിർമിക്കരുത്. അവക്ക് മുമ്പിൽ പ്രണമിക്കുകയോ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഞാൻ നിന്റെ ദൈവമായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്.” (പുറപ്പാട് 20:45)

പ്രതിമകൾ നിർമിക്കുകയേ അരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ടും എന്തുകൊണ്ടാണ് യേശുവിന്റെയും മറിയത്തിന്റെയും വിശുദ്ധന്മാരുടെയും എല്ലാം രൂപങ്ങൾ നിർമിക്കുന്നത്? ചിലർ പറയുന്നു ഈ വചനം അന്യദേവന്മാരെയാണ് ഉദ്ദേശിക്കുന്നത് എന്ന്. ഈ പറഞ്ഞിരിക്കുന്ന എല്ലാവരും തന്നെ ഭൂമിയിൽ ഉണ്ടായിരുന്നവരാണല്ലോ! അവരുടെ രൂപങ്ങളെ കത്തോലിക്കർ പ്രണമിക്കുന്നില്ലേ? കുരിശുചുംബനം കത്തോലിക്കാ സഭ അംഗീകരിച്ചല്ലേ ദുഃഖവെള്ളിയാഴ്ച്ച നടത്തുന്നത്?

“എന്തെന്നാൽ അസഹിഷ്ണു എന്ന് പേരുള്ള കർത്താവ് അസഹിഷ്ണുവായ ദൈവം തന്നെ.” (പുറപ്പാട് 34:14)

വിഗ്രഹാരാധകർ പറയുന്നു അവരുടെ പ്രതിമകളിൽ ദൈവസാന്നിധ്യമുണ്ട് അതുകൊണ്ട് അതിനെ ആരാധിക്കുന്നു എന്ന്. ദിവ്യകാരുണ്യാരാധന എന്ന് പറഞ്ഞുകൊണ്ട് ഓസ്തി ആരാധിക്കുന്നവരും പറയുന്നത് ഇതുതന്നെയല്ലേ? രണ്ടുകൂട്ടരും തമ്മിൽ എന്താണ് വ്യത്യാസം?

“ദൈവത്തിന്റെ ആലയത്തിന് വിഗ്രഹങ്ങളുമായി എന്ത് പൊരുത്തമാണുള്ളത്?” (2 കോറിന്തോസ് 6:16)

“പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമിതങ്ങളായ ആലയങ്ങളിലല്ല വസിക്കുന്നത്.” (അപ്പ. പ്രവർത്തനങ്ങൾ 17:24)

ദൈവത്തെ യഥാർഥത്തിൽ അനുഭവിച്ചറിഞ്ഞ ഒരാൾക്ക് വിഗ്രഹം കണ്ടാൽ എന്ത് അധിക അനുഭവമാണ് ഉണ്ടാകുന്നത്? അപ്പസ്തോലന്മാർ യേശുവിനെയും മറിയത്തെയും ഒക്കെ കണ്ടവരാണല്ലോ. അവരുടെയൊക്കെ രൂപം നിർമിച്ചുകൊള്ളുവിൻ എന്ന് എന്തുകൊണ്ട് പറഞ്ഞില്ല? ബൈബിൾ വിരുദ്ധമായ ബഹുദൈവാരാധനയിലേക്ക് കുഞ്ഞാടുകളെ വഴിനടത്തുന്ന പുരോഹിതന്മരേ,ഈ ബൈബിൾ വാക്യം നിങ്ങളെ കുറിച്ച് തന്നെയാണ്:

"ഈ ജനത്തെ നയിക്കുന്നവർ അവരെ വഴിതെറ്റിക്കുകയാണ്. അവരാൽ നയിക്കപ്പെടുന്നവർ നശിക്കുന്നു." (ഏശയ്യാ 9:16)

# 6

# മമ്മീ, ഇത്
# യേശുവിന്റേയോ ദൈവത്തിന്റേയോ മതമല്ല!

ജനനം മുതൽ മരണം വരെ മോശയുടെ നിയമങ്ങൾ അനുസരിച്ചാണ് യേശു ജീവിച്ചത്.

“നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കുവാനാണ് ഞാൻ വന്നത്.” (മത്തായി 5:17)

“ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ചെറിയവൻ എന്ന് വിളിക്കപ്പെടും.” (മത്തായി 5:19)

വിശ്വാസികളുടെ പിതാവായ അബ്രഹത്തിനോട് ചെയ്ത പരിച്ഛേദന ഉടമ്പടി മുതൽ ഉപവാസം വരെ യേശു പാലിച്ചു.

“ദൈവം അബ്രാഹത്തോട്: നിങ്ങളിൽ പുരുഷന്മാരെല്ലാം പരിച്ഛേദനം ചെയ്യണം. നിങ്ങൾ അഗ്രചർമം ഛേദിക്കണം’’ (ഉൽപത്തി 17:10, 11).

മുപ്പത്തിമൂന്ന് വർഷം ജീവിച്ചിട്ടും മൂന്ന് വർഷത്തെ പരസ്യ ജീവിതകാലത്തിലും ഒരിക്കൽ പോലും യേശു പരിച്ഛേദനത്തിന് എതിരായി എന്തെങ്കിലും പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല. എന്നിട്ടും യേശുവിനെ കാണുകയോ യേശുവിന്റെ പ്രബോധനം കേൾക്കു

കയോ ചെയ്യാത്ത പൗലോസ് എന്തുകൊണ്ട് പുതിയ നിയമങ്ങൾ കൊണ്ടുവന്നു?

"പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ ക്രിസ്തു നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല." (ഗലാത്തിയ 5:2)

"പരിച്ഛേദനം സ്വീകരിക്കുന്ന ഓരോ മനുഷ്യനോടും ഞാൻ വീണ്ടും ഉറപ്പിച്ച് പറയുന്നു, അവൻ നിയമം മുഴുവൻ പാലിക്കാൻ കടപ്പെട്ടവനാണ്." (ഗലാത്തിയ 5:3)

നിയമത്തിൽ നിന്ന് ഇളവ് ലഭിക്കാനാണോ പരിച്ഛേദനം സ്വീകരിക്കാതിരിക്കേണ്ടത്?

"ഞാൻ നല്കുന്ന കൽപനകളോട് ഒന്നും കൂട്ടിച്ചേർക്കുകയോ അതിൽനിന്ന് എന്തെങ്കിലും എടുത്തു കളയുകയോ ചെയ്യരുത്." (നിയമാവർത്തനം 4:2)

ഒരു പുതിയ മതം ഉണ്ടാക്കാൻ യേശു ഉദ്ദേശിച്ചിരുന്നോ? താൻ പാലിച്ചിരുന്ന മതത്തിൽ നിന്നും മാറി ജീവിക്കാൻ യേശു പഠിപ്പിച്ചോ? യഹൂദർ പാലിച്ചിരുന്ന നിയമങ്ങളും ആചാരങ്ങളും പാലിക്കാതിരിക്കാൻ യേശു പ്രേരിപ്പിച്ചോ? (മത്തായി 8:4, മത്തായി 19:17).യേശു, മോശ വഴി നൽകപ്പെട്ട നിയമങ്ങളും കൽപനകളും പാലിച്ചിരുന്നില്ലേ?യേശുക്രിസ്തുവിന്റെ അനുയായികൾ ആണല്ലോ ക്രിസ്ത്യാനികൾ! യേശുവിനെ അനുകരിക്കുന്നവർ ആകേണ്ടവരല്ലേ ക്രിസ്ത്യാനികൾ? എങ്കിൽ യേശു ചെയ്തതൊക്കെ ക്രിസ്ത്യാനികളും ചെയ്യേണ്ടേ? ഏത് ക്രിസ്ത്യാനിയാണ് ഇത് പോലെ ജീവിക്കുന്നത്? ഞാനുൾപെട്ടിരുന്ന കത്തോലിക്കാ സഭ യേശുവിനെ അനുകരിച്ചിരുന്നില്ല. അപ്പോസ്തലൻമാരെയും അനുകരിച്ചിരുന്നില്ല. അപ്പോസ്തലൻമാർ യേശുവിന്റെ ജനനം ആഘോഷിച്ചിരുന്നതായി ബൈബിളിൽ പറഞ്ഞിട്ടുണ്ടോ? ദുഖവെള്ളിയാഴ്ചയും കുരിശാരാധനയും നടത്താൻ യേശു പറഞ്ഞോ? അല്ലെങ്കിൽ അപ്പോസ്തലൻമാർ പറഞ്ഞോ? പിന്നെ ആരെയാണ് അവർ അനുകരിക്കുന്നത്? സംശയിക്കേണ്ട, പൗലോസിനെത്തന്നെ! യഥാർഥത്തിൽ ഈ പൗലോസ് അനുകരണയോഗ്യനാണോ?

"എന്തെന്നാൽ ദൈവത്തിന്റെ ഭോഷത്തം മനുഷ്യരെക്കാൾ ജ്ഞാനം ഉള്ളതും, ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാളും ശക്തവുമാണ്." (1 കോറിന്തോസ് 1:25)

ദൈവത്തെ മനുഷ്യനുമായി താരതമ്യം ചെയ്യാമോ? അത് ഒന്നാമത്തെ ദൈവദൂഷണമല്ലേ? ദൈവത്തിന്റെ ഭോഷത്തം എന്ന് ഉച്ചരിക്കാൻ തന്നെ പാടുണ്ടോ? ദൈവത്തിന് ബലഹീനതയോ? ഇതിനേക്കാൾ

വലിയ ദൈവദൂഷണം ഉണ്ടോ? യേശുവിന്റെ അപ്പോസ്തലൻ എന്ന് അവകാശപ്പെട്ട പൗലോസ് യേശുവിന്റെ പ്രബോധനങ്ങൾ കേട്ടിട്ടുണ്ടോ? യേശു പഠിപ്പിച്ചത് എന്താണ്? "സഹോദരനെ ഭോഷ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരും" (മത്തായി 5:22)

സഹോദരനെ ഭോഷ! എന്നു വിളിക്കുന്നവന്റെ സ്ഥിതി ഇതാണ്. അപ്പോൾ അത്തരമൊരു വാക്ക് ദൈവവുമായി ചേർത്ത് പറയുന്ന ഒരാളുടെ സ്ഥിതി എന്തായിരിക്കും! ഇങ്ങനെ പറയുന്നവരെ എന്തു ചെയ്യാനാണ് ദൈവം പറഞ്ഞത്: "കർത്താവിന്റെ നാമം ദുഷിക്കുന്നവനെ കൊന്നു കളയണം. സമൂഹം മുഴുവൻ അവനെ കല്ലെറിയണം." (ലേവ്യർ 24:16)

പ്രാർഥന ദൈവവുമായുള്ള സംഭാഷണമാണ്. ക്രിസ്ത്യാനിയുടെ കുടുംബപ്രാർഥനയിൽ ദൈവത്തെ ആരാധിക്കാൻ എത്ര സമയമാണുള്ളത്? ജപമാലയാണ് ഇന്ന് ക്രൈസ്തവകുടുംബത്തിൽ പ്രാർഥന. ജപമാലയിൽ അമ്പത്തിമൂന്ന് തവണ 'നന്മനിറഞ്ഞ മറിയമേ സ്വസ്തി' എന്നു പറയുമ്പോൾ 'ദൈവമേ സ്തുതി' എന്ന് എത്ര തവണ പറയുന്നു? 'മുഖ്യദൂതനായ വിശുദ്ധ മിഖായേലേ' എന്നുതുടങ്ങുന്നതിൽ എവിടെ ദൈവത്തെ ആരാധിക്കുന്നു? 'പരിശുദ്ധ രാജ്ഞി' എന്ന പ്രാർഥനയിൽ എവിടെ ദൈവത്തെ സ്തുതിക്കുന്നു? 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർഥനയിൽ എവിടെ ദൈവത്തെ സ്മരിക്കുന്നു? മറിയത്തെ ഓർക്കുന്നതിന്റെ നാലിലൊന്നു തവണയെങ്കിലും മറിയത്തെ സൃഷ്ടിച്ച ദൈവത്തെ ഓർക്കാറുണ്ടോ? തന്നെക്കാളേറേ തന്റെ സൃഷ്ടിയെപ്പറ്റി ചിന്തിക്കുന്നവരെ നമ്മുടെ ദൈവം എങ്ങനെയാണ് പരിഗണിക്കുക? ചിന്തിക്കാനുള്ള കഴിവും വ്യക്തമായ തെളിവുകളും നൽകിയിട്ടും വഴിപിഴച്ചുപോയവരോട് ദൈവം എങ്ങനെയാവും പെരുമാറുക?

ഇങ്ങനെയൊക്കെ പ്രാർഥനാസമയം ചെലവഴിക്കുന്നവരുടെ ഇടയിൽ ദൈവത്തെ മാത്രം ആരാധിക്കുകയും ധ്യാനിക്കുകയും അവിടുത്തോട് മാത്രം പാപമോചനം തേടുകയും ചെയ്യുന്നവരെ ദൈവം എത്രമാത്രം അനുഗ്രഹിക്കുന്നുണ്ടാവും! തീർച്ചയായും അവർക്കുള്ള പ്രതിഫലം വിധിദിനത്തിൽ എല്ലാ ജനതകളുടെയും മുമ്പാകെ ലഭിക്കുന്നതായിരിക്കും. അന്ന് ആർക്കും തെറ്റ് തിരുത്താനോ പശ്ചാത്തപിക്കാനോ അവസരം ഉണ്ടാവില്ല. ആർക്കും ആർക്ക് വേണ്ടിയും ശുപാർശ ചെയ്യാൻ കഴിയാത്തതും, ആർക്ക് വേണ്ടിയും ആരുടെയും ശുപാർശ സ്വീകരിക്കപ്പെടാത്തതുമായ ദിവസമായിരിക്കും അത്. സ്വർഗാരോഹണം ചെയ്യപ്പെട്ടിരിക്കുന്ന യേശു തന്നെ ഇന്ന് യേശുവിനെ ദൈവമായി കരുതി ആരാധിക്കുന്നവർക്കുള്ള

മറുപടിയും ആ ദിവസത്തിൽ നല്കും. അല്ലെങ്കിൽ യേശു പറഞ്ഞതായി ബൈബിൾ പറയുന്ന ഈ വാക്കുകളുടെ അർഥം എന്തായിരിക്കും -"അന്നു പലരും എന്നോട് ചോദിക്കും: കർത്താവേ, കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും, നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോട് പറയും: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽ നിന്നു അകന്ന് പോകുവിൻ."(മത്തായി 7:22). തീർച്ചയായും ദൈവത്തെ അല്ലാതെ തന്നെ വിളിച്ചപേക്ഷിക്കുന്നവരെ യേശു ആ നാളിൽ തള്ളിപ്പറയും.

ബൈബിൾ, സഭ, പ്രാർഥന എന്ന് പറഞ്ഞു നടക്കുന്ന എത്രപേർക്കറിയാം മരിച്ച ശേഷം തന്റെ അസ്ഥികളെ സ്പർശിച്ച ജഢത്തെ ഉയർപിച്ച പ്രവാചകൻ യേശുവല്ല, ഏലിയാ ആണെന്ന്? 'നിന്നെ കണ്ടവരും നിന്റെ സ്നേഹത്തിന് പാത്രമായവരും അനുഗ്രഹീതർ, അവർ ജീവിക്കും.' ഇത് യേശുവിനെപ്പറ്റി പറഞ്ഞതല്ല. അപ്പോൾ ഇവരെയും നമ്മൾ ആരാധിക്കേണ്ടേ?"ജീവിച്ചിരുന്നപ്പോഴെന്ന പോലെ മരണശേഷവും അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചു." ഇദ്ദേഹത്തോടും പ്രാർഥിക്കാമോ? "നാവിന് തേൻ പോലെയും വീഞ്ഞുസൽകാരത്തിൽ സംഗീതം പോലെയും ആണത്." എന്ത്? ദൈവവചനം എന്നാവും നമ്മുടെ ഉത്തരം. എന്നാൽ അതല്ല. ജോസിയായുടെ സ്മരണ. ഷേമും സേത്തും ബഹുമാനിതരാണ്. സൃഷ്ട്ടികൾക്കെല്ലാം ഉപരിയായി ആദവും. ഈ ആദത്തെ മനുഷ്യൻ ഉണ്ടാക്കിയ ജന്മപാപം എന്ന ആശയം കാരണം മോശക്കാരനായല്ലേ നാം കണ്ടിട്ടുള്ളു? ഇവരോടും മധ്യസ്ഥം ചോദിക്കേണ്ടേ?

ക്രൈസ്തവ കുടുംബത്തിൽ ജനിച്ച ഞാൻ ഒരു ക്രിസ്ത്യൻ മിഷനറി ആയിത്തീർന്നെങ്കിൽ എല്ലാവരും സന്തോഷിക്കുമായിരിക്കും. പക്ഷേ ഞാൻ തിരിച്ചറിഞ്ഞ സത്യം പറയുകയാണെങ്കിൽ-അത് അവർക്ക് ബോധ്യമായാൽ പോലും -സമൂഹം, മറ്റുള്ളവർ എന്നൊക്കെ പറഞ്ഞ് മാറ്റിനിർത്തും. നമ്മൾ ചെയ്യുന്നതും പ്രവർത്തിക്കുന്നതും ഈ പറഞ്ഞ സമൂഹത്തെയും മറ്റും കാണിക്കാനാണോ? "മറ്റുള്ളവരെ കാണിക്കാൻ വേണ്ടി നിങ്ങൾ അവരുടെ മുമ്പിൽ വെച്ച് നിങ്ങളുടെ സൽകർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്ക് പ്രതിഫലമില്ല." (മത്തായി 6:1)

ആരെയാണ് ഞാൻ ഭയപ്പെടേണ്ടത്? ദൈവത്തെയോ സമൂഹത്തെയോ? ഏതാണ് കൂടുതൽ പ്രധാനം -കുടുംബത്തിന്റെ അഭിമാനമോ അതോ ദൈവത്തിന്റെ മുമ്പിലുള്ള അഭിമാനമോ?

7

# ഒടുവിൽ, ഞാൻ സത്യം കണ്ടെത്തി...

ഓരോ വ്യക്തിയും അവന് ഇഷ്ടമായേക്കാവുന്ന ജീവിതസാഹചര്യങ്ങളിലാവില്ല ജനിക്കുന്നത്. കുടുംബത്തിന്റെ മതം അഥവാ ആശയങ്ങൾ, ആദ്യം മുതൽക്കേ അവനിൽ അടിച്ചേൽപിക്കപ്പെടുന്നു. വളർന്നുവരുന്നതനുസരിച്ച് അത് മാത്രമാണ് സത്യം എന്ന ധാരണയിലേക്കവൻ എത്തിച്ചേരുകയാണുണ്ടാവുക. പക്ഷേ, ചിലർ സ്വയം ചോദ്യം ചെയ്യുകയും കാരണങ്ങൾ തേടുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ചിലർ ആ ശ്രമത്തിൽ വിജയിക്കുന്നു. ചിലർപരാജയപ്പെടുന്നു. ദൈവാനുഗ്രഹത്താൽ ഞാൻ ഇതിൽ ഒന്നാമത്തെ കൂട്ടത്തിൽ എത്തിച്ചേരുകയാണുണ്ടായത്.

ഞാനൊരു നിരന്തര സത്യാന്വേഷകയോ തത്ത്വചിന്തകളുടെ സൂക്ഷിപ്പുകാരിയോ ഉത്തമ ദൈവഭക്തയോ ഒന്നുമല്ല. തെറ്റുകളുടെ കൂമ്പാരമായിരുന്നു എന്റെ ജീവിതം. എങ്കിലും ആലോചനയിൽ പലപ്പോഴും ആത്മീയത കടന്നുവന്നിരുന്നു, ദൈനംദിന ജീവിതത്തിന്റെ ഓരോ രംഗങ്ങളിലും ദൈവഭയം നിറഞ്ഞുനിന്നിരുന്നു, അന്ത്യവിധിയിലും സ്വർഗനരകങ്ങളിലും വിശ്വസിച്ചിരുന്നു. ഏതൊക്കെ തരത്തിൽ ജീവിച്ചാലും എന്തൊക്കെ ആദർശങ്ങൾ വെച്ചുപുലർത്തിയാലും ദൈവം നേർവഴിയിലാക്കാൻ ഉദ്ദേശിച്ചെങ്കിൽ അവനതിനുള്ള മാർഗവും കാണിക്കും എന്നതിനുള്ള തെളിവാണ് എന്റെ ജീവിതം.

ഇങ്ങനെയൊക്കെ എഴുതേണ്ടി വരുമെന്നോ അത് അച്ചടിച്ച് വരുമെന്നോ എന്നൊന്നും ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല. മനസ്സിൽ ഉത്തരം കിട്ടാത്തകുറേ ചോദ്യങ്ങളുണ്ടായിരുന്നു; സംശയങ്ങൾ ബാക്കി കിടപ്പുണ്ടായിരുന്നു. അതിനുള്ള ഉത്തരങ്ങൾ, പരിഹാരങ്ങൾ ഏതെങ്കിലുമൊരു ഗ്രന്ഥത്തിൽ നിന്ന് കണ്ടെത്താൻ കഴിയുമെന്നത് അചിന്ത്യമായിരുന്നു അക്കാലത്ത്. വെറുതേ ഒന്നു വായിച്ചു നോക്കാം എന്ന് കരുതി ഞാൻ വായിച്ച ഒരു ഗ്രന്ഥമുണ്ട്. അതിന്റെ ഉള്ളടക്കത്തെപ്പറ്റി യാതൊരറിവും എനിക്കുണ്ടായിരുന്നില്ല. തികച്ചും അപരിചിതം. ഞാനുമായി ഒരു ബന്ധവുമില്ല എന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ച ഗ്രന്ഥം. വായിച്ചുകഴിഞ്ഞപ്പോൾ എന്റെ മനസ്സിനെ ആ നിമിഷത്തേക്കെങ്കിലും ഒരു കുഞ്ഞിന്റേത് പോലെയാക്കി തീർത്ത ഗ്രന്ഥം. അതായിരുന്നു പരിശുദ്ധ ഖുർആൻ.

പൂനെയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് ഒരുപാട് ഫ്രീ ടൈം കിട്ടുമായിരുന്നു. അന്നൊക്കെ പല മതങ്ങളെപ്പറ്റിയും സംസാരിച്ചിരുന്നു. പാർസി, സിഖ് അങ്ങനെ പല മതങ്ങളും. എന്നും ബൈബിളിനേയും ക്രിസ്തുമതത്തേയും മുമ്പിൽ തന്നെ നിർത്താൻ ഞാൻ ശ്രമിച്ചിരുന്നു. അത്തരമൊരു സംസാരത്തിനിടയിലാണ് സഹജീവനക്കാരനായ ആനന്ദിന്റെ സംസാരം മനസ്സിൽ തട്ടിയത്. “നിങ്ങൾക്ക് എത്രമാത്രം ബൈബിളുണ്ട്; ഏകദൈവത്തെ ആരാധിക്കുന്നതും മാറ്റം വരാത്ത വിശുദ്ധ ഗ്രന്ഥമുള്ളതും മുസ്‌ലിംകൾക്കാണ്.” മുസ്‌ലിം കൂട്ടുകാരൊക്കെ ഉണ്ടെങ്കിലും ഇസ്‌ലാമിലെ ഏകദൈവസങ്കൽപത്തെക്കുറിച്ചറിയാമെങ്കിലും എനിക്ക് ആ മതത്തെപ്പറ്റി ഒന്നുമറിയില്ലായിരുന്നു. അറിയാൻ ശ്രമിച്ചിട്ടുമില്ല. കാരണം, എന്തൊക്കെയായാലും ആദി മനുഷ്യൻ ആദമിനെ സൃഷ്ടിച്ചത് ഞങ്ങളുടെ ദൈവമാണ്. നോഹയും, അബ്രഹാമും, ജോസഫും, മോശയും, ദാവീദും, യേശുവും ഒന്നുമില്ലാത്ത മതമൊന്നും എനിക്കൊരിക്കലും ദൈവത്തിലേക്കുള്ള വഴിയായി ചിന്തിക്കാൻ കഴിയുമായിരുന്നില്ല.

സുഹൃത്തിന്റെ ആകെയുള്ള പ്രശ്നം ബൈബിളിന് ഒന്നിലേറെ പ്രതികളുണ്ട് എന്നതാണ്. അതാണെങ്കിൽ ഇനി മാറ്റാനൊട്ടു സാധ്യമല്ല താനും. പിന്നെയുള്ള ഏകപരിഹാരം ഖുർആനും ഒരുപാട് ഭിന്ന കോപ്പികളുണ്ടെന്ന് തെളിയിക്കലാണ്. ഇന്റർനെറ്റടക്കമുള്ള ആധുനിക സൗകര്യങ്ങളുള്ള ഇക്കാലത്ത് അതത്ര പ്രയാസമുള്ള കാര്യമല്ല

താനും. അങ്ങനെപ്പോയി എന്റെ ചിന്തകൾ. ഇന്റർനെറ്റ് തന്നെയായിരുന്നു ആദ്യ പഠനമാർഗം. അന്വേഷണം പുരോഗമിച്ചപ്പോൾ ശരിക്കും ഞെട്ടിപ്പോയി. ഇതേ ആവശ്യവുമായി ജർമനിയിലെ മ്യൂണിച്ച് സർവകലാശാല, ഉള്ളതിൽ ഏറ്റവും പുരാതനമായ കയ്യെഴുത്തുപ്രതി മുതൽ ഇന്നു വരെയുള്ള 42000 ഖുർആൻ കോപ്പികൾ ശേഖരിച്ച് അര നൂറ്റാണ്ട് ഗവേഷണം നടത്തിയപ്പോൾ ഇവ തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നായിരുന്നു പഠനഫലമത്രെ! വ്യത്യസ്തമായ അനേകം കോപ്പികൾമിനിറ്റുകൾ കൊണ്ട് കയ്യിലെടുക്കാൻ, ബൈബിളിന്റെ കാര്യത്തിൽ യാതൊരു പ്രയാസവുമില്ല എന്ന തിരിച്ചറിവാണ് എന്നെ ഏറെ ചകിതയാക്കിയത്. ഇതിന് ഒന്നു സഞ്ചരിക്കുക കൂടി വേണ്ട; വീടിന്റെ നാലുചുമരുകൾക്കിടയിലിരുന്നു തന്നെ സാധ്യമാവും എന്നത് ഖുർആനിനോടുള്ള ആദരവിന് കൂടുതൽ മിഴിവേകി.

ഖുർആൻ ആദ്യം മുതൽ അവസാനം വരെ വായിക്കണമെന്ന തീരുമാനമെടുത്തത് അന്നാണ്. 2008 ഡിസംബർ 19; ഞാനിന്നുമോർക്കുന്നു, ആ ദിവസമാണ് എന്റെ ആദ്യ ഖുർആൻ വായന പൂർത്തിയായത്. പൂർണമായും ഗ്രഹിക്കാൻ പിന്നെയും വേണ്ടിവന്നു മാസങ്ങൾ. ഞാൻവായിച്ചു; വീണ്ടും വീണ്ടും വായിച്ചു. ഏതോ ഒരു ആന്തരികശക്തി അതെന്നെ വീണ്ടും വീണ്ടും വായിപ്പിച്ചു എന്ന് പറയുന്നതാവും ശരി. ഞാൻ എന്താണെന്നും ഖുർആൻ എന്താണെന്നും എനിക്ക് വ്യക്തമായി. അതെ, ഞാനെന്റെ മാർഗം കണ്ടെത്തുകയായിരുന്നു.

2009 ഫെബ്രുവരിയിൽ ജോലി നഷ്ടപ്പെട്ടപ്പോൾ ഞാൻ ഒരുപാടു സങ്കടപ്പെട്ടു. എന്തെങ്കിലും ജോലി കിട്ടിയാൽ മതി എന്നു കരുതി കാൾസെന്ററിലും കോർപറേറ്റ് സ്ഥാപനങ്ങളിലുമെല്ലാം അപേക്ഷിച്ചു. ഒന്നും കിട്ടിയില്ല. ഒരുപാട് വിഷമിച്ചു. പക്ഷെ ദൈവം എനിക്കായി ഒരുക്കിയിരുന്ന പദ്ധതി എന്താണെന്ന് ഞാൻ ഇന്നാണ് മനസ്സിലാക്കുന്നത്. ദൈവം എന്നെ പഠിപ്പിച്ചു. അതിനു വേണ്ടി മാത്രം എന്റെ സമയം വിനിയോഗിക്കാൻ വേണ്ടിയായിരുന്നു ജോലി പോയതെന്നു ഇന്നു ഞാൻ മനസ്സിലാക്കുന്നു. എല്ലാ അപേക്ഷകളും അപ്രതീക്ഷിതമായി പരാജയപ്പെട്ടപ്പോൾ തികഞ്ഞ ഇച്ഛാഭംഗം എന്നെ പിടികൂടി. ദൈവം എനിക്കായി ഒരുക്കിയ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നു അതെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. കൂടുതൽ പഠിക്കാനും പഠിച്ചത് നവീകരിക്കാനും ഈ സമയം വേണ്ടുവോളമായിരുന്നു. ജോലിന

ഷ്ടത്തിന്റെ ആനുകൂല്യത്താൽ അന്ന് ലഭിച്ച സമയത്തെക്കുറിച്ചുള്ള എന്റെ ധാരണ വിധിവിശ്വാസത്തെ കുറിച്ചുള്ള പഠനത്തോടെ പൂർണമായി.

ഖുർആനിലെ ഒന്നാമത്തെ അധ്യായമായ അൽ ഫാതിഹ വായിച്ചു തുടങ്ങിയപ്പോൾ ക്രിസ്ത്യാനികളുടെ സ്വർഗസ്ഥനായ പിതാവ് പോലെയാണ് ആ അധ്യായത്തിൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് എന്നാണെനിക്ക് തോന്നിയത്. രണ്ടാമത്തെ അധ്യായം അൽ ബഖറയുടെ വിവർത്തനത്തിന്റെ ഇൻഡക്സിൽ ''The Cow''എന്നു കണ്ടപ്പോൾ പെട്ടെന്നു പുറപ്പാടു പുസ്തകത്തിലെ സ്വർണം കൊണ്ടുള്ള കാളക്കുട്ടിയെയാണ് ഓർമ വന്നത്. പക്ഷെ, ബൈബിൾ പുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി ദൈവികഗ്രന്ഥത്തിന്റെ സത്യത വിളിച്ചോതിക്കൊണ്ടാണ് ഖുർആനിലെ ആ അധ്യായം ആരംഭിക്കുന്നത് തന്നെ എന്നത് എത്രമാത്രം അത്ഭുതാവഹമല്ല! പ്രസ്തുത അധ്യായം തുടങ്ങുന്നത് ഇങ്ങിനെയാണ്: "അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.'' (2:1,2)

ഇതിനേക്കാൾ നല്ല ആശയം ഒരു പുസ്തകത്തിന്റെ ആമുഖത്തിനും ഞാൻ കണ്ടിട്ടില്ല. മുൻ വേദങ്ങളെ സത്യപ്പെടുത്തുന്ന ദൈവിക ഗ്രന്ഥമായ ഖുർആനിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്ത് വേദക്കാരെ (ജൂതന്മാരെയും ക്രിസ്ത്യാനികളെയും) പ്രത്യേകമായി അഭിസംബോധന ചെയ്തുകൊണ്ടുള്ള വചനങ്ങളും ഖുർആനിൽ കണ്ടെത്താൻ കഴിയും. "ഹേ; വേദഗ്രന്ഥം നൽകപ്പെട്ടവരേ, നിങ്ങളുടെ പക്കലുള്ള വേദത്തെ സത്യപ്പെടുത്തിക്കൊണ്ട് നാം അവതരിപ്പിച്ചതിൽ നിങ്ങൾ വിശ്വസിക്കുവിൻ'' (ഖുർആൻ 4:47) എന്നാണ് തദ്വിഷയകമായി ഖുർആൻ പറയുന്നത്.

അല്ലാഹുവിന്റെ പക്കൽ നിന്നാണ് ഖുർആൻ അവതീർണമായത് എന്ന് അവകാശപ്പെടുന്ന ഖുർആൻ അത് മറ്റാരുടെയെങ്കിലും പക്കൽ നിന്നാണ് അവതരിച്ചതെങ്കിൽ വൈരുധ്യങ്ങൾ കാണാൻ സാധ്യതയുണ്ടെന്നും, അതില്ലാത്തതിന് കാരണം അത് ദൈവത്തിന്റെയടുത്ത് നിന്നായതാണെന്നും ആവർത്തിച്ച് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. "അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു.'' (ഖുർആൻ 4:82)

ഇതിനെക്കുറിച്ച് സംശയം പ്രകടിപ്പിക്കുന്നവരെ വെല്ലുവിളിച്ചു കൊണ്ടുള്ള വചനങ്ങളും കാണാം. “നമ്മുടെ ദാസന് (മുഹമ്മദ് നബിക്ക്) നാം (അല്ലാഹു) അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ.” (ഖുർആൻ 2:23)

പകൽവെളിച്ചംപോലെവ്യക്തമായ ഖുർആൻ വചനങ്ങളെ വക്കും അരികും വെട്ടിമാറ്റി ഉദ്ദേശിതാർഥത്തിൽ നിന്ന് വിപരീതമായി വ്യാഖ്യാനിക്കാനുള്ള ശ്രമം അതിന്റെ അവതരണകാലം മുതൽ തന്നെ ശത്രുക്കൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. മാത്രമല്ല, സമാനർഥങ്ങൾ ധ്വനിപ്പിക്കുന്ന വചനങ്ങളെയെടുത്ത് വിശദീകരിച്ച് സ്വയം കുഴപ്പത്തിൽ ചാടാനും ഇതരരെ കുഴപ്പത്തിൽ ചാടിക്കാനുമെല്ലാമുള്ള ശ്രമങ്ങൾ ശത്രുക്കൾക്കിടയിൽ നിന്നും ‘മിത്രങ്ങൾ’ക്കിടയിൽ നിന്നും വ്യാപകമായി നടക്കുന്നുണ്ട്. ഇക്കാര്യത്തിലേക്ക് വെളിച്ചംവീശിക്കൊണ്ട് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: “(നബിയേ) നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ (ദൈവം). അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിന്റെ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചു കൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അറിവിൽ അടിയുറച്ചവരാകട്ടെ, അവർ പറയും: ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ബുദ്ധിശാലികൾ മാത്രമേ ആലോചിച്ച് മനസ്സിലാക്കുകയുള്ളൂ.” (ഖുർആൻ 3:7)

ഖുർആൻ, മറ്റൊരാൾക്ക് കെട്ടിച്ചമയ്ക്കാൻ കഴിയുന്ന ഒന്നല്ല എന്ന് സ്വയം വ്യക്തമാക്കുന്നതോടൊപ്പം ദൈവത്തിന്റെ പക്കൽ നിന്നുള്ളതാണെന്ന് ആവർത്തിച്ച് പറയുകയും ചെയ്യുന്നു. “അല്ലാഹുവിന് പുറമെ (മറ്റാരാലും) ഈ ഖുർആൻ കെട്ടിച്ചമയ്ക്കപ്പെടാവുന്നതല്ല. പ്രത്യുത അതിന്റെ മുമ്പുള്ള ദിവ്യസന്ദേശത്തെ സ

ത്യപ്പെടുത്തുന്നതും, ദൈവികപ്രമാണത്തിന്റെ വിശദീകരണവുമത്രെ അത്. അതിൽ യാതൊരു സംശയവുമില്ല. ലോകരക്ഷിതാവിങ്കൽ നിന്നുള്ളതാണത്.” (ഖുർആൻ 10:37)

അതെ മമ്മീ, ഖുർആൻ വായനയുമായി മുന്നോട്ടു പോകുന്ന ഏതൊരാളും ഖുർആനിനോടൊപ്പം അംഗീകരിച്ചു പോവും ഈ വചനങ്ങൾ. “തീർച്ചയായും യുക്തിമാനും സർവജ്ഞനുമായിട്ടുള്ള വന്റെ (ദൈവത്തിന്റെ) പക്കൽ നിന്നാകുന്നു നിനക്ക് ഖുർആൻ ന ൽകപ്പെടുന്നത്.” (ഖുർആൻ 27:6)

ഖുർആൻ ദൈവികമാണെന്ന കാര്യം അതിന്റെ തന്നെ ഭാഷയിലൂ ടെ വിശദീകരിക്കുന്ന ഏതാനും വചനങ്ങളാണ് ഇതുവരെ സൂ ചിപ്പിച്ചത്. എന്നാൽ ഖുർആനിന്റെ ദൈവികത തെളിയിക്കാനുള്ള മറ്റു മാനദണ്ഡങ്ങളെ പഠനവിധേയമാക്കിയാൽ അത് പുലർത്തി പ്പോരുന്ന സൂക്ഷ്മതയും ആശയസുവ്യക്തതയും ചിന്തിക്കുന്ന ആരെയും അത്ഭുതപ്പെടുത്താതിരിക്കില്ല; പ്രത്യേകിച്ച് ശാസ്ത്ര വിഷയത്തിൽ. അത്തരം കാര്യങ്ങളെ വിശദീകരിച്ചെഴുതുന്നത് ഇതു പോലുള്ളൊരു ചർച്ചയിൽ പ്രസക്തമല്ല എന്നതിനാൽ തന്നെ ഖുർആനിന്റെ ശാസ്ത്രീയ കൃത്യതയെക്കുറിച്ച് പഠിക്കാൻ എന്നെ പ്രേരിപ്പിച്ച ഘടകമെന്തായിരുന്നു എന്ന് മാത്രം സൂചിപ്പിച്ച് അക്കാര്യം അവസാനിപ്പിക്കട്ടെ.

ഡാൻ ബ്രൗണിന്റെ ഒരു നോവൽ വായിച്ചപ്പോൾ അദ്ദേഹത്തിന്റെ മറ്റു പുസ്തകങ്ങളെ കുറിച്ച് അറിയാൻ തോന്നി. അങ്ങനെ സഭയും ശാസ്ത്രവും മുഖ്യപ്രമേയമായ Angels and Demons വായിച്ചു. ശാ സ്ത്രജ്ഞനായ ഗലീലിയോ, ഭൂമിയെ സൂര്യൻ ചുറ്റുന്നു എന്ന സഭയു ടെ പരമ്പരാഗത വിശ്വാസത്തെ തിരുത്തിക്കൊണ്ട് ഭൂമി സൂര്യനെ ചു റ്റുന്നു എന്ന് പ്രസ്താവിച്ചതടക്കമുള്ള വിഷയങ്ങളാണ് നോവലിന്റെ ഇതിവൃത്തം. സഭയുടെ വിശ്വാസങ്ങൾക്ക് എതിരാണ് ഗലീലിയോയു ടെ പഠനങ്ങൾ എന്നു കണ്ട സഭാധികാരികൾ അദ്ദേഹത്തെ മരണം വരെ വീട്ടുതടങ്കലിൽ വച്ചു.

ഇത്തരം വിഷയങ്ങളെപ്പറ്റി എനിക്കു തീരെ അറിവില്ലായിരുന്നു. അപ്പോഴാണ് ബൈബിളും ശാസ്ത്രവും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടെന്നു ഞാൻ മനസ്സിലാക്കിയത്. ഏതായാലും പ്രസ്തുത വിഷ യങ്ങൾ പ്രതിപാദിക്കുന്ന ഉൽപത്തി പുസ്തകം ഞാൻ ഒന്നുകൂടെ വായിച്ചു. അപ്പോഴാണ് ശ്രദ്ധിച്ചത്, ഒന്നാം ദിവസം ദൈവം പക ലും രാത്രിയും സൃഷ്ടിച്ചു, എന്നാൽ നാലാം ദിവസമാണ് സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത് എന്ന പരാമർശം അതിലുണ്ട് എന്നത്. സൂര്യനി

ല്ലാതെ പകലും രാത്രിയുമോ! ഹരിത സസ്യങ്ങൾ ഭക്ഷണം തയ്യാറാക്കുന്നത് സൂര്യപ്രകാശത്തിന്റെ സഹായത്താലാണെന്ന് ഞാൻ പഠിച്ചിട്ടുണ്ട്. എന്നാൽ രണ്ടാംദിവസം സസ്യങ്ങളെ സൃഷ്ടിച്ചശേഷം നാലാം ദിവസമാണ് സൂര്യൻ സൃഷ്ടിക്കപ്പെട്ടത്. സൂര്യൻ ഉണ്ടാകുന്നതിന് മുമ്പ് സൂര്യപ്രകാശത്തിൽ നിന്ന് ഹരിതസസ്യങ്ങൾ ആഹാരം തയ്യാറാക്കില്ലല്ലോ! ദൈവത്തിന് Botony അറിയില്ല എന്ന് വിശ്വസിക്കാൻ ഏതായാലും തരമില്ല. പിന്നെ, ആകെ വിശ്വസിക്കാൻ കഴിയുന്നത് ദൈവത്തിന്റെ പേരിൽ അക്കാര്യം കെട്ടിച്ചമച്ചവരുടെ ജീവശാസ്ത്രവിജ്ഞാനം വളരെ ശോചനീയമാണെന്നാണ്!

ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല; മത ഗ്രന്ഥമാണ് എന്ന് ചില സുവിശേഷപ്രഘോഷകന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്. ആ വാക്ക് തന്നെ ദൈവത്തിന്റെ മഹത്വത്തെ കുറച്ച് കാണിക്കുന്നതല്ലേ? ഇതൊരു മത ഗ്രന്ഥമാണ് അതുകൊണ്ട് ശാസ്ത്രീയമായ കാര്യങ്ങൾ താരതമ്യം ചെയ്യാൻ ഇതിനെ ഉപയോഗിക്കരുത് എന്നാണ് ഉദ്ദേശിച്ചതെങ്കിൽ കാലോചിതമായി പരിഷ്കരിക്കപ്പെടുന്ന ശാസ്ത്രവിവരങ്ങളെ(അനുമാനങ്ങളെയല്ല)ക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്തവനാണ് ദൈവം എന്ന് വരും. ദൈവത്തിന്റെ അറിവ് വർധിക്കുകയോ കുറയുകയോ ഇല്ല, ആദ്യം മുതൽ അന്ത്യം വരെയുള്ള സർവതിനെയും കുറിച്ച് സർവജ്ഞാനമുള്ള ശക്തിയാണ് ദൈവം എന്നെല്ലാമുള്ള സങ്കൽപത്തിന് കടകവിരുദ്ധമല്ലേ ഇതെല്ലാം?

എന്നാൽ, ബൈബിളിലെ ഇത്തരം അബദ്ധങ്ങളൊന്നും ഖുർആനിൽ വന്നിട്ടില്ല. സൃഷ്ടിപ്പിന്റെ ഘട്ടങ്ങളെക്കുറിച്ചുള്ള പ്രയോഗത്തിൽ പോലും അത്ഭുതാവഹമായ കൃത്യതയാണ് അത് വെച്ചുപുലർത്തുന്നത്. ആറു ഘട്ടങ്ങളിലായി സൃഷ്ടിപ്പ് നടന്നു എന്നു മാത്രമേ ഖുർആൻ പഠിപ്പിക്കുന്നുള്ളൂ. ബൈബിളിനെപ്പോലെ, പ്രഭാതത്തിൽ ആരംഭിച്ച് പ്രദോഷത്തിൽ അവസാനിക്കുന്ന സാധാരണ ദിവങ്ങളായിരുന്നു ആ ഘട്ടങ്ങൾ എന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. “തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി (ഘട്ടങ്ങളിലായി) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു” (ഖുർആൻ 2:31). ഇത് പ്രപഞ്ചോൽപത്തിയുടെ മാത്രം കാര്യമല്ല. എല്ലാ ശാസ്ത്ര പരാമർശങ്ങളിലും ഈ കൃത്യത ഖുർആൻ കാത്തുസൂക്ഷിക്കുന്നുണ്ട്, ദൈവിക ഗ്രന്ഥത്തിന് മാത്രം അവകാശപ്പെടാൻ കഴിയുന്ന കൃത്യത!

# 8

## പ്രവാചകന്മാരെപ്പറ്റി...

ഖുർആൻ വായിച്ചു വന്നപ്പോൾ ആദം, നോഹ, മോശ, യേശു... അങ്ങനെ പരിചയമുള്ള കുറേ പേരുകൾ! എനിക്കത്ഭുതമായി. അതോടൊപ്പം താൽപര്യവും കൂടി.

ആദാമിനെക്കുറിച്ച് കണ്ടു. ആദ്യമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, അവനൊന്നും അറിയാൻ വഴിയില്ല. എന്നിട്ടും ആദമാണ് ഭൂമിയിലുള്ള എല്ലാറ്റിനും പേരിട്ടത് എന്നാണ് ബൈബിളിൽ നിന്നു ഞാൻ മനസ്സിലാക്കിയത് (ഉൽപത്തി 2:20). പക്ഷെ ഖുർആൻ പറഞ്ഞത് ദൈവം ആദാമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു എന്നാണ്. അതു കൂടുതൽ ശരിയായി എനിക്കു തോന്നി. കാരണം ദൈവത്തിനു മാത്രമെ ഇതുവരെ ഉള്ളവയെ പറ്റിയും ഇനി വരാനുള്ളവയെ പറ്റിയും അറിവുള്ളൂ.

"അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ." (ഖുർആൻ 2:31)

പിന്നെ ഫറവോൻ, മോശ, ചെങ്കടൽ, അഹറോൻ, ഇസ്രയേൽ ജനം... ദൈവമേ! അപ്പോൾ ഇതൊക്കെ ഇവർക്കും ഉള്ളതാണോ! യഹൂദരും ക്രിസ്ത്യാനികളും തമ്മിലെന്ന പോലെ മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിലും ബന്ധമുണ്ടോ?!

നോഹയുടെ കാലത്ത് മനുഷ്യരുടെ പാപങ്ങളുടെ ആധിക്യം കാരണം ദൈവം ഭൂമിയെ നശിപ്പിക്കാൻ തീരുമാനിച്ചു എന്നു ബൈബിളിൽ പറഞ്ഞിരിക്കുന്നു (ഉൽപത്തി 6:5-7). പക്ഷെ പാപികളായ ആ ജനതയോട് ദൈവത്തെ പറ്റി നോഹ പറഞ്ഞതായി ബൈബിളിൽ പറയുന്നില്ല. പറഞ്ഞിട്ടും അവർ അനുസരിച്ചില്ലെങ്കിൽ അവരെ നശിപ്പിക്കാം. അല്ലാതെ ഭൂമി മുഴുവൻ നശിപ്പിക്കുന്നത് ന്യായമാണോ?

അതിനുള്ള ഉത്തരം എനിക്ക് പരിശുദ്ധ ഖുർആൻ തന്നു. "നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു. അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷെ ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചുതരികയും, നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയുമാകുന്നു. നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിങ്കൽ നിന്ന് ഞാൻ അറിയുന്നുമുണ്ട്. നിങ്ങൾക്കു മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയും, നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിന് വേണ്ടിയും, നിങ്ങൾക്ക് കാരുണ്യം നൽകപ്പെടുന്നതിന് വേണ്ടിയും നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ഉൽബോധനം നിങ്ങളിൽ പെട്ട ഒരു പുരുഷനിലൂടെ നിങ്ങൾക്ക് വന്നുകിട്ടിയതിൽ നിങ്ങൾ അത്ഭുതപ്പെടുകയാണോ? എന്നാൽ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളിക്കളഞ്ഞു. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും നാം കപ്പലിൽ രക്ഷപ്പെടുത്തുകയും, നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളിക്കളഞ്ഞവരെ നാം മുക്കിക്കൊല്ലുകയും ചെയ്തു. തീർച്ചയായും അവർ അന്ധരായ ഒരു ജനതയായിരുന്നു." (7:59-64)

സാധാരണ എല്ലാ ജനതയേയും ദൈവം അനുഗ്രഹിക്കുന്നത് നിന്റെ പിതാക്കന്മാരുടെ ദേശം നിനക്കു തരും എന്നൊക്കെയാണല്ലോ. എന്നാൽ ബൈബിളിൽ അബ്രഹാമിനോട് ബന്ധുക്കളെയും പിതൃദേശത്തെയും വിട്ടുപോരാനാണ് ദൈവം പറയുന്നത്. (ഉൽപത്തി 12:1). എന്തുകൊണ്ട് ബന്ധുക്കളോടൊപ്പമുള്ള സന്തോഷകരമായ ജീവിതം വിശ്വാസികളുടെ പിതാവിന് കിട്ടിയില്ല എന്നു ഞാനോർത്തു. അതിനും ഉത്തരം എനിക്കു പരിശുദ്ധ ഖുർആൻ തന്നു: "വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടു

ക്കുക, തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽ നിന്നുള്ള വല്ല ശിക്ഷയുംതാങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായിരിക്കുന്നതാണ്. അയാൾ പറഞ്ഞു: ഹേ; ഇബ്റാഹീം, നീ എന്റെ ദൈവങ്ങളെ വേണ്ടെന്ന് വെക്കുകയാണോ? നീ (ഇതിൽ നിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞോടിക്കുക തന്നെ ചെയ്യും. കുറേകാലത്തേക്ക് നീ എന്നിൽ നിന്ന് വിട്ടുമാറിക്കൊള്ളണം. അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: താങ്കൾക്ക് സലാം. താങ്കൾക്ക് വേണ്ടി ഞാൻ എന്റെ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവനെന്നോട് ദയയുള്ളവനാകുന്നു. നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എന്റെ രക്ഷിതാവിനോട് ഞാൻ പ്രാർഥിക്കുന്നു. എന്റെ രക്ഷിതാവിനോട് പ്രാർഥിക്കുന്നത് മൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം.” (19:41-48)

ഇബ്റാഹീം عليه السلامന്റെ പ്രബോധനശൈലിയെപ്പറ്റിയും ഖുർആൻ സൂചന നൽകുന്നുണ്ട്: “ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കു നിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറ് നിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.” (2:258 )

അദ്ദേഹം ഋജുമനസ്കനും പരിപൂർണ ഏകദൈവവിശ്വാസിയുമായിരുന്നു എന്ന് ഖുർആൻ ആണയിട്ട് പറയുന്നുണ്ട്: “ഇബ്റാഹീം യ

ഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും(അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല." (3:67)

ദുർവൃത്തിയും കൊള്ളരുതായ്മകളും കൈമുതലായുള്ളവരായാണ് പല പുണ്യപുരുഷന്മാരെയും ബൈബിൾ പരിചയപ്പെടുത്തുന്നത്. അതിന് ഒന്നാന്തരം ഉദാഹരണമാണ് ആദരണീയനായ ലോത്തിന്റെ സംഭവം. വീഞ്ഞു കുടിക്കുകയും മക്കളോടൊപ്പം ശയിക്കുകയും ചെയ്ത ലോത്തിനെയാണു ബൈബിളിൽ കാണുന്നത്. (ഉൽപത്തി 19:32-36). എന്നാൽ ഖുർആൻ പറയുന്നു: "ഇസ്മാഈൽ, അൽ യസഅ്, യൂനുസ്, ലൂത്ത് എന്നിവരെയും (നേർവഴിയിലാക്കി.) അവരെല്ലാവരെയും നാം ലോകരിൽവെച്ച്ശ്രേഷ്ഠരാക്കിയിരിക്കുന്നു."(6:86)

ദൈവവുമായി മത്സരിച്ചു ജയിച്ചവൻ എന്നാണു യാക്കോബിനെ പറ്റി ബൈബിൾ പറയുന്നത്. (ഉൽപത്തി 32:28). മനുഷ്യസൃഷ്ടിയെ ദൈവത്തിനതീതനായി പരിചയപ്പെടുത്തുന്ന ബൈബിൾ വചനങ്ങളോട് അതിന്റെ അണികൾക്ക് പോലും മതിപ്പുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ദൈവവുമായി ഏറ്റുമുട്ടാൻ പോയിട്ട് ഈ ലോകത്ത് വെച്ച് അവനെ കാണാനെങ്കിലും മനുഷ്യനാവുമോ?ദൈവത്തെ ആരാധിക്കുക മാത്രം ചെയ്യുന്ന ശ്രേഷ്ഠനായ ഒരു മനുഷ്യനായിട്ടാണ് യാക്കോബിനെ പറ്റി ഖുർആൻ പറയുന്നത്. "കൈക്കരുത്തും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്ന നമ്മുടെ ദാസൻമാരായ ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെയും ഓർക്കുക. നിഷ്കളങ്കമായ ഒരു വിചാരം കൊണ്ട് നാം അവരെ ഉൽകൃഷ്ടരാക്കിയിരിക്കുന്നു. പരലോക സ്മരണയത്രെ അത്. തീർച്ചയായും അവർ നമ്മുടെ അടുക്കൽ തെരഞ്ഞെടുക്കപ്പെട്ട ഉത്തമൻമാരിൽ പെട്ടവരാകുന്നു." (38:45-47)

ഈ വിശ്വാസം തന്റെ പിൻഗാമികൾക്ക് കൂടി കൈവരണമെന്ന് ആഗ്രഹിച്ച നിസ്വാർഥനായിരുന്നു അദ്ദേഹമെന്നാണ് ഖുർആൻ പറയുന്നത്. "എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക, എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും." (2:133).

കള്ളം പറയുന്നതും അതിനു കൂട്ടുനില്ക്കുന്നതും തെറ്റല്ലേ? അത് സ്വന്തം പിതാവിനോട് കൂടിയായാലോ? എന്നിട്ടും പിതാവിനോട് കള

വ് പറഞ്ഞ് അനുഗ്രഹം തട്ടിയെടുക്കുന്ന യക്കോബിനെയും അമ്മ റബേക്കയേയും ബൈബിൾ പരിചയപ്പെടുത്തുന്നു. (ഉൽപത്തി 27:19).

ഖുർആനിൽ ഏറ്റവും കൂടുതൽ തവണ പേരു പറഞ്ഞിരിക്കുന്ന പ്രവാചകനാണ് മോശ. മോശ ദൈവത്തെ മുഖാമുഖം കണ്ടു സംസാരിച്ചു (പുറപ്പാട് 33:11, സംഖ്യ 12:8) എന്നാണ് ബൈബിൾ പറയുന്നത്. എന്നാൽ ഇതേ ബൈബിൾ തന്നെ പറയുന്നു: "ദൈവം അരുളി ചെയ്യുന്നു, എന്നെ കാണുന്നവൻ ജീവിച്ചിരിക്കില്ല" (പുറപ്പാട് 33:20). ഈ രണ്ടു വാക്യവും ഒരേസമയം എങ്ങനെ ശരിയാകും? ഖുർആനും പറയുന്നുണ്ട്, മോശ ദൈവത്തോട് നേരിട്ടു സംസാരിച്ചു എന്ന്. എന്നാൽ, ബൈബിളിൽ നിന്ന് വ്യത്യസ്തമായി, മോശക്ക് ദൈവത്തെ കാണാൻ കഴിഞ്ഞിട്ടില്ല എന്ന് അത് വ്യക്തമായിത്തന്നെ പറയുന്നു. "നമ്മുടെ നിശ്ചിതസമയത്തിന് മൂസാ വരികയും, അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ മൂസാ പറഞ്ഞു: എന്റെ രക്ഷിതാവേ, (നിന്നെ) എനിക്കൊന്നു കാണിച്ചുതരൂ. ഞാൻ നിന്നെയൊന്ന് നോക്കിക്കാണട്ടെ. അവൻ (അല്ലാഹു) പറഞ്ഞു: നീ എന്നെ കാണുകയില്ല തന്നെ. എന്നാൽ നീ ആ മലയിലേക്ക് നോക്കൂ. അത് അതിന്റെ സ്ഥാനത്ത് ഉറച്ചുനിന്നാൽ വഴിയെ നിനക്കെന്നെ കാണാം. അങ്ങനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പർവതത്തിന് വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി. മൂസാ ബോധരഹിതനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നീയെത്ര പരിശുദ്ധൻ! ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. ഞാൻ വിശ്വാസികളിൽ ഒന്നാമനാകുന്നു." (7:143)

ഈജിപ്തുകാരനും ഈസ്രായേൽകാരനും വഴക്കിടുന്നത് കണ്ടപ്പോൾ വർഗബോധം കൊണ്ട് ഈജിപ്തുകാരനെ കൊലപ്പെടുത്തി മറവു ചെയ്യുന്ന മോശയെയാണ് ബൈബിളിൽ കാണുന്നത്. (ഉൽപത്തി 2:12). എന്നാൽ അതു തെറ്റാണെന്നു ബോധ്യപ്പെടുകയും അതിനു ക്ഷമ ചോദിക്കുകയും ദൈവത്തിലേക്കു മടങ്ങുകയും ചെയ്യുന്ന മോശയെയാണ് ഖുർആൻ കാണിക്കുന്നത്. "പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടു പുരുഷൻമാർ പരസ്പരം പൊരുതുന്നതായി അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ; മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടിചുരുട്ടി ഇടിച്ചു. അതവന്റെ കഥ കഴിച്ചു. മൂസാ പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു.

അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതു കൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്കു സഹായം നൽകുന്നവനാവുകയില്ല." (28:15-17)

തന്റെ ജീവിതത്തിൽ വന്ന ദുരിതങ്ങളോർത്ത് ഒരു നിമിഷം ദൈവത്തെ പഴിക്കുന്ന ജോബിനെപ്പറ്റി ബൈബിൾ പറയുമ്പോൾ ഖുർആനിൽ കാണുന്നത് ഇപ്രകാരം: "നമ്മുടെ ദാസനായ അയ്യൂബിനെ ഓർമിക്കുക. പിശാച് എനിക്ക് അവശതയും പീഡനവും ഏൽപിച്ചിരിക്കുന്നു എന്ന് തന്റെ രക്ഷിതാവിനെ വിളിച്ച് അദ്ദേഹം പറഞ്ഞ സന്ദർഭം. (നാം നിർദേശിച്ചു:) നിന്റെ കാലുകൊണ്ട് നീ ചവിട്ടുക, ഇതാ! തണുത്ത സ്നാനജലവും കുടിനീരും." (38:41, 44)

സഖറിയയെ പറ്റിയും സ്നാപക യോഹന്നാനെ പറ്റിയും ഖുർആൻ പറയുന്നു: "അവിടെ വെച്ച് സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹം മിഹ്റാബിൽ പ്രാർഥിച്ചു കൊണ്ട് നിൽക്കുമ്പോൾ മലക്കുകൾ അദ്ദേഹത്തെ വിളിച്ചുകൊണ്ടു പറഞ്ഞു: യഹ്യാ (എന്ന കുട്ടി)യെപ്പറ്റി അല്ലാഹു നിനക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വചനത്തെ ശരിവെക്കുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്വൃത്തരിൽ പെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ." (3:38,39)

മറിയം ജനിക്കുന്നതിനു മുമ്പേ അവരുടെ മാതാപിതക്കൾ പ്രാർഥിച്ചത് എന്തണെന്നുപോലും ഖുർആനിലുണ്ട്. മറിയത്തിന്റെ പിതാവിന്റെ പേരിൽ ഒരു അധ്യായവും-ആലു ഈംറാൻ! "ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായ് ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. തീർച്ചയായുംനീ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ. എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ-എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ-ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചി

ൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു." (3:35,36)

പരിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്ന ഒരേയൊരു സ്ത്രീനാമമാണ് മറിയം. മറിയത്തിന് എത്രത്തോളം സ്ഥാനം കൊടുക്കണം എന്നതിനെപറ്റി കത്തോലിക്കരും മറ്റു ക്രിസ്ത്യാനികളും തർക്കിക്കുന്ന സമയം ക്രൈസ്തവർ തീരെ അംഗീകരിക്കാൻ ശ്രമിക്കാതിരിക്കുന്ന ഇസ്‌ലാം മറിയത്തിനു നൽകിയ ശ്രേഷ്ഠത കണ്ടു ഞാൻ ശരിക്കും അത്ഭുതപ്പെട്ടുപോയി. ഖുർആനിലെ 114 അധ്യായങ്ങളിൽ ഒരു അധ്യായം തന്നെയും ആ പേരിലുണ്ട് (അധ്യായം 19, മറിയം). പരിശുദ്ധ ഖുർആനിൽ 34 പ്രാവശ്യം മറിയം എന്ന പേര് കാണാം. മുഹമ്മദ് നബിﷺയുടെ മാതാവിന്റെയോ സഹോദരിയുടെയോ ഭാര്യയുടെയോ പേര് ഖുർആനിൽ ഇല്ല. മറിയത്തെപറ്റി എനിക്കറിയാതിരുന്ന പല കാര്യങ്ങളും ഞാൻ ഖുർആനിലൂടെ അറിഞ്ഞു. "അങ്ങനെ അവളുടെ (മർയമിന്റെ) രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും, നല്ലനിലയിൽ വളർത്തിക്കൊണ്ടു വരികയും, അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. മിഹ്റാബിൽ (പ്രാർഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നു ചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു. അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്കുനോക്കാതെ നൽകുന്നു." (3:37)

പരിശുദ്ധഗർഭം ധരിക്കുന്ന സന്ദർഭത്തെ ഖുർആൻ വിവരിക്കുന്നു: "അവൾ (മർയം) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാവുക? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ലല്ലോ. അല്ലാഹു പറഞ്ഞു: അങ്ങനെത്തന്നെയാകുന്നു. താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ! എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു." (3:47)

പ്രസവാനന്തരം കുഞ്ഞിനേയുമായി സമൂഹത്തിലിറങ്ങുന്ന മറിയയുടെ ചിത്രം ഖുർആൻ ഭംഗിയായി വിവരിക്കുന്നു. "അനന്തരം അവനെ(കുട്ടിയെ)യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്. ഹേ; ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ്

ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല. അപ്പോൾ അവൾ അവന്റെ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു.അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും? അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. (അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു). അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യംകെട്ടവനുമാക്കിയിട്ടില്ല. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എന്റെ മേൽ ശാന്തി ഉണ്ടായിരിക്കും.” (19:27-33)

യേശുക്രിസ്തുമനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി കുരിശിൽ തൂങ്ങി മരിച്ചു എന്നാണ് മമ്മിയടക്കം എന്നെ പഠിപ്പിച്ചത്. ഓരോ നോമ്പു കാലത്തും കുരിശിന്റെ വഴിയിൽ യേശുവിന്റെ പീഡാനുഭവം ധ്യാനിച്ചു ഞാൻ എത്ര കരഞ്ഞിരിക്കുന്നു. മറ്റു സമയങ്ങളിലും ഞാൻ യേശു സഹിച്ച വേദന ഓർത്തു കരയുമായിരുന്നു. ഒരു തെറ്റും ചെയ്യാതെ യേശു എന്തുമാത്രം വേദന സഹിച്ചു! എന്നാൽ ഈ ആത്മപീഡനങ്ങളുടെ സാംഗത്യം ചോദ്യംചെയ്യുന്നവിധത്തിലായിരുന്നു ബൈബിളിലെ വചനങ്ങൾ. നിയമാവർത്തനം 24:16 ഇങ്ങനെ വായിക്കുന്നു: “മക്കൾക്കു വേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കു വേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം.”

തീർന്നില്ല: “പാപം ചെയ്യുന്നവൻ മാത്രമായിരിക്കും മരിക്കുക. പുത്രൻ പിതാവിന്റെ തിന്മകൾക്കുവേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ തന്റെ നീതിയുടെ ഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും.” (എസക്കിയേൽ 18:20)

“മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്.” (നിയമാവർത്തനം 21:23)

ദൈവത്തിന്റെ മുന്നിൽ ഒരു തെറ്റും ചെയ്യാതെ എല്ലാറ്റിനും ദൈവത്തിൽ ആശ്രയിച്ച യേശുവിനെ മനുഷ്യരുടെ മുന്നിൽ ശപിക്കപ്പെട്ടവനാക്കുമോ ദൈവം? തെറ്റു ചെയ്ത കായേനെ കൊല്ലുന്നവന്റെ മേൽ ഏഴിരട്ടിയായി പ്രതികാരം ചെയ്യുമെന്നു ദൈവം പറയുന്നു. (ഉൽപ

ത്തി 4:15). എന്നിട്ടും നിഷ്കളങ്കനായ യേശുവിന് ഇത്രയും ക്രൂരമായ മരണം എന്തിനു വിധിച്ചു!

എന്നാൽ ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (4:157,158)

തോറയിലെ പല നിയമങ്ങളും യേശുവിന്റെ വരവോടെ ദുർബലപ്പെട്ടു എന്നാണ് ബൈബിളിന്റെ അനുയായികൾ വിശ്വസിക്കുന്നത്; യേശു അതിന് വിരുദ്ധമായാണ് പഠിപ്പിച്ചതെങ്കിൽ കൂടി. എന്നാൽ ഖുർആനിന്റെ പരാമർശം നോക്കൂ: "അവരെ (ആ പ്രവാചകൻമാരെ) ത്തുടർന്ന് അവരുടെ കാൽപാടുകളിലായിക്കൊണ്ട് മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സൻമാർഗനിർദേശവും, സത്യപ്രകാശവും അടങ്ങിയ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്ക് സദുപദേശവുമത്രെ അത്." (5:46)

യേശു ദൈവപുത്രനാണെന്നും ദൈവം ത്രിത്വൈകമാണെന്നും പറയുന്നവരോട് ഖുർആൻ പറയുന്നു: "മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്. അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും."

(5:72-74)

ജനിക്കുന്ന ഓരോ മനുഷ്യന്റെയും പാപത്തിനു കാരണം ആദം ആണെന്നാണ് ഞാൻ ചെറുപ്പം മുതലേ പഠിച്ചത്; അല്ല, അങ്ങനെയാണ് മമ്മിയെന്നെ പഠിപ്പിച്ചത്. എന്നാൽ പശ്ചാത്തപിച്ച ആദാമിനെ പാപമോചനം നൽകി പ്രവാചകന്മാരുടെ ഗണത്തിൽ പെടുത്തുന്ന ദൈവത്തേയാണ് ഖുർആൻ പരിചയപ്പെടുത്തിയത്. വീഞ്ഞു കുടിച്ചു ഉന്മത്തനായ നോഹയെ ബൈബിൾ കാണിക്കുന്നു. എന്നാൽ തിന്മ ചെയ്യുന്ന ഭാര്യയെ പോലും ഉപേക്ഷിച്ച നോഹയെ ഖുർആൻ കാണിച്ചുതന്നു. വിവാഹിതയായ ഒരു സ്ത്രീയെ സ്വന്തമാക്കാൻ അവളുടെ ഭർത്താവിനെ കൊന്ന ദാവീദ് രാജാവിനെ ബൈബിൾ കാണിക്കുമ്പോൾ, സങ്കീർത്തനങ്ങൾ നൽകപ്പെട്ട പ്രവാചകനായി ആ മഹാനെ ഖുർആൻ പരിചയപ്പെടുത്തുന്നു. സോളമൻ രാജാവ് വിദേശ വനിതകളെ കല്യാണം കഴിച്ചയാളും വിഗ്രഹാരാധകനുമാണെന്നു ബൈബിൾ പറയുമ്പോൾ ശ്രേഷ്ഠരായ പ്രവാചകന്മാരുടെ കൂട്ടത്തിലാണ് അദ്ദേഹത്തെ ഖുർആൻ ചേർത്തിരിക്കുന്നത്.

സഹോദരനെ ഭോഷാ! എന്നു വിളിക്കുന്നവൻ ന്യായാധിപ സംഘത്തിനു മുൻപിൽ നിൽക്കേണ്ടിവരും എന്ന് യേശു പറഞ്ഞതായി ബൈബിൾ പറയുന്നു. 'കപടനാട്യക്കാരെ'ന്നും 'അണലി സന്തതികൾ' എന്നും ഫരിസേയരേയും നിയമജ്ഞരെയും വിളിക്കുന്ന യേശുവിനെയും ബൈബിൾ തന്നെ വരച്ച് കാണിക്കുന്നു. ഇവിടെ താൻ ജനങ്ങളെ ഉപദേശിച്ച കാര്യം യേശു സ്വയം തെറ്റിക്കുന്നു. എന്നാൽ ഖുർആൻ വിവരിക്കുന്ന യേശുകഥയിൽ ഇത്തരം വൈരുധ്യങ്ങളൊന്നുമില്ല. അതേസമയം, യേശു ദൈവമാണെന്നു പറയുന്ന ബൈബിളിൽ പോലും പറയാത്ത മഹത്തായ അത്ഭുതപ്രവർത്തനങ്ങൾ യേശു നടത്തിയതായി ഖുർആൻ കാണിക്കുന്നു.

ക്രിസ്ത്യാനികളിലെ ചിലർ മറിയത്തെ യേശുവിനെ ഓർക്കുന്നതിനെക്കാൾ അധികമായി ഓർക്കുന്നു. മറ്റു ചിലർ മറിയം കന്യകയല്ല വേറെയും മക്കൾ ഉണ്ട് എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. യഹൂദരാകട്ടെ, മറിയത്തിന്റെ ജാരസന്തതിയാണ് യേശു എന്നു പോലും പറയുന്നു (തൽമൂദ്). എന്നാൽ മറിയത്തിന്റെ കന്യകാത്വത്തിനു തൊട്ടിലിൽ കിടന്നുകൊണ്ട് യേശു തന്നെ സാക്ഷ്യം നൽകിയതായി ഖുർആൻ പറയുന്നു. ഞാൻ പഠിച്ചു വളർന്ന പ്രവാചകന്മാർക്കു ബൈബിളിനെക്കാൾ കൂടുതൽ സ്ഥാനം നൽകുന്നത് പരിശുദ്ധ ഖുർആനാണെന്നു ഒടുവിൽ ഞാൻ മനസ്സിലാക്കി. "മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനു

മായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു.” (ഖുർആൻ 2:213)

ഇക്കാര്യത്തെ അടിവരയിട്ടു പറയുന്നതോടൊപ്പം പ്രവാചകന്മാർക്കിടയിൽ യാതൊരു വിവേചനവുമില്ല എന്ന് അസന്നിഗ്ധമായി പഠിപ്പിക്കുക കൂടി ചെയ്യുന്നുണ്ട് ഖുർആൻ: “(നബിയേ,) പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതി(ഖുർആൻ)ലും, ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും, മൂസായ്ക്കും ഈസായ്ക്കും മറ്റു പ്രവാചകൻമാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു.” (ഖുർആൻ 3:84)

# 9

# യേശുവിന്റെ പിൻഗാമി

മമ്മീ, പ്രവാചകന്മാരിലൂടെ ദൈവം നൽകിയ വചനങ്ങൾ മനുഷ്യന്റെ ഇടപെടൽ കാരണം തിരുത്തപ്പെടുകയും വെട്ടിച്ചുരുക്കപ്പെടുകയും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അവസാനമായി തന്റെ വചനങ്ങൾ നൽകാൻ ദൈവം തിരഞ്ഞെടുത്ത പ്രവാചകനാണ് മുഹമ്മദ് നബിﷺ. ദൈവഹിതത്തിനനുസരിച്ച് ജീവിച്ച മനുഷ്യൻ എന്നതിലുപരി അമാനുഷികമായ ഒന്നും തന്നെ മുഹമ്മദ് നബിﷺയുമായി ചേർത്ത് പറഞ്ഞുകണ്ടിട്ടില്ല.

“മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്.” (ഖുർആൻ 3:144)

ബൈബിളിൽ നമുക്ക് ഇങ്ങനെ കാണാം:

“നിങ്ങളുടെ നന്മക്ക് വേണ്ടിയാണ് ഞാൻ പോകുന്നത്.ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല.” (യോഹന്നാൻ 16:7)

ആരാണ് ഈ സഹായകൻ? നമ്മൾ ഉദ്ദേശിച്ചിരുന്ന പരിശുദ്ധാത്മാവോ? യേശു പോയാൽ മാത്രമേ പരിശുദ്ധാത്മാവ് വരികയുള്ളു? എങ്കിൽ യേശു ഉള്ളപ്പോഴും അതിനു മുൻപും ഉണ്ടായിരുന്നത് ഏത് ആത്മാവാണ്? അഥവാ ആരാണ്?

“അവന്റെ പിതാവായ സഖറിയാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു പ്രവചിച്ചു.” (ലൂക്ക 1:67)

“എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി.” (ലൂക്ക 1:41)

“ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഇവനെ പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്ക് കഴിയുമോ?” (ഉൽപത്തി 41:38)

“കർത്താവിന്റെ ആത്മാവ് ഗിദെയോനിൽ ആവസിച്ചു.” (ന്യായാധിപന്മാർ 6:34)

താഴെക്കൊടുത്തിരിക്കുന്ന പഴയനിയമപ്രവചനങ്ങൾ യേശുവിനെക്കുറിച്ചാണെന്ന് പറയപ്പെടുന്നു.

“ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്;അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമത്തിലും എന്നേക്കും അതു സ്ഥാപിച്ചു പരിപാലിക്കാൻ തന്നെ.” (എശയ്യാ 9:7)

“ഇത് ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം. ഞാൻ എന്റെ ആത്മാവിനെ അവനു നൽകി; അവൻ ജനതകൾക്ക് നീതി പ്രദാനം ചെയ്യും.” (എശയ്യാ 42:1)

“ചതഞ്ഞ ഞാങ്ങണ അവൻ മുറിക്കുകയില്ല; മങ്ങിയ തിരി കെടുത്തുകയുമില്ല. അവൻ വിശ്വസ്തതയോടെ നീതി പുലർത്തും.” (എശയ്യാ 42:3)

എന്നാൽ യേശു തന്നെ മറ്റൊരു സഹായകൻ നീതിയെക്കുറിച്ച് അറിയിക്കും എന്ന് പറയുന്നു.

“അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും.” (യോഹന്നാൻ 16:8)

അങ്ങനെയെങ്കിൽ എശയ്യ 42:1 ഈ സഹായകനെക്കുറിച്ചാവില്ലേ? യേശുവും എശയ്യായും പ്രവചിച്ചതാരെക്കുറിച്ചാവും?

“അവൻ സ്വമേധയാ ആയിരിക്കില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നത് മാത്രം സംസാരിക്കും.” (യോഹന്നാൻ 16:14)

ഈ സഹായകൻ പരിശുദ്ധാത്മാവ് ആണെങ്കിൽ, ദൈവത്തിൽ നിന്ന് കേട്ട എന്തു കാര്യമാണ് മനുഷ്യരെ അറിയിച്ചത്? എന്തു കാര്യം ഏതു സമൂഹത്തിന്റെ മുൻപിലാണ് പറഞ്ഞത്?

“അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും.” (യോഹന്നാൻ 16:14)

മഹത്വപ്പെടുത്തുക എന്ന വാക്കിന് ദൈവമാക്കും എന്നർഥമില്ല ല്ലോ!

മോശയെ പോലെ ഒരു പ്രവാചകൻ എന്ന വിശേഷണം ആർക്കാണ് യോജിക്കുന്നത്?

“കർത്താവ് മുഖാഭിമുഖം സംസാരിച്ച മോശയെ പോലെ മറ്റൊരു പ്രവാചകൻ പിന്നീട് ഇസ്രായേലിൽ ഉണ്ടായിട്ടില്ല.” (നിയമാവർത്ത നം 34:10)

യേശു ഇസ്രായേലിൽ നിന്നാണല്ലോ. എന്നാൽ മോശയെ പോലു ള്ള പ്രവാചകൻ ഇസ്രയേലിൽ ഉണ്ടാവില്ല എന്നു ബൈബിൾ പറയു ന്നു. അതുകാരണം തന്നെ മോശയെപ്പോലെ ഒരു പ്രവാചകൻ (നിയമാ വർത്തനം 18:14) എന്ന പ്രവചനം യേശുവിനെക്കുറിച്ചല്ല എന്നു വ്യ ക്തമാണ്. രണ്ടുപേരും യഹൂദരായിരുന്നു എന്നല്ലാതെ മറ്റെന്ത് സാ മ്യമാണ് യേശുവും മോശയും തമ്മിലുള്ളത്! എങ്കിൽ പിന്നെ അതാ രാണ്? ഇസ്രായേലിൽ ഉണ്ടായിട്ടില്ലെങ്കിൽ പിന്നെ എവിടെയാണ് ഉണ്ടായത്?

ആ പ്രവാചൻ മുഹമ്മദ് നബിﷺ അല്ലേ? മോശയെപ്പോലെ സാധാ രണ ജനനം, മോശയെപ്പോലെ കുടുംബജീവിതം. തന്റെ ജനതക്കെ തിരെ യുദ്ധത്തിനു വന്നവരോട്പൊരുതി. അവസാനം മോശയെപ്പോ ലെ സാധാരണ മരണവും വരിച്ചു. മോശയുമായി യേശുവിനുള്ളതി നേക്കൾ കൂടുതൽ സാമ്യം മുഹമ്മദ് നബിക്കല്ലേ? ഖുർആൻ പറയു ന്നത് നോക്കൂ:

“(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് (ജൂതന്മാർക്കും ക്രിസ്ത്യാനികൾ ക്കും) കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാച കനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെ യ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത

വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെപിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ.” (7:157)

“അന്നു കർത്താവ് അബ്രഹാമിനോട് ഒരു ഉടമ്പടി ചെയ്തു: നിന്റെ സന്താന പരമ്പരക്ക് ഈ നാട് ഞാൻ തന്നിരിക്കുന്നു. ഈജിപ്ത് നദി മുതൽ മഹാനദിയായ യൂഫ്രട്ടീസ് വരെയുള്ള സ്ഥലങ്ങൾ.” (ഉൽപത്തി 15:18)

ആരാണ് ഇന്ന് ഈ സ്ഥലങ്ങളിൽ വസിക്കുന്നത്?

“വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു, കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും നിരവധിയാളുകൾ വന്നു അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ വിരുന്നിരിക്കും.” (മത്തായി 8:11)

വ്യംഗ്യാർഥം ആയാലും വാച്യാർഥമായാലും ആരാണ് ഇതിനു യോജിക്കുന്നത്?

# 10

## സകല പ്രവാചകന്മാരുടെയും മതം

ആദം മുതൽ മുഹമ്മദ് വരെയുള്ള എല്ലാ പ്രവാചകന്മാരും – നോഹയും അബ്രഹാമും മോശയും യേശുവും എല്ലാം – ഇസ്‌ലാം മതം (ഏക സത്യദൈവത്തിനുള്ള സമ്പൂർണ സമർപണം) ആണ് പഠിപ്പിച്ചത്.

"വേദക്കാരേ, ഇബ്രാഹീമിന്റെ കാര്യത്തിൽ നിങ്ങളെന്തിനാണ് തർക്കിക്കുന്നത്? തൗറാത്തും ഇൻജീലും അവതരിപ്പിക്കപ്പെട്ടത് അദ്ദേഹത്തിനു ശേഷം മാത്രമാണല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?" (ഖുർആൻ 3:65)

"(നബിയേ,) നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്. യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ദാവൂദിന് നാം സബൂർ (സങ്കീർത്തനം) നൽകി." (ഖുർആൻ 4:163)

"നിന്റെ രക്ഷിതാവ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. തീർച്ചയായും പ്രവാചകൻമാരിൽ ചിലർക്ക് ചിലരേക്കാൾ നാം ശ്രേഷ്ഠത നൽകിയിട്ടുണ്ട്. ദാവൂദിന് നാം സ

ബൂർ എന്ന വേദം നൽകുകയും ചെയ്തിരിക്കുന്നു.” (ഖുർആൻ 17:55)

“ഭൂമിയുടെ അനന്തരാവകാശമെടുക്കുന്നത് എന്റെ സദ്‌വൃത്തരായ ദാസൻമാരായിരിക്കും എന്ന് ഉൽബോധനത്തിന് ശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.”(ഖുർആൻ 21:105)

“തൗറാത്തും, ഇൻജീലും, അവർക്ക് അവരുടെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങളും അവർ നേരാംവണ്ണം നിലനിർത്തിയിരുന്നെങ്കിൽ തങ്ങളുടെ മുകൾഭാഗത്ത് നിന്നും, കാലുകൾക്ക് ചുവട്ടിൽ നിന്നും അവർക്ക് ആഹാരം ലഭിക്കുമായിരുന്നു. അവരിൽ തന്നെ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാൽ അവരിൽ അധികം പേരുടെയും പ്രവർത്തനങ്ങൾ വളരെ ചീത്ത തന്നെ.” (ഖുർആൻ 5:66)

ബൈബിളും ഖുർആനും മുന്നോട്ടുവെക്കുന്ന പ്രവാചകാധ്യാപനങ്ങളോട് നീതിപുലർത്തി ജീവിക്കുന്നത് ക്രിസ്ത്യാനികളല്ല, പ്രത്യുത മുസ്‌ലിംകളാണ് എന്ന് ഏത് നിഷ്പക്ഷ നിരീക്ഷകനും ബോധ്യമാകും. എല്ലാ പ്രവാചകന്മാരുടെയും ജീവിതമാതൃക ഉയർത്തിപ്പിടിക്കുന്നത് ഇസ്‌ലാം ആണെന്ന വസ്തുത ഞാൻ പതുക്കെ മനസ്സിലാക്കി. ക്രിസ്ത്യാനികൾക്ക് പ്രവാചകന്മാരുമായി ബന്ധമുള്ളത് പേരിൽ മാത്രമാണ്. ഏതാനും ഉദാഹരണങ്ങൾ പരിഗണിക്കുക:

**പലിശ നിരോധനം**

“പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്.” (ഖുർആൻ 2:275)

“അവൻ പലിശ വാങ്ങുകയോ ലാഭമെടുക്കുകയോ ചെയ്യുന്നില്ല.” (എസക്കിയേൽ 18:8)

“നിന്റെ സഹോദരന് ഒന്നും - പണമോ ഭക്ഷ്യസാധനങ്ങളോ മറ്റെന്തെങ്കിലുമോ- പലിശക്കു കൊടുക്കരുത്.” (നിയമാവർത്തനം 23:19)

പലിശ നിഷിദ്ധമാണെന്ന കാര്യം നമുക്കറിയാമോ? അറിഞ്ഞാലും നാം പാലിക്കുമോ? പലിശ വാങ്ങുന്നത് തെറ്റാണെങ്കിൽ കൊടുക്കുന്നതും തെറ്റു തന്നെയല്ലേ? കൊടുക്കാനാളുള്ളത് കൊണ്ടല്ലേ

വാങ്ങുന്നത്?

**പരിച്ഛേദനം**

"പരിച്ഛേദനം ചെയ്യപ്പെടാത്ത പുരുഷനെ സമൂഹത്തിൽ നിന്നും പുറന്തള്ളണം. അവൻ എന്റെ ഉടമ്പടി ലംഘിച്ചിരിക്കുന്നു." (ഉൽപത്തി 17:14)

ഈ കൽപന ഇത്രനാളത്തേക്ക് എന്നുണ്ടോ? ഇതിനി പാലിക്കേണ്ടതില്ലാ എന്ന് യേശു പറഞ്ഞോ? പിന്നെന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ ഇതു പാലിക്കാത്തത്? ഇന്നും ഇതു പാലിച്ചുപോരുന്നതാരാണ്?

**അഭിവാദന രീതി**

"നിങ്ങൾ ഒരു ഭവനത്തിൽ പ്രവേശിക്കുമ്പോൾ അതിനു സമാധാനം ആശംസിക്കണം." (മത്തായി 10:12, ലൂക്കാ 24:36)

നമ്മൾ ഇത് പാലിക്കുന്നുണ്ടോ? പരസ്പരം കാണുമ്പോൾ 'നിന്റെ മേൽ സമാധാനം' (അസ്സലാമു അലൈകും) എന്ന് പറയുന്ന മുസ്ലിംകളല്ലേ ഈ കൽപനയും പാലിക്കുന്നത്?

**നമസ്കാരം**

ബൈബിളിലെ പ്രവാചകന്മാർ സാഷ്ടാംഗം വീണ് പ്രാർഥിച്ചതായി നമുക്ക് കാണാം(ഉൽപത്തി 17:3, മത്തായി 26:39). നമ്മുടെ പ്രാർഥനയിൽ അങ്ങനൊന്നുണ്ടോ? എന്നാൽ അറിയുക, മുസ്ലിംകളുടെ നമസ്കാരത്തിൽ അതുണ്ട്.

ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ! യേശു ഉപവസിച്ചത് പോലെയാണോ ക്രിസ്ത്യാനികൾ ഉപവസിക്കുന്നത്? യേശു പോയിരുന്ന ആരാധനാലയത്തിൽ രൂപങ്ങളും ചിത്രങ്ങളും ഉണ്ടായിരുന്നോ? ഉത്സവദിനങ്ങൾ ചന്ദ്രനെ നോക്കി നിർണയിക്കുന്നു. (പ്രഭാഷകൻ 43:7). ഇങ്ങനെയാണോ നമ്മുടെ ഉത്സവ ദിനങ്ങൾ നിശ്ചയിക്കുന്നത്? എല്ലാ കാര്യത്തിലും കന്യാമറിയത്തിനെ മാതൃകയാക്കണം എന്നു പറയുന്നവർ എന്തുകൊണ്ട് വസ്ത്രധാരണവും അതു പോലെയാക്കുന്നില്ല? കന്യമറിയത്തെ തല മറക്കാത്ത ഒരു രൂപത്തിൽ ചിന്തിക്കാൻ പോലും നമുക്കാവുന്നില്ല. അതു നല്ലതല്ല എന്ന തോന്നൽ കൊണ്ടുതന്നെയല്ലേ? എങ്കിൽ, മറ്റുള്ളവർക്ക് ദുഷ്പ്രേരണ നൽകാൻ ഇടയുള്ള ശരീരപ്രദർശിപ്പിക്കരുത് എന്നകാര്യം എന്തുകൊണ്ടാണ് മനപൂർ

വം അവഗണിക്കപ്പെടുന്നത്? ബൈബിളിൽ തന്നെ സ്ത്രീകളുടെ ശിരോവസ്ത്രത്തെപ്പറ്റി പറഞ്ഞിട്ടുണ്ടല്ലോ. (ഉൽപത്തി 24:65). മാതാവ് ശരീരവും ശിരസ്സും മറച്ചാൽ അത് ഉത്കൃഷ്ടവും ഞാൻ അത് ചെയ്താൽ അപമാനവും ആകുന്നതെങ്ങനെ?

ഏതൊക്കെ മാംസമാണ് അനുവദനീയമായത് എന്ന് ബൈബിൾ കൃത്യമായി വിശദീകരിക്കുന്നു. (നിയമാവർത്തനം 14:8). യേശു അതിനെ എതിർത്തതായോ അതിൽ മാറ്റം വരുത്തിയതായോ ബൈബിൾ പറയുന്നില്ല. പിന്നെന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ ദൈവം അരുത് എന്നു പറഞ്ഞ പന്നിമാംസം ഭക്ഷിക്കുന്നത്? അതിന് വേണ്ടി രക്തസാക്ഷികളായവർ പോലും ഉണ്ടെന്നിരിക്കേ! (2 മക്കബായർ 7:1–42)

ഇസ്ലാം എന്ന വാക്കിന്റെ അർഥം സമാധാനം, ദൈവത്തിൽ സമ്പൂർണസമർപ്പണം എന്നൊക്കെയാണ്. അർഥം അറിഞ്ഞപ്പോൾ ഇസ്ലാം എന്ന വാക്കു പോലും എന്നെ ഒരുപാടു അത്ഭുതപ്പെടുത്തി. കാരണം, മറ്റു മതങ്ങൾ വ്യക്തികളുടെ പേരിലാണല്ലോ അറിയപ്പെടുന്നത്. ക്രിസ്തുമതം ക്രിസ്തു എന്ന വാക്കിൽ നിന്നും, യഹൂദമതം യൂദ എന്ന വാക്കിൽ നിന്നും ബുദ്ധമതം ബുദ്ധൻ എന്ന പേരിൽ നിന്നുമൊക്കെയാണല്ലോ ഉണ്ടായത്!

ഇസ്ലാം അടിസ്ഥാനപരമായി സംസാരിക്കുന്നത് ദൈവത്തെ കുറിച്ചാണ്. ഖുർആനിന്റെ ഭാഷയായ അറബിയിൽ ദൈവത്തെ സൂചിപ്പിക്കാൻ അല്ലാഹ് എന്നാണ് പറയുന്നത്. (ബൈബിളിന്റെ അറബി വിവർത്തനത്തിൽ ദൈവം എന്നർഥം വരുന്ന സ്ഥാനത്തെല്ലാം അല്ലാഹ് എന്നു തന്നെയാണ് കാണുന്നത്).

“അല്ലാഹു – അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ.” (ഖുർആൻ 3:2). ഈ ഖുർആൻ സൂക്തം വായിച്ചപ്പോൾ എനിക്ക് ഓർമ വന്നത് ബൈബിളിലെ ഒരു വചനമാണ്: “ഇതു ഞാനാണ്, ഞാൻ മാത്രമാണ് ദൈവം; ഞാനല്ലാതെ വേറെ ദൈവമില്ല.” (നിയമാവർത്തനം 32:39)

ഖുർആൻ മുന്നോട്ടുവെക്കുന്ന കണിശമായ ഏകദൈവാരാധനയെ ബൈബിൾ വേറെയും സ്ഥലങ്ങളിൽ പിന്തുണക്കുന്നുണ്ടെന്നതാണ് വാസ്തവം.

“നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ.” (ഖുർആൻ 2:163)

“ഇസ്രായേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ്

ഒരേ ഒരു കർത്താവാണ്.” (നിയമാവർത്തനം 6:4)

“അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല.” (ഖുർആൻ 2:255)

“നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല. കർത്താവാണ് നിന്റെ കാവൽക്കാരൻ.” (സങ്കീർത്തനങ്ങൾ 121:3-5)

ഖുർആനും ബൈബിളും ഒരു പോലെ ആവർത്തിച്ചോർമപ്പെടുത്തുന്ന ഈ ഏകസത്യദൈവത്തിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നതിന്റെ പേരാണ് ഇസ്‌ലാം. ഖുർആൻ പറയുന്നത് കാണുക:

“നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നു മാത്രം നിങ്ങൾ കീഴ്പെടുക. (നബിയേ,) വിനീതർക്ക് നീ സന്തോഷ വാർത്ത അറിയിക്കുക.” (22:34)

“ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല ; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.” (2:112)

“വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണതി.” (31:22)

“ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായത്) തിന്നുവാൻ നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമത്തിലേക്ക് ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു.” (ഖുർആൻ 5:3)

മമ്മീ, ഒന്നാലോചിച്ച് നോക്കൂ, യേശുവടക്കമുള്ള ബൈബിൾ

പ്രവാചകന്മാരും പഠിപ്പിച്ചത് ഇതുതന്നെയല്ലേ?

"കർത്താവേ കർത്താവെ എന്നു എന്നൊടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക." (മത്തായി 7:21)

ഒടുവിൽ എനിക്കു ബോധ്യമായി: ഇസ്‌ലാമും ഖുർആനും ക്രിസ്തുമതവുമായി ഒരു ബന്ധവുമില്ലാത്തതല്ല. ഒരു ക്രിസ്ത്യാനിക്കും അന്യമോ അപരിചിതമോ അല്ല ഇതിലെ പ്രബോധനങ്ങൾ. സകല പ്രവാചകന്മാരും പഠിപ്പിച്ച മതമാണ് യഥാർത്ഥത്തിൽ ഇസ്‌ലാം. എങ്കിൽ പിന്നെ ക്രിസ്തുമതവും ഇസ്‌ലാമും തമ്മിൽ എന്താണ് വ്യത്യാസം? ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം, പ്രവാചകന്മാർ പ്രബോധനം ചെയ്ത ഏകദൈവാരാധനാപരമായ നിലപാടിൽ ഇസ്‌ലാം വിട്ടുവീഴ്ചകൾക്ക് വഴങ്ങാതെ ഉറച്ചു നിൽക്കവേ ക്രിസ്തുമതം അതിൽ പലവിധ മായങ്ങളും കലർത്തുന്നു എന്നത് തന്നെ!

# 11

## കണിശമായ ഏകദൈവാരാധന

ഖുർആൻ പറയുന്നു, വക്രതയില്ലാത്തവനും വിഗ്രഹാരാധകരിൽ പെടാത്തവനുമായ ഇബ്റാഹീമിനെ നിങ്ങൾ അനുകരിക്കുവിൻ എന്ന്.

"സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ് പെടുത്തുകയും, നേർമാർഗത്തിലുറച്ച് നിന്ന് കൊണ്ട് ഇബ്റാ ഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?" (ഖുർആൻ 4:125)

"സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാ ഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പര ലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരി ക്കും." (ഖുർആൻ 2:30)

വിശ്വാസികളുടെ പിതാവാണ് അബ്രഹാം. പക്ഷെ അബ്രഹാം സഞ്ചരിച്ച പാതയിലൂടെയാണോ ദൈവവിശ്വാസത്തിന്റെ കാര്യ ത്തിൽ ഇന്നത്തെ ക്രിസ്ത്യാനികൾ പോകുന്നത്?അബ്രഹാം പ്ര വാചകൻ ഉദ്ഘോഷിച്ച കണിശമായ ഏകദൈവാരാധനയാണ് ഇ

സ്ലാമിന്റെ മൗലികപ്രമേയം. ആരാധനകളും പ്രാർഥനകളും ദൈവേതരർക്ക് സമർപിക്കുന്നത് കടുത്ത പാതകമാണെന്ന് ഖുർ ആൻ പല രീതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.” (ഖുർആൻ 4:48)

“തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല,തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക്അവൻ പൊറുത്തുകൊടുക്കുന്നതാണ്.ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു.” (ഖുർആൻ 4:116)

“അതാണ് അല്ലാഹുവിന്റെ മാർഗദർശനം. അത് മുഖേന തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേക്ക് നയിക്കുന്നു. അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു.” (ഖുർആൻ 8:88)

“തന്റെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ച് പോകരുത്.എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.” (ഖുർആൻ 29:8)

ക്രിസ്ത്യാനികൾ അബ്രഹാമിക മാർഗം കൈവെടിഞ്ഞ് ബഹുദൈവാരാധനയെ പുൽകിയതിനെ ഖുർആൻ ശക്തമായി വിമർശിക്കുന്നു.

“മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥ

ലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്." (ഖുർആൻ 5:72)

"അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ!" (ഖുർആൻ 9:31)

പ്രിയപ്പെട്ട മമ്മീ, എനിക്ക് ഖുർആനിനോട് വിയോജിക്കാൻ കഴിയുന്നില്ല. ആത്മാർഥമായിട്ടൊന്ന് പറ, എന്റെ മമ്മിക്കഭിപ്രായമുണ്ടോ, ഈ ഖുർആനിക പ്രസ്താവനകൾ ശരിയല്ല എന്ന്? പുതിയ നിയമവും സൂചിപ്പിക്കുന്നില്ലേ,യേശു ദൈവമല്ലെന്നും യേശുവിന്റെയും നമ്മുടെയും ദൈവം മറ്റൊരാളാണ് എന്നും?

"(യേശു പറഞ്ഞു:) നീ എന്റെ സഹോദരന്മാരുടെ അടുത്ത് ചെന്ന് അവരോടു ഞാൻ എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കൽ കയറിപ്പോകുന്നു എന്ന് പറയുക." (യോഹന്നാൻ 20:17)

സ്രഷ്ടാവിനു മുമ്പിലുള്ള സൃഷ്ടിയുടെ സമ്പൂർണ സമർപണം ആണ് ആരാധന എന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്. ദൈവത്തെ പ്രീതിപ്പെടുത്താൻ മനുഷ്യൻ ചെയ്യുന്ന, ദൈവത്തിനിഷ്ടമാകുന്ന ഏതു കാര്യവും ആരാധന എന്നു പറയാം- നന്മ ചെയ്യലും തിന്മ വെറുക്കലും അതിൽ പെടും.

ആരാധനക്കു യോഗ്യൻ ദൈവം മാത്രമല്ലേ? അവനെല്ലാം ചെയ്യാൻ കഴിവുള്ളതു കൊണ്ടാണ് ആരാധിക്കപ്പെടുന്നത്. നമ്മുടെ ആരാധനകൾ അവൻ സ്വീകരിക്കുമെങ്കിൽ നമ്മുടെ പ്രാർഥനകൾ എന്തുകൊണ്ടു അവൻ സ്വീകരിക്കില്ല? അതല്ല, നമ്മുടെ പ്രാർഥനകൾ വിശുദ്ധർ കേൾക്കും അവർ പറയുമ്പോൾ മാത്രം ദൈവം കേൾക്കും എന്നാണോ?

"തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നു കൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല. പറയുക: തീർച്ചയായും എന്റെ പ്രാർഥനയും, എന്റെ ആരാധനാകർമങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹു

വിന്നുള്ളതാകുന്നു." (ഖുർആൻ 6:79,162)

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്." (ഖുർആൻ 2:186)

"തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചു കൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനും ആകുന്നു." (ഖുർആൻ 50:16)

"പ്രാർഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നു കൊണ്ടാകണം നിങ്ങൾ പ്രാർഥിക്കുന്നത്." (ഖുർആൻ 2:238)

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല." (ഖുർആൻ 2:277)

ഇങ്ങനെ പ്രാർഥിക്കാനാണ് ഖുർആൻ പറയുന്നത് :

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ(പരമകാരുണികൻ) എന്ന് വിളിച്ചുകൊള്ളുക. ഏതു തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ. നിന്റെ പ്രാർഥന നീ ഉച്ചത്തിലാക്കരുത്. അത് പതുക്കെയുമാക്കരുത്. അതിന്നിടയിലുള്ള ഒരു മാർഗം നീ തേടിക്കൊള്ളുക." (ഖുർആൻ 18:110)

"സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക." (ഖുർആൻ 5:6)

"അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊ

ണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സാഷ്ടാംഗത്തിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ.” (ഖുർആൻ 48:29)

മുസ്ലിംകൾ നമസ്കാരത്തിൽ മുട്ടുകുത്തിയും സാഷ്ടാംഗം വീണുമൊക്കെയാണ് പ്രാർഥിക്കുന്നത്. യേശുവും അങ്ങനെ പ്രാർഥിച്ചതായി നമ്മൾ ബൈബിളിൽ വായിച്ചിട്ടില്ലേ!

“അവൻ അൽപദൂരം മുന്നോട്ടു ചെന്നു നിലത്തു വീണ് സാധ്യമെങ്കിൽ ആ മണിക്കൂർ തന്നെ കടന്നു പോകട്ടെ എന്നുപ്രാർഥിച്ചു.” (മാർക്കോസ് 14:35)

നമസ്കാരത്തിൽ അറബിയിൽ ചൊല്ലുന്ന പ്രാർഥനകളുടെ അർഥമിതാണ്:

*അല്ലാഹു ഏറ്റവും വലിയവൻ ആകുന്നു.*

*പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.*

*സ്തുതി സർവലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.*

*പരമകാരുണികനും കരുണാനിധിയും.*

*പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ.*

*നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.*

*ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ; നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.*

*അല്ലാഹു ഏറ്റവും വലിയവൻ ആകുന്നു.*

*മഹത്വമേറിയവനായ ദൈവം പരിശുദ്ധനാകുന്നു.*

*അവനെ സ്തുതിക്കുന്നവനെ ദൈവം കേൾക്കുന്നു.*

*ദൈവമേ, സർവസ്തുതിയും അങ്ങേക്കു മാത്രം!*

*അല്ലാഹു ഏറ്റവും വലിയവൻ ആകുന്നു.*

*ഞങ്ങളുടെ നാഥനായ അല്ലാഹുവേ! അത്യുന്നതനായ നിന്നെ സ്തുതിക്കുന്നതോടൊപ്പം പരിശുദ്ധപ്പെടുത്തുന്നു.*

*അല്ലാഹു ഏറ്റവും വലിയവൻ ആകുന്നു.*

*അല്ലാഹുവേ, എന്നോടു നീ പൊറുക്കേണമേ. എന്നോടു കരുണ കാണിക്കുകയും എന്റെ ന്യൂനതകൾ പരിഹരിക്കുകയും, എന്നെ നേർവഴിയിലാക്കുകയും എന്നെ ഉയർത്തുകയും ചെയ്യേണമേ.*

*ഞങ്ങളുടെ നാഥനായ അല്ലാഹുവേ! അത്യുന്നതനായ നിന്നെ സ്തുതിക്കുന്നതോടൊപ്പം പരിശുദ്ധപ്പെടുത്തുന്നു.*

*അല്ലാഹു ഏറ്റവും വലിയവൻ ആകുന്നു.*

*എല്ലാ അഭിവാദ്യങ്ങളും അനുഗ്രഹങ്ങളും പ്രാർഥനകളും നന്മകളും അല്ലാഹുവിനാകുന്നു. മുഹമ്മദ് നബിയുടെ മേൽ രക്ഷ ഉണ്ടാവട്ടെ. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ഉണ്ടാവട്ടെ. ഞങ്ങൾക്കും സജ്ജനങ്ങളായ അല്ലാഹുവിന്റെ ദാസന്മാർക്കും സമാധാനമുണ്ടാവട്ടെ. അല്ലാഹുവല്ലാതെ ദൈവമില്ലെന്നും മുഹമ്മദ്ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.*

*അല്ലാഹുവേ, നീ മുഹമ്മദ് നബിക്കും കുടുംബത്തിനും അനുഗ്രഹം ചെയ്യേണമേ; ഇബ്രാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തു കൊടുത്തതു പോലെ. തീർച്ചയായും നീ സ്തുതിക്കപ്പെട്ടവനും മഹിമയേറിയവനുമാകുന്നു.*

*അല്ലാഹുവേ, ഞാൻ ആദ്യം ചെയ്തതും അവസാനം ചെയ്തതും രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതും അതിരുകവിഞ്ഞു ചെയ്തതും എന്നെക്കാൾ നിനക്കു കൂടുതൽ അറിയാവുന്നതുമായ പാപങ്ങൾ എനിക്കു പൊറുത്തു തരേണമേ. മുന്തിക്കുന്നവൻ നീയാണ്. പിന്തിക്കുന്നവനും നീ തന്നെ. നീയല്ലാതെ ദൈവമില്ല.*

*അല്ലാഹുവേ, നരകശിക്ഷയിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും ജീവിതമരണ പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.*

# 12

## എനിക്ക് വേണ്ടത് നിത്യജീവൻ...

അന്ത്യവിധിനാളിനെക്കുറിച്ച് ഖുർആൻ പറയുന്നു:

“വല്ലവനും ഒരു നൻമ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിൻ മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിൻമ കൊണ്ടുവന്നാൽ അതിന് തുല്യമായ പ്രതിഫലം മാത്രമേ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല.” (6:160)

“ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി ഒരു ഉപകാരവും ചെയ്യാൻ പറ്റാത്ത ഒരു ദിവസത്തെ നിങ്ങൾ സൂക്ഷിക്കുക. (അന്ന്) ഒരാളിൽ നിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല. ഒരാളിൽനിന്നും ഒരു പ്രായശ്ചിത്തവും മേടിക്കപ്പെടുകയുമില്ല. അവർക്ക് ഒരു സഹായവും ലഭിക്കുകയുമില്ല.” (ഖുർആൻ 2:48)

അന്ത്യവിധിനാളിൽ നിത്യജീവൻ പ്രാപിക്കുകയാണ് എന്റെ ഏറ്റവും വലിയ ലക്ഷ്യം. ഇസ്‌ലാം സ്വീകരിക്കുന്നത് വഴി മാത്രമേ ആ ലക്ഷ്യം നിറവേറുകയുള്ളൂ എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. അതുകൊണ്ട്, ഞാൻ ഇസ്‌ലാം സ്വീകരിക്കുകയാണ്.

“തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്.” (ഖുർആൻ 3:19)

നന്മയെന്ന് കരുതി ഇതുവരെ ചെയ്തുവന്ന പലതും തിന്മയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ വല്ലാത്ത ഞെട്ടലുണ്ടായി. എന്നാൽ പൂർവകാലജീവിതത്തിലെ പാപങ്ങൾ മുഴുവൻ ദൈവം പൊറുത്ത് തരുമെന്ന പാഠം ഇപ്പോൾ എനിക്ക് ആശ്വാസം നൽകുന്നു. പശ്ചാത്തപിക്കുന്നവനെ ഒരുപാടു സ്നേഹിക്കുന്ന ദൈവമാണ് നമ്മുടേത്. ഖുർആനിൽ ഞാൻ ഏറ്റവുമധികമായി ആവർത്തിച്ചുകണ്ട വചനമിതാണ് – "അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്."

"വേദക്കാർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവരിൽ നിന്ന് അവരുടെ തിൻമകൾ നാം മായ്ച്ചുകളയുകയും അനുഗ്രഹപൂർണമായ സ്വർഗത്തോപ്പുകളിൽ നാം അവരെ പ്രവേശിപ്പിക്കുകയും ചെയ്യുമായിരുന്നു." (ഖുർആൻ 5:65)

മുസ്‌ലിം ആകാനുള്ള തീരുമാനം വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും എന്ന് മുന്നറിയിപ്പ് നൽകി എന്നെ പിന്തിരിപ്പിക്കാൻ ആളുണ്ടായേക്കാം. അവരോട് എനിക്ക് പറയാനുള്ളത് ഇതാണ്: 'പ്രത്യാഘാതം' കൊണ്ട് നിങ്ങളുദ്ദേശിക്കുന്നത് ഇഹലോകജീവിതത്തിലെ സുഖസൗകര്യങ്ങൾ നഷ്ടപ്പെടുക എന്നതാണല്ലോ. അത് എനിക്ക് പ്രശ്നമല്ല. ശാശ്വതമായ പരലോകജീവിതത്തിലെ സ്വർഗം നഷ്ടപ്പെടുത്തി ഇഹലോകം ആസ്വദിക്കാൻ എനിക്ക് കഴിയില്ല. നരകത്തീയിന്റെ യാതനയോളം വരുമോ നിങ്ങളീ പറയുന്ന ഭൗതികമായ കഷ്ടനഷ്ടങ്ങളും പ്രയാസങ്ങളും?!

അന്ത്യനാളിനെപ്പറ്റി അറിയിക്കാൻ കാഹളം ഊതാൻ ചുമതലയുള്ള മലക്ക് അത് വായിൽ പിടിച്ച് നെറ്റി ചുളിച്ച് ചെവികൂർപിച്ച് ഊതാനുള്ള കൽപന പ്രതീക്ഷിച്ചു നിൽക്കുകയാണ്; പിന്നെ എനിക്കെങ്ങനെയാണ് സുഖലോലുപനായി ജീവിക്കാൻ കഴിയുക എന്ന് മുഹമ്മദ് നബി ﷺ പറഞ്ഞു. നമ്മൾ ഓരോരുത്തരും ഈ ചിന്തയോടെയല്ലേ ഓരോ നിമിഷവും കഴിക്കേണ്ടത്!

മമ്മീ, കുത്തുവാക്കുകളും കുറ്റപ്പെടുത്തലുകളും ഭയന്ന് ബോധ്യപ്പെട്ട സത്യങ്ങൾ മറച്ചുവെക്കുന്നത് ശരിയല്ല എന്ന് എന്റെ മനസ്സാക്ഷി പറയുന്നു. മമ്മിയുടെ അഭിപ്രായമെന്താണ്? സത്യവിശ്വാസത്തെ ആശ്ലേഷിക്കുന്നവർക്ക് സത്യനിഷേധികളുടെ ആക്ഷേപങ്ങൾ നേരിടേണ്ടിവരുമെന്നും അപ്പോൾ പതറിപ്പോകരുതെന്നും ഉള്ള മുന്നറിയിപ്പുകൾ ഖുർആനിൽ തന്നെയുണ്ട്. ആ മുന്നറിയിപ്പുകൾ

ഇപ്പോൾ എനിക്ക് വഴി കാണിക്കുന്നു.

"സത്യനിഷേധികൾക്ക് ഐഹികജീവിതം അലംകൃതമായി തോന്നിയിരിക്കുന്നു. സത്യവിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മത പാലിച്ചവരായിരിക്കും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരെക്കാൾ ഉന്നതൻമാർ. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ തന്നെ കൊടുക്കുന്നതാണ്." (ഖുർആൻ 2:212)

"തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടി വരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു." (ഖുർആൻ 3:186)

"നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്.) എന്നാൽ (അവരുടെ കാര്യത്തിൽ) അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ." (ഖുർആൻ 2:109)

"യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തി വരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നത് വരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നുകിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽ നിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല." (ഖുർആൻ 2:120)

ഞാൻ ആരെയാണ് ഭയപ്പെടേണ്ടത്? നരക ശിക്ഷയിൽ നിന്ന് എന്നെ രക്ഷിക്കാൻ കഴിവുള്ളവനെ തന്നെയല്ലേ? മറ്റെന്തിനേക്കാളുമേറെ ദൈവത്തെ സ്നേഹിക്കാൻ പഠിപ്പിച്ചത് എന്റെ വീട് തന്നെയല്ലേ? ഇതൊക്കെ അറിഞ്ഞിട്ടും കഴിഞ്ഞുപോയത് പോലെ തന്നെയുള്ള ഒരു ജീവിതം നയിക്കാൻ എനിക്കാവുമോ? ഞാനെന്താണ്

ചെയ്യേണ്ടിയിരുന്നത്? സത്യം മനസ്സിലാക്കിയാലും മനസ്സിനു സ്വയം മൂടിയിടണമായിരുന്നോ?

ഇഹലോകത്തിലും പരലോകത്തിലും ഉള്ള വിജയമല്ലേ ഒരു മനുഷ്യന്റെ ജീവിതവിജയം? ഇഹലോക സൗഭാഗ്യങ്ങൾ മാത്രം മതിയോ നമുക്ക്? മുട്ടുന്യായങ്ങൾ പറഞ്ഞ് അസത്യത്തിന്റെ മാർഗത്തിൽ ഉറച്ചു നിൽക്കുന്നത് ആർക്കെങ്കിലും നന്മ ചെയ്യുമോ? സത്യനിഷേധികളുടെ സ്വഭാവത്തെക്കുറിച്ച് ഖുർആൻ പറഞ്ഞത് എത്ര ശരി!

“അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻപറ്റുകയാണോ?)” (ഖുർആൻ 2:170)

“അദ്ദേഹം (താക്കീതുകാരൻ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗത്തിൽ കണ്ടെത്തിയോ, അതിനെക്കാളും നല്ല മാർഗം കാണിച്ചുതരുന്ന ഒരു സന്ദേശവും കൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് വന്നാലും (നിങ്ങൾ പിതാക്കളെത്തന്നെ അനുകരിക്കുകയോ?) അവർ പറഞ്ഞു; നിങ്ങൾ ഏതൊരു സന്ദേശവും കൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ തീർച്ചയായും ഞങ്ങൾ വിശ്വാസമില്ലാത്തവരാകുന്നു.” (ഖുർആൻ 43:24)

ദൈവത്തിന്റെ മാർഗത്തിൽ പോകുന്നതിനെ വിമർശിക്കാൻ ഒരുപാടു പേരുണ്ടാകും. സത്യവിശ്വാസം സ്വീകരിച്ച ഒരോ മനുഷ്യനും ഉണ്ടാകാവുന്ന അനുഭവങ്ങൾ പോലും ഖുർആൻ വ്യക്തമാക്കുന്നു. എന്നാൽ സർവശക്തനിൽ ആശ്രയിക്കുന്നവർക്കു ഒന്നിലും ആശങ്കയുണ്ടാവില്ല.

സത്യം അറിഞ്ഞിട്ടും ദൈവവചനം പറയുന്നത് എന്താണെന്ന് അറിഞ്ഞശേഷവും അതിനോട് വിമുഖത കാണിക്കാൻ എന്തു ന്യായമാണുള്ളത്? സമൂഹം, അഭിമാനം.. ഇതൊക്കെ കാരണമായേക്കാം. എന്നാൽ ഇത് എവിടെയാണ് പ്രയോജനപ്പെടുന്നത്? അന്ത്യവിധി ദിനത്തിൽ, ഏകദൈവത്തെക്കൂടാതെ മറ്റുള്ളവരെയും ആശ്രയിക്കുകയും ഭൂമിയിൽ അഭിമാനികളായി ജീവിക്കുകയും ചെയ്തവർക്ക് ശിക്ഷയിൽ എന്തെങ്കിലും ഇളവുണ്ടോ?

“അല്ലാഹുവെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ച് നിർത്തുന്നു. അവർക്ക് നരകം തന്നെ മതി. അത് എത്ര മോശമായ മെത്ത!” (ഖുർആൻ 2:206)

ഇതിനേക്കാളും വ്യക്തമായി പറയുന്നതെങ്ങനെ? ഇനിയും എന്തു തെളിവ് കിട്ടുന്നതു വരെയാണ് നമ്മൾ കാത്തിരിക്കേണ്ടത്?

“തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!” (ഖുർആൻ 4:115)

യേശുവിനെ അറിഞ്ഞ് അനുഭവിച്ച ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്ന കടമയാണ് യേശുവിന് സാക്ഷിയാകണം, ലോകം മുഴുവൻ അത് പ്രഘോഷിക്കണം എന്നുള്ളത്. അല്ല, മാമോദീസ സ്വീകരിച്ച് ക്രിസ്ത്യാനിയായ ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണത്. അങ്ങനെയെങ്കിൽ സത്യദൈവത്തെ തിരിച്ചറിഞ്ഞ എനിക്കും ആ കടമയില്ലേ? എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യമാണ് ഇന്നു ഞാൻ അനുഭവിക്കുന്നത്. മറ്റുള്ളവരെ സ്നേഹിക്കുന്ന ഒരാൾ തനിക്കു ലഭിച്ച ഭാഗ്യം അവരുടെ മുമ്പിൽ മറച്ചുവക്കുമോ അതോ അവർക്കും പങ്കുവെക്കുമോ? ഞാൻ സ്നേഹിക്കുന്ന എല്ലാവരും ഇതറിയണം. കാരണം ഇത് അത്രമാത്രം വലിയ സന്തോഷവാർത്തയാണ്. ഒരാൾ പോലും ഇതറിയാതെ പോകരുത്. കാരണം ആ അറിവില്ലായ്മയുടെ അന്ത്യം അത്രയും ഭയാനകമാണ്.

മതം മനുഷ്യനെ ദൈവത്തിലേക്കെത്തിക്കാനാണ്. ഏന്റെ ദൈവം എന്നെ അംഗീകരിക്കണമെങ്കിൽ എന്തിനാണ് മറ്റു മനുഷ്യർ? ഞാൻ എവിടെയാണെങ്കിലും എനിക്കതിനു സധിക്കും. ഫാദർ ഇല്ലെങ്കിൽ എന്റെ പാപം pending ലാണ്. കുമ്പസാരം വരെ ഞാൻ പാപിയാണ്. കുമ്പസരിച്ചു കഴിഞ്ഞാൽ മാത്രമേ എന്റെ പാപങ്ങൾ മോചിക്കപ്പെടൂ എന്ന ബോധം കാരണം അച്ചനോടു കുമ്പസാരിച്ചാൽ മാത്രമേ എനിക്കു മനസമാധാനം കിട്ടിയിരുന്നുള്ളു. ഇന്നെന്റെ അവസ്ഥ അതല്ല. ചെയ്ത ഒരു കാര്യം തെറ്റാണെന്ന ബോധം ഉണ്ടാകുമ്പോൾ തന്നെ അല്ലാഹുവിലേക്കു മടങ്ങുന്ന തന്റെ ദാസനെ അല്ലാഹു

ഒരുപാട് സ്നേഹിക്കുന്നു. അവനു പാപമോചനം നല്കുകയും ചെയ്യുന്നു. “അവിടുന്നു എല്ലവരെയും ഒന്നുപോലെ പരിഗണിക്കുന്നു” എന്നു ജ്ഞാനം 6:7 പറയുന്നു. എന്നിട്ടും മനുഷ്യരുടെ പാപം മോചിക്കപ്പെടണമെങ്കിൽ വേറെ ചില മനുഷ്യരുടെ സഹായം കൂടിയേ തീരൂ എന്നു പറയുന്നത് ന്യായമാണോ?

ഒരു ദിവസം ഒരാത്മാവിനെയെങ്കിലും യേശുവിനു വേണ്ടി നേടണം എന്നല്ലേ പണ്ടൊക്കെ ധ്യാനത്തിനു പോകുമ്പോ നമ്മളോട് പറയാറുള്ളത്. അന്നൊക്കെ യേശുവിനു വേണ്ടി ഞാൻ ചെയ്യുന്നു എന്നതായിരുന്നു മനസ്സിലെ ധാരണ. ഇന്നു ഞാൻ ഇതു പറയുന്നത് അതിനുവേണ്ടിയല്ല. ഇഹലോകത്തെ ജീവിതം ദൈവത്തിനിഷ്ടമാകും വിധം ആയില്ലെങ്കിൽ മരണാനന്തര ജീവിതത്തിൽ ഒരോ മനുഷ്യനും അനുഭവിക്കേണ്ടി വരുന്ന നരകശിക്ഷ ഓർത്ത് മാത്രം. ആ ശിക്ഷയെ നമ്മൾ ഭയക്കേണ്ടേ?

ഞാൻ ഉടലോടെ സ്വർഗത്തിൽ പോകും എന്ന വീരവാദമല്ല ഇത്. പക്ഷെ എന്റെ പാപങ്ങൾ എത്ര തന്നെ വലുതായിരുന്നാലും എത്ര തന്നെ കഠിനമായിരുന്നാലും ഏകദൈവത്തിലുള്ള എന്റെ വിശ്വാസം ഒന്നുകൊണ്ടുമാത്രമെങ്കിലും ഞാൻ പരലോകം പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി മാത്രമാണ് ഞാൻ ജീവിക്കുന്നതും. മരണാനന്തര ജീവിതത്തിന്റെ ദൈർഘ്യം നോക്കുമ്പോൾ ഇഹലോകവാസം വളരെ കുറച്ച് സമയം മാത്രമാണ്. നമ്മൾ ഏതു ലോകത്തെ ജീവിതമാണ് സുരക്ഷിതമാക്കേണ്ടത്? നശ്വരമായതിനു വേണ്ടി അനശ്വരമായതിനെ അവഗണിക്കണമോ?

“പറയുക: തീർച്ചയായും എന്റെ പ്രാർഥനയും, എന്റെ ആരാധനാകർമങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു.” (ഖുർആൻ 6:162)

എന്റെ മമ്മിയുടെ മകളായതു കൊണ്ടു മാത്രമാണ് എനിക്കിന്ന് ഇങ്ങനെ ആകാൻ സാധിച്ചത്. എന്റെ മനസ്സിൽ ദൈവത്തെ കുറിച്ചുള്ള ചിന്തകൾ നിറയാനും ദൈവത്തെ തേടാനും എനിക്കെന്നും പ്രോത്സാഹനമായിരുന്ന എന്റെ കുടുംബമാണ് എനിക്കു ലഭിച്ച ഏറ്റവും വലിയ ഭാഗ്യം. ഒരു ക്രിസ്ത്യാനിയായി ജനിക്കാൻ കഴിഞ്ഞതുകൊണ്ടു മാത്രമാണ് ദൈവത്തെകുറിച്ച് കുറച്ചെങ്കിലും അറിയാൻ കഴിഞ്ഞത്.

അച്ചന്മാരും, ബിഷപ്പും, പോപ്പും, വിശുദ്ധന്മാരും അവരുടെ സംഭാവനകളായ പല തരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നേർച്ചകളും കാഴ്ചകളും എല്ലാം അടങ്ങുന്ന ഒരു വലിയ വട്ടത്തിന്റെ ഇപ്പുറത്ത് ഞാനും അപ്പുറത്ത് ദൈവവും എന്നൊരു അവസ്ഥയായിരുന്നു എന്റേത്. ആ വട്ടത്തിനുള്ളിലെ ഒരോന്നുമാണ് ദൈവത്തിലേക്കുള്ള എന്റെ ദൂരം നിശ്ചയിക്കുന്നത്. ഇന്ന് ആ ദൂരമെല്ലാം പോയി. എനിക്കു പാപമോചനം തേടണമെങ്കിലോ അവിടുത്തെ ആരാധിക്കണമെങ്കിലോ ഒരു വൈദികനും വേണ്ട, ഒരു സ്വരൂപവും വേണ്ട. കാരണം അല്ലാഹു പറയുന്നു, “നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനും ആകുന്നു.”

ഞാനിന്നനുഭവിക്കുന്ന ആനന്ദം എല്ലാവരും അറിയണം. അത് വിശദീകരിക്കാൻ എനിക്കറിയില്ല. വാക്കുകൾ കൊണ്ടു പൂർണമാക്കാൻ കഴിയുന്നതല്ല. അത് അനുഭവിച്ചാലേ അറിയൂ. ഇനിയും ഒരുപാട് പറയണം എന്നുണ്ട്. പക്ഷെ എനിക്ക് കഴിയുന്നില്ല.

ഇസ്‌ലാമിനെപ്പറ്റിയോ ഏകദൈവത്തെപ്പറ്റിയോ ഒരാൾ പോലും എനിക്കു പറഞ്ഞു തന്നിട്ടല്ല ഞാൻ അറിഞ്ഞത്. എന്നെ ദൈവം തിരഞ്ഞെടുതതാണ് എന്നാണെനിക്കു തോന്നുന്നത്. എന്നെ പഠിപ്പിക്കുകയായിരുന്നു. ഓരോരോന്നോരോന്നായി. ഞാൻ എന്താണെന്നും ഞാൻ എന്താകേണ്ടതാണെന്നും. അതിനു വേണ്ട സാഹചര്യങ്ങളും അവൻ തന്നെ ഒരുക്കി. ഞാൻ ഒരിക്കലും പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിൽ എന്നെ എത്തിച്ചു. ഞാൻ അറിയേണ്ടവയൊക്കെയും എന്നെ പഠിപ്പിച്ചു.എല്ലാം കണ്ടും മനസ്സിലാക്കിയും അനുഭവിച്ചും അറിഞ്ഞിട്ടും ഞാൻ എന്തു കാരണം കൊണ്ടാണ് മാറിനിൽക്കേണ്ടത്?

അറിഞ്ഞു തുടങ്ങിയപ്പോൾ തന്നെ എല്ലാരോടും വിളിച്ചു പറയാൻ ഒരുപാട് കൊതിച്ചിരുന്നു. പറയാൻ ശ്രമിച്ചിട്ടുമുണ്ട്. ഈ മാസം പറയാം. അടുത്ത മാസം പറയാം. അങ്ങനെ മാറ്റിവക്കാൻ തുടങ്ങിയിട്ടു മാസങ്ങളേറെയായി. പക്ഷെ ഞാൻ ഇതു പറയണം എന്നു ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഞാൻ എത്രയൊക്കെ എവിടെപോയി എങ്ങനെ ഒളിക്കാൻ ശ്രമിച്ചാലും അതു പുറത്തു വരിക തന്നെ ചെയ്യും.

ഞാൻ പറഞ്ഞതിൽ തെറ്റുണ്ടായിരുന്നോ? ഇപ്പോൾ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ എനിക്കു പറഞ്ഞു തരണം. അല്ലെങ്കിൽ സത്യം അറിഞ്ഞിട്ടും നിഷേധിച്ചു തള്ളുന്നവരുടെ കൂട്ടത്തിൽ നമ്മളാരും അകപ്പെടേണ്ട.

മരണ ശേഷം മനുഷ്യൻ ആദ്യം ചോദ്യം ചെയ്യപ്പെടുന്നത് അവന്റെ നമസ്കാരത്തെക്കുറിച്ചാണ്. അഞ്ചു നേരമുള്ള നമസ്കാരം എന്നെ ദൈവിക ചിന്തയിൽ സ്ഥിരമായി നിർത്താൻ സഹായിക്കുന്നു. അതു മുടക്കാൻഎനിക്കാവില്ല.നോമ്പനുഷ്ഠിക്കുന്നവനെ നരകത്തിൽ നിന്നും എഴുപത് വർഷത്തെ വഴിദൂരമകറ്റി നിർത്തും. അതു നഷ്ടപ്പെടുത്താൻ എനിക്കു കഴിയില്ല. ഓരോ കര്യവും ദൈവത്തിന്റെ നാമത്തിൽ (ബിസ്മി) തുടങ്ങുമ്പോൾ ദൈവം കൂടെയുണ്ടെന്നു ഞാൻ ബോധവതിയാകുന്നു. ഒരാളോട് സലാം (ശാലോം) പറയുമ്പോൾ ഞാൻ യേശുവിന്റെ വാക്കുകൾ അനുസരിക്കുന്നു. എന്നിലെ തന്നെ മോശം സ്വഭാവങ്ങളോട് യുദ്ധം ചെയ്യുന്നു. ഈ രീതിയിലാണ് എന്റെ ജീവിതം തുടരേണ്ടത് എന്ന് ഞാൻ മനസ്സിലാക്കുന്നു. പലരും ക്രിസ്ത്യാനി എന്ന നാമം മാത്രം ധരിക്കുമ്പോൾ എനിക്ക് കുറച്ചെങ്കിലും ക്രിസ്തുവിന്റെ അനുയായി ആയി ജീവിക്കാൻ കഴിയുന്നുണ്ട്. കാരണം ഇസ്ലാം എന്നെ പഠിപ്പിച്ചതും അതുമാത്രമാണ്. അത് വെറുമൊരു മതം മാത്രമല്ല, ഒരു ജീവിതരീതി കൂടിയാണ്. ഒരു ജീവിതം തന്നെയാണ്.

എന്റെ മനസ്സിലെ ദൈവം എന്തെന്നോ എങ്ങനെയെന്നോ വിശദീകരിക്കാൻ എനിക്കാവില്ല. അറിയില്ല എന്നതുകൊണ്ടല്ല. തുടങ്ങാം എന്നാൽ അവസാനിക്കില്ല. ആ വിധം ആനന്ദമാണ് ദൈവത്തെ കുറിച്ചുള്ള അറിവ്. ഒരു കടലാസിലോ ഒരു ഫ്രെയിമിലോ ഒതുക്കിനിർത്താൻ കഴിയുന്നതല്ല എന്റെ ദൈവം. ഒന്നോർക്കാൻ ശ്രമിക്കുമ്പോൾ ഊഹിക്കാൻ പോലും കഴിയാതെ കണ്ണ് നിറയും. അതാണ് എനിക്കെന്റെ ദൈവം. ആ ദൈവത്തെ കാണണം എനിക്ക്. അതാണ് എന്റെ ജീവിത ലക്ഷ്യം. സ്വർഗത്തിന്റെ വില മനുഷ്യന് നിർണയിക്കാൻ പറ്റുന്നതല്ല. ഈ ലോകത്തിലെ എന്റെ പ്രവൃത്തികൾ മാത്രമാണ് എന്റെ സമ്പാദ്യമായി മരണശേഷം ഉണ്ടാവുക! അതിന്റെ അളവായിരിക്കും എന്റേത് സ്വർഗമാണോ നരകമാണോ എന്ന് നിശ്ചയിക്കുക. കുറച്ച് സമയം നൽകപ്പെട്ടാൽ അത് എത്രത്തോളം ഫലപ്രദമായി ദൈവത്തിന് ഇഷ്ടമാകുന്ന വിധത്തിൽ ഉപയോഗിക്കും എന്നറിയാനാണ് ഓരോ മനുഷ്യനും ഭൂമിയിൽ അയക്കപ്പെട്ടിരിക്കുന്നത് എന്നാണെനിക്കു തോന്നുന്നത്. അറിയാത്ത കാലങ്ങളിൽ എന്റെ വിലപ്പെട്ട സമയം ഞാൻ നഷ്ടപ്പെടുത്തിയെങ്കിൽ ഇനിയെങ്കിലും അതു കഴിയുന്നതും നല്ലരീതിയിൽ ഉ പയോഗിക്കണം എന്നു ഞാൻ തിരിച്ചറിയുന്നു. എങ്കിൽ മാത്രമേ അവി

ടുത്തെ പ്രഭയുടെ ഒരു കിരണമെങ്കിലും കാണാൻ എനിക്ക് സാധിക്കുകയുള്ളു. അതിനല്ലെങ്കിൽ പിന്നെ എന്തിനാണ് ഞാൻ ജീവിക്കുന്നത്! “നിങ്ങൾ നന്ദി കാണിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങളെ ശിക്ഷിച്ചിട്ട് അല്ലാഹുവിന് എന്ത് കിട്ടാനാണ്? അല്ലാഹു കൃതജ്ഞനും സർവജ്ഞനുമാകുന്നു.” (ഖുർആൻ 4:147)

“ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.” (ഖുർആൻ 3:8)